ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2022 ജൂൺ 9 | ദീപം 55 | നാളം 14 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# അതിഥിത്തൊഴിലാളികൾ അരങ്ങുവാഴുമ്പോൾ

## അടിയൊഴുക്കുകളും ആശങ്കകളും



അഡ്വ. വി. സി. സെബാസ്റ്റ്യൻ

**കേ**രളത്തിന്റെ സാമൂഹികവ്യവസ്ഥിതിയിലും സാമ്പത്തിക സാമുദായിക സാംസ്കാരിക മേഖലകളിലും സ്വാധീനം ചെലുത്തിക്കൊണ്ട് കുടിയേറ്റത്തൊഴിലാളികളുടെ സാന്നിധ്യം കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2021 ൽ സംസ്ഥാന ആസൂത്രണബോർഡ് പുറത്തിറക്കിയ 'അതിഥിത്തൊഴിലാളികൾ ഉൾപ്പെടുന്ന അസംഘടിതമേഖലയും നഗരവത്കരണവു'മെന്ന പഠനറിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്ന കണ്ടെത്തലുകൾ കൂടുതൽ ചർച്ചയ്ക്കും ചിന്തയ്ക്കും വിഷയീഭവിക്കേണ്ടതാണ്. അതിഥിത്തൊഴിലാളികളിലൂടെ രൂപപ്പെടുന്ന സാമൂഹികമാറ്റങ്ങളോടൊപ്പം ഇവരുടെ ജനസംഖ്യാവർദ്ധനയും മതരാഷ്ട്രീയ സമവാക്യങ്ങളിൽ കാലക്രമേണ രൂപപ്പെടാൻ സാധ്യതയുള്ള വെല്ലുവിളികളും കേരളത്തിലെ നിലവിലുള്ള ജനജീവിതത്തെ സാരമായി ബാധിക്കാനുള്ള സാധ്യതകൾ തള്ളിക്കളയരുത്. ഉന്നതവിദ്യാഭ്യാസത്തിനും ഉയർന്ന തൊഴിൽസാധ്യതകൾക്കുമായി കേരളത്തിന്റെ യുവതലമുറ ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ചേക്കേറുമ്പോൾ കേരളത്തിലേക്കു തൊഴിൽ തേടിയെത്തുന്ന അവിദഗ്ധത്തൊഴിലാളികൾ സൃഷ്ടിക്കുന്ന ജനസംഖ്യാപ്പെരുപ്പവുമായി ഇതിനെ തുലനം ചെയ്യാനാവുമോ? സംഘടിതശക്തിയായി കേരളത്തിൽ ഇക്കൂട്ടരെ രൂപപ്പെടുത്താൻ ശ്രമിക്കുന്ന തീവ്രവാദപ്രസ്ഥാനങ്ങളുടെ അണിയറപ്രവർത്തനങ്ങൾ അന്വേഷണവിധേയമാക്കി നിയന്ത്രിച്ചില്ലെങ്കിൽ പോലീസ്സംവിധാനങ്ങൾപോലും ഭാവിയിൽ ചോദ്യം ചെയ്യപ്പെടുമെന്ന് ആനുകാലികസംഭവങ്ങൾ പലതും സൂചന നൽകുന്നു.

### ഉറവിടവും വേതനവും

ബംഗാൾ, ബീഹാർ, ഒറീസ, ഉത്തർപ്രദേശ്, ആസാം തുടങ്ങിയവ കൂടാതെ ഇന്ത്യയിലെ ഇതര വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്നുവരെ തൊഴിൽതേടി കേരളത്തിലെത്തുന്നവരാണ് പ്രധാന കുടിയേറ്റക്കാർ. മേല്പറഞ്ഞ സംസ്ഥാനങ്ങളിൽ തൊഴിലവസരങ്ങൾ കുറവെന്നു മാത്രമല്ല, വേതനവും കുറവ്. മികച്ച ശമ്പളവും സാമൂഹികാന്തരീക്ഷവും ഇക്കൂട്ടരെ കേരളത്തിലേക്ക് ആകർഷിക്കുന്നു. ഒരു കാലത്ത് കേരളത്തിലെ യുവത്വം ഗൾഫ് രാജ്യങ്ങൾ സ്വപ്നം കണ്ടു നടത്തിയ പ്രയാണത്തിന്റെ മറ്റൊരു വകഭേദം കേരളമാകുന്ന ഗൾഫ് സ്വപ്നം കണ്ട് ഇതരസംസ്ഥാനത്തൊഴിലാളികൾ നടത്തുന്നുവെന്നു പറയാം.

2018 ഡിസംബറിലെ കണക്കുപ്രകാരം ഇന്ത്യയിലെ കാർഷിക ഗ്രാമീണമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു ലഭിക്കുന്ന ദിവസക്കൂലിയുടെ ശരാശരി 321 രൂപയാണ്. ഗുജറാത്തിൽ 265 രൂപ. ത്രിപുര 270 രൂപ, ബംഗാൾ 329 രൂപ, ഉത്തർപ്രദേശ് 247 രൂപ, ഒറീസ്സ 239 രൂപ. കേരളത്തിലാകട്ടെ 767 രൂപയും. അതിഥികളുടെ സ്വന്തം നാട്ടിൽ ലഭിക്കുന്നതിനെക്കാൾ മൂന്നിരട്ടി. നിർമാണമേഖലയിലും സമാനമായ വേതനവ്യത്യാസമുണ്ട്. മേല്പറഞ്ഞ സംസ്ഥാനങ്ങളിൽ 300 രൂപ മാത്രം ദിവസക്കൂലിയായി നിർമാണമേഖലയിൽ ലഭിക്കുമ്പോൾ കേരളത്തിലത് 800-1000 രൂപവരെയും അതിനുമുകളിലും. ഈ സാമ്പത്തികനേട്ടമാണ് ഇതരസംസ്ഥാനക്കാരെ കേരളത്തിലേക്ക് ആകർഷിക്കുന്നത്.



### ജനസംഖ്യ: സർക്കാർ കണക്കുകൾ

കേരള സംസ്ഥാന ആസൂത്രണബോർഡിന്റെ ഇവാലുവേഷൻ വിഭാഗം നടത്തിയ സർവേകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെത്തിച്ചേരുന്ന കുടിയേറ്റത്തൊഴിലാളികളുടെ കണക്കുകൾ 2021 ൽ പുറത്തുവിട്ടു. നിലവിലുള്ള ജനസംഖ്യാവർദ്ധനനിരക്കനുസരിച്ച് 2030 ൽ കേരളത്തിലെ ജനസംഖ്യ 3.60 കോടിയിലെത്താം. 2017-18 ൽ 31.4 ലക്ഷം ഉണ്ടായിരുന്ന അതിഥിത്തൊഴിലാളികൾ കേരളത്തിൽ 2030 നോടെ 59.7 ലക്ഷമായി കുതിക്കുമെന്നാണ് ആസൂത്രണബോർഡ് നൽകുന്ന മുന്നറിയിപ്പ്, കേരളജനസംഖ്യയുടെ ആറിലൊന്ന് അന്യസംസ്ഥാനത്തൊഴിലാളികളാണ്. അതായത്, ആകെ ജനസംഖ്യയുടെ 16.6 ശതമാനം. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങളിൽ ഈ മാറ്റം ഏറെ സ്വാധീനം ചെലുത്തുന്ന നിർണായകഘടകമാകും.

കേരളത്തിൽ കുടുംബമായിത്താമസിക്കുന്ന അതിഥിത്തൊഴിലാളികൾ 10.3 ലക്ഷമാണ്. വരുന്ന മൂന്നുവർഷംകൊണ്ടിത് 13.2 ലക്ഷമായും എട്ടു വർഷംകൊണ്ട് 15.2 ലക്ഷമായും ഉയരും. കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽനിന്നു മൂന്നു രീതിയിലുള്ള കുടിയേറ്റമാണുള്ളത്. വിവിധ കമ്പനികൾ നേരിട്ട് അവരുടെ പ്രവർത്തനങ്ങൾക്കായി കൊണ്ടുവരുന്നവർ. വിവിധ കോൺട്രാക്ടർമാരുടെയും ഇടനിലക്കാരുടെയും സഹായത്താൽ എത്തുന്നവർ, ആരുടെയും സഹായമില്ലാതെ കൂട്ടമായെത്തി സ്വതന്ത്രരായി പ്രവർത്തിക്കുന്നവർ. ഇവരുടെ പ്രായമാകട്ടെ പതിനാറിനും മുപ്പത്തഞ്ചിനുമിടയ്ക്ക്. സ്കൂളിൽ പോകാത്തവരും പ്രാഥമികവിദ്യാഭ്യാസം നേടിയവരും ഉൾപ്പെടുന്നു. ഹ്രസ്വകാല കുടിയേറ്റക്കാരുടെ എണ്ണം 2017-18 വർഷത്തിൽ 21.1 ലക്ഷമെങ്കിൽ 2025 ഓടെ 34.4 ലക്ഷവും 2030 നോടുകൂടി 44 ലക്ഷമായും ഉയരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

### അയൽരാജ്യങ്ങളിലെ അനധികൃതരോ?

ഇതരസംസ്ഥാനങ്ങളിൽനിന്നുള്ളവർ മാത്രമല്ല അതിർത്തി പങ്കിടുന്ന ബംഗ്ലാദേശ്, മ്യാൻമർ എന്നീ അയൽരാജ്യങ്ങളിൽനിന്നുള്ളവരും ബംഗാൾ, ആസാം കൂടാതെ മറ്റു വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലൂടെയും കേരളത്തിലെത്തിയിട്ടുണ്ടെന്ന് ആരോപണമുയർന്നിരിക്കുന്നതു പലരും കേട്ടില്ലെന്നു നടിക്കുന്നു. ഇവരുടെ പൗരത്വരേഖയുടെ നിജസ്ഥിതിയും സംശയത്തോടെ കാണേണ്ടിയിരിക്കുന്നു.

▶ 8

# മദ്യപാനാഘോഷങ്ങളുടെ വെള്ളിത്തിരക്കാഴ്ചകൾ




■ വീയെൻ

അച്ഛനോടെനിക്ക് രണ്ടു സത്യങ്ങൾ പറയാനുണ്ട്.

കൗമാരക്കാരിയായ മകൾ, സംഗീതജ്ഞനായ തന്റെ അച്ഛനെ ഫോൺ വിളിച്ചുപറയുന്നതാണ് ഇക്കാര്യം.

ഈ സത്യം കേൾക്കുമ്പോൾ അച്ഛൻ ഞെട്ടും.

ഞെട്ടണോ വേണ്ടയോ എന്നു ഞാനല്ലേ തീരുമാനിക്കുന്നത്. നീ കാര്യം പറയെന്ന് അച്ഛൻ.

അച്ഛൻ ദേഷ്യപ്പെടും, ഞെട്ടും എന്നെല്ലാം വിചാരിച്ചു മകൾ പറയുന്നു, അച്ഛാ, ഞാനിന്നു ബിയറടിച്ചു.

അച്ഛന്റെ ദേഷ്യവും ശകാരവും പ്രതീക്ഷിച്ചു കാതോർക്കുന്ന മകളുടെ കാതുകളിലെത്തിയത് ഉത്സാഹവും ആകാംക്ഷയും നിറഞ്ഞ അച്ഛന്റെ ചോദ്യമാണ്: എങ്ങനെയുണ്ട് ടേസ്റ്റ്? അടിപൊളിയല്ലേ?

ഇപ്പോൾ ഞെട്ടിയതു മകളാണ്. അപ്പോ ഞാൻ കുടിച്ചത് അച്ഛനു പ്രശ്നമല്ല?

ഓ, നമുക്കു കുടിക്കാനല്ലേടീ സർക്കാർ മുഴുവൻ കള്ളുണ്ടാക്കി വില്ക്കുന്നെ?

മകളുടെ പ്രവൃത്തിയെ സാധൂകരിച്ചും നിസ്സാരവത്കരിച്ചുമുള്ള അച്ഛന്റെ മറുപടി അതാണ്.

അടുത്തയിടെ റീലിസായ അവിയൽ എന്ന സിനിമ തുടങ്ങുന്നത് ഇങ്ങനെയാണ്. ജോജുവും അനശ്വരയുമാണ് ഈ അച്ഛൻ – മകൾ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.

ഇതിൽനിന്നു വ്യത്യസ്തമായ ഒരു രംഗമുണ്ട് ജൂൺ എന്ന സിനിമയിൽ. അവിടെയും അച്ഛനായി അഭിനയിക്കുന്നത് ജോജു തന്നെ. ജോജുവും മകൾ ജൂണും(രജീഷ) കൂടി ബിയറടിക്കുന്നതാണു രംഗം. ബിയറടിച്ചു തലയ്ക്കു മത്തുപിടിക്കുമ്പോൾ അവിടെയും മകൾ ചില വെളിപ്പെടുത്തലുകൾ നടത്തുന്നുണ്ട്. പക്ഷേ, മകൾ ബിയർ കുടിക്കുന്നതിനെ മഹാപരാധമായിട്ടൊന്നും ഈ അച്ഛൻ കാണുന്നില്ല.

ജാൻ എ മൻ എന്ന സിനിമയിൽ ഒരു ബർത്ത്ഡേ പാർട്ടിക്കിടയിൽ നായകന്റെ സഹോദരിയും കാമുകിയും ബിയർ കുടിക്കുന്ന രംഗമുണ്ട്. സഹോദരി ബിയർ നുണയുമ്പോൾ ആദ്യം വഴക്കു പറയുന്നുണ്ടെങ്കിലും അവൾക്കു പ്രായപൂർത്തിയെത്തിയെന്നു ചോദിച്ചറിയുന്നതോടെ എങ്കിൽ സാരമില്ല എന്ന മട്ടിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട് നായകന്റെ കൂട്ടുകാരൻ.

പുതിയ കാലത്തെ സിനിമകൾക്കു തുടക്കം കുറിച്ചതെന്നു വാഴ്ത്തപ്പെടുന്ന സാൾട്ട് ആന്റ് പെപ്പർപോലെയുള്ള പല സിനിമകളിലും സ്ത്രീകളുടെ മദ്യപാനം ഉൾപ്പെടുത്തിയിട്ടുണ്ട്. മദ്യപിക്കുന്ന ഭർത്താവിനെ വേണ്ട എന്ന കാഴ്ചപ്പാടായിരുന്നു മുതിർന്ന തലമുറയിലെ പെൺകുട്ടികൾക്ക്. പക്ഷേ, ഭർത്താവ് രണ്ടു സ്മോൾ വീശിയാലും സാരമില്ല നഗരം നഗരം മഹാസാഗരം എന്നു പാടുമ്പോൾ നാവു കുഴയാതിരുന്നാൽ മതിയെന്നു വിചാരിക്കുന്നതിലേക്ക് നമ്മുടെ പെൺകുട്ടികൾ മാറിയിരിക്കുന്നു. ചോക്ലേറ്റ് എന്ന സിനിമയിലെ



നായികയുടേതാണ് ഇത്തരത്തിലുള്ള കാഴ്ചപ്പാട്.

സമൂഹത്തിന്റെ മൂല്യബോധങ്ങളിൽ വല്ലാത്ത മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. തെറ്റും ശരിയും തമ്മിലുള്ള വേർതിരിവുകൾ ഇല്ലാതായിരിക്കുന്നു. ഒരു കാലത്ത് ഗൗരവത്തോടെ കണ്ടിരുന്നതു പലതും ഇപ്പോൾ നിസ്സാരവത്കരിക്കപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള അയഞ്ഞതും നിസ്സാരവുമായ ഒരു ജീവിതസമീപനം രൂപപ്പെടുത്തിയെടുക്കുന്നതിൽ വർത്തമാനകാലസിനിമകൾ വഹിക്കുന്ന പങ്ക് കാണാതെ പോകരുത്. സിനിമകൾ ബോധപൂർവമോ അല്ലാതെയോ പുതിയ ചില സമീപനങ്ങൾ യുവതലമുറയ്ക്കും അതുവഴി കുടുംബങ്ങൾക്കും സമ്മാനിക്കുന്നുണ്ട്. അതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ് മദ്യപിക്കുന്ന സ്ത്രീകളെ സിനിമകളിൽ അവതരിപ്പിക്കുന്ന രീതി.

ഒരുകാലത്ത് പുരുഷസദസ്സുകളിൽ മാത്രം പരിമിതപ്പെട്ടിരുന്ന മദ്യപാനം ഇന്നു പെൺകുട്ടികൾക്കിടയിലേക്കും വ്യാപകമായിരിക്കുന്നു. ഇതൊന്നും അസാധാരണമോ അസാന്മാർഗികമോ അല്ലെന്ന പൊതുധാരണ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ സകുടുംബം കാണാൻ കൊള്ളാവുന്നതെന്നു കരുതപ്പെടുന്ന ചിത്രങ്ങൾപോലും ഉപയോഗിക്കപ്പെടുന്നു. എ സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്ന ഒരു ചിത്രത്തെക്കുറിച്ച് നമുക്ക് പൊതുധാരണയുണ്ട്. എന്നാൽ, യു സർട്ടിഫിക്കറ്റ് നല്കപ്പെട്ടിരിക്കുന്ന ചിത്രങ്ങളിലെ ഇത്തരം രംഗങ്ങൾ സമൂഹത്തിലും കുടുംബങ്ങളിലും ഉണ്ടാക്കിയെടുക്കുന്ന പ്രതിലോമകരമായ കാഴ്ചപ്പാട് എത്ര വലിയ ആഘാതമാണു വരുംതലമുറയിൽ രൂപപ്പെടുത്തിയെടുക്കുന്നത് എന്നതിനെക്കുറിച്ച് നമ്മളിൽ പലരും ബോധവാന്മാരായിട്ടില്ല.

ചില തെറ്റുകളെ, ശരികേടുകളെ സാമാന്യവത്കരിക്കുകയാണ് പുറമേയ്ക്കു ദോഷരഹിതമെന്നു തോന്നുന്ന വിധത്തിൽ ഇങ്ങനെയുള്ള ചിത്രീകരണങ്ങൾ. മലയാളത്തിൽ ഒരു വർഷം പുറത്തിറങ്ങുന്നത് നൂറു സിനികളാണെങ്കിൽ അതിൽ 90 ലും മദ്യപാനരംഗമുണ്ട്. നായകനോ വില്ലനോ ആരായാലും മദ്യം ഉപയോഗിക്കുന്നവരാണ്.

പുരുഷനാകാമെങ്കിൽ എന്തുകൊണ്ട് തങ്ങൾക്കും ആയിക്കൂടാ എന്നാണ് മദ്യപാനത്തെക്കുറിച്ചുള്ള ഇന്നത്തെ സ്ത്രീകളുടെ കാഴ്ചപ്പാട്. സ്ത്രീപുരുഷ തുല്യതയും സമത്വവും അവകാശവും സ്ത്രീകളോടു മദ്യപിക്കരുതെന്നു പറയാനുള്ള സ്വരത്തെപ്പോലും ഇല്ലാതാക്കുന്നുണ്ട്. മാത്രവുമല്ല, കള്ളു കുടിക്കുമ്പോൾ നല്ല കള്ള് കുടിക്കണം എന്നാണല്ലോ വരയൻ സിനിമയിലെ എബിയച്ചന്റെ പുതിയ കാലത്തെ സുവിശേഷവും!

മദ്യപാനത്തെത്തന്നെ വേറൊരു രീതിയിൽ മലയാളസിനിമ സമീപിക്കുന്നതും കാണാതെ പോകരുത്. മദ്യപിക്കുന്ന പുരുഷന്മാർ നായകന്മാരായി വരുന്ന, മദ്യപാനത്തിന്റെ ദോഷവശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന സിനിമകളുടെ പട്ടികയിൽ പെടുത്താവുന്നവയാണ് ജയസൂര്യയുടെ വെള്ളവും മോഹൻലാലിന്റെ സ്പിരിറ്റും പൃഥിരാജിന്റെ പാവാടയും. പക്ഷേ, പാവാടയിലെ പാമ്പുജോയിയുടെയും വെള്ളത്തിലെ നായകന്റെയും മദ്യപാനത്തിൽനിന്നു വ്യത്യസ്തമാണ് സ്പിരിറ്റിലെ മാധ്യമപ്രവർത്തകന്റേത്. അപ്പർക്ലാസ് – ലോ ക്ലാസ് വിഭജനമാണ് ഇവിടെ പ്രകടമാകുന്നത്. അതായത്, മാന്യമായ മദ്യപാനവും മാന്യമല്ലാത്ത മദ്യപാനവും എന്ന രീതിയിൽ.

മദ്യപിച്ചു വഴക്കുണ്ടാക്കി വഴിയിൽ വീണുകിടക്കുന്നത് മാന്യമല്ലാത്ത മദ്യപാനവും വിലകൂടിയ മദ്യം കഴിച്ച് സകുടുംബം സന്തോഷത്തോടെ, സ്റ്റാറ്റസോടെ ജീവിക്കുന്നത് മാന്യമായ മദ്യപാനവും. മദ്യപാനത്തിൽനിന്നുള്ള അതിജീവനകഥ പറയുന്നു എന്ന് അവകാശപ്പെടുന്ന വെള്ളത്തിൽപോലുമുണ്ട് ഈ ഇരട്ടത്താപ്പ്. നായകന്റെ മദ്യപാനരോഗം ചികിത്സിക്കുന്ന ഡോക്ടറാണ് അക്കാര്യം പറയുന്നത്. അമിതമായ മദ്യപാനത്തെയും നിയന്ത്രണവിധേയമാക്കാൻ കഴിയാത്ത മദ്യപാനത്തെയുമാണ് അദ്ദേഹം കുറ്റപ്പെടുത്തുന്നത്. നിത്യവൃത്തിക്കുവേണ്ടി കഷ്ടപ്പെട്ടു ജീവിക്കുന്നവൻ മദ്യപിക്കുമ്പോൾ അത് പരിഹാസ്യവും നായകൻ കുടിക്കുമ്പോൾ അത് വീരസ്യവുമായ വിധത്തിലാണ് സിനിമയിലെ ചിത്രീകരണങ്ങൾ. കള്ളുകുടിച്ചാൽ വയറ്റിൽ കിടന്നോളണം എന്നാണ് നായകനല്ലാത്ത കഥാപാത്രങ്ങളോട് മറ്റുള്ളവരുടെ താക്കീത്.

ഇങ്ങനെ, ഒരേ കാര്യത്തെത്തന്നെ വ്യത്യസ്തരീതിയിലാണു സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്. മോഹൻലാൽ നായകനായുള്ള ചില രഞ്ജിത് സിനിമകളിലെ മദ്യപാനരംഗങ്ങൾ ഓർമിക്കൂ. മദ്യത്തിൽ കരിക്കൊഴിച്ചു കുടിക്കുന്നതുമുതൽ നാലുകെട്ടിലെ കുളിക്കടവിലെ വെള്ളം ഉപയോഗിച്ചു കുടിക്കുന്നതുവരെയുള്ള രംഗങ്ങൾ അതിലെല്ലാം നമുക്കു കാണാം.

മദ്യപരായ പുരുഷന്മാരുടെ കഥ മലയാളസിനിമയിൽ ധാരാളമുണ്ടെങ്കിലും ഇത്തരത്തിൽ സ്വഭാവവൈചിത്ര്യമുള്ള നായികയുടെ കഥ ഇതുവരെ ഒന്നേ ജനപ്രിയമായിട്ടുള്ളൂ. ടൂ കൺട്രീസ് എന്ന സിനിമയായിരുന്നു അത്. മംമ്താ മോഹൻദാസ് അവതരിപ്പിച്ച നായികാകഥാപാത്രം മദ്യത്തിന്റെ അടിമയായിരുന്നു. ഇങ്ങനെ പറയുമ്പോൾ മറ്റൊരു കഥാപാത്രവും ഓർമയിൽ വരുന്നു. 1987 ൽ പുറത്തിറങ്ങിയ ഒരു മെയ്മാസപ്പുലരിയിൽ എന്ന സിനിമയിൽ ബാറിൽ ചെന്ന് മദ്യം വാങ്ങുന്ന നായികയെ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ, അവൾക്കല്ല അവളുടെ പപ്പയ്ക്കു വേണ്ടിയായിരുന്നു അതെന്നു മാത്രം. ക്രിസ്ത്യൻസ്ത്രീകളെല്ലാം രണ്ടെണ്ണം വീശുന്നവരാണെന്ന തെറ്റുധാരണ പരക്കെയുണ്ട്. അതിന് അടിവരയിടുന്നതായിരുന്നു മനസ്സിനക്കരെ എന്ന സിനിമയിൽ ത്രേസ്യാക്കൊച്ചിന്റെ കള്ളുകുടി. കട്ടപ്പനയിലെ ഹൃത്വിക് റോഷൻ എന്ന സിനിമയിലെ ഗാനരംഗത്തിലും അച്ചായത്തിമാരുടെ കള്ളുകുടി അവതരിപ്പിച്ചിട്ടുണ്ട്.

മദ്യപാനം ആരുടേതായാലും അതിനൊരു വ്യാഖ്യാനമേ പാടുള്ളൂ. സ്ത്രീയായാലും പുരുഷനായാലും മുതലാളിയായാലും തൊഴിലാളിയായാലും നായകനായാലും വില്ലനായാലും കൊമേഡിയനായാലും മദ്യപാനം മദ്യപാനംതന്നെ. അതു വേണോ വേണ്ടയോ എന്നും എങ്ങനെ ഉപയോഗിക്കണം എന്നുമുള്ള തീരുമാനം തികച്ചും വ്യക്തിപരമാകുമ്പോഴും മദ്യപാനം ആരോഗ്യവും സമ്പത്തും നശിപ്പിക്കുന്ന ഒന്നാണെന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. മദ്യത്തിനുവേണ്ടി കേരളം ചെലവാക്കുന്ന തുകയുടെ കണക്കുകൾ ക്രൈസ്തവരുടെ ഓരോ വിശേഷാവസരങ്ങളോട് അനുബന്ധിച്ചു പുറത്തുവരുന്നതും ഓർമിക്കുക.

സിനിമപോലെ സകലമാന ജനത്തെയും ഒറ്റയടിക്കു സ്വാധീനിക്കുന്ന മറ്റൊരു മാധ്യമവും ഇല്ല. തിയേറ്ററുകളെ വേണ്ടന്നു വച്ചാലും ടിവിയിലൂടെയും മൊബൈലിലൂടെയും സിനിമകൾ കൂടുതൽ സംലഭ്യമായിക്കൊണ്ടിരിക്കുന്ന കാലംകൂടിയാണിത്. മദ്യപാനരംഗങ്ങളിൽ, മദ്യപാനം ആരോഗ്യത്തിനു ഹാനികരമാണെന്ന് എഴുതിവച്ചതുകൊണ്ടു മാത്രം അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് സമൂഹവും പുതുതലമുറയും ബോധവാന്മാരാകുമെന്നു കരുതാൻ വയ്യ. കാരണം, അതിമനോഹരമായ ഫ്രെയിമുകളിലായിട്ടാണ് സിനിമകളിലെ ഒട്ടുമിക്ക മദ്യപാനരംഗങ്ങളും ചിത്രീകരിച്ചിരിക്കുന്നത്. കുടുംബസിനിമകളുടെ സംവിധായകർ എന്ന് അറിയപ്പെടുന്നവരുടെ സിനിമകളിൽപ്പോലും മദ്യപാനത്തെ ആദർശവത്കരിച്ചും സാമാന്യവത്കരിച്ചും രംഗങ്ങൾ കടന്നുവരുമ്പോൾ തെറ്റിനെ തെറ്റായിപോലും കാണാൻ കഴിയാത്തവിധത്തിലുള്ള പുതിയൊരു കാഴ്ചപ്പാട് നമുക്കിടയിൽ രൂപമെടുക്കുന്നുവെന്നു പറയാതെ വയ്യ. ■

# മക്കളെ തോളിലേറ്റുംമുമ്പ്



രാജേഷ് കെ. പുതുമന

"ചാച്ചാനെഹ്റുവിനൊരു നാളിൽ
റ്റാറ്റാ പറയാൻ പോയീ ഞാൻ
ഗാന്ധിത്തൊപ്പി ശിരസ്സിലണി
ഞ്ഞൊരു
ശാന്തൻ വന്നൂ എൻ മുന്നിൽ
ഭാരതദേശം കെട്ടിയുയർത്തിയ
ചാച്ചാജിക്കഭിവാദ്യങ്ങൾ...
ഭാരതശില്പി ചാച്ചാജി -
നവഭാരതശില്പി ചാച്ചാജി...

ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ ശിശുദിനറാലിയിൽ വിളിച്ചുകൊടുക്കാൻ അച്ഛൻ എഴുതിത്തന്ന മുദ്രാവാക്യമാണിത്. അമ്മ എന്നെ അതു കാണാതെ പഠിപ്പിച്ചു. അഞ്ചുവയസ്സുകാരനായ ഞാൻ ഉറക്കെ വിളിച്ചുകൊടുത്ത ഈ 'അക്ഷരക്കൂട്ടം' മറ്റു കുട്ടികൾ ഏറ്റുവിളിച്ചു. ആയിരങ്ങൾ അതേറ്റുപാടി - എല്ലായിടത്തും ആഹ്ലാദം, എല്ലാവർക്കും സംതൃപ്തി! അതുകൊണ്ടുതന്നെ ഈ വരികൾ അൻപത്തിരണ്ടാം വയസ്സിലും ഒപ്പം നിൽക്കുന്നു, ശരികളുടെ കൃത്യതയാർന്ന താളബോധത്തോടെതന്നെ!

മത്സരവേദിയിൽ അവതരിപ്പിക്കാനായി അച്ഛനെഴുതിത്തന്ന കഥാപ്രസംഗത്തിൽ പാട്ടുരൂപേണ സദസ്സിലേക്കെത്തിക്കേണ്ടിയിരുന്ന നാലുവരി പിന്നീട് ഒരുപാടു സന്ദർഭങ്ങളിൽ മുദ്രാവാക്യമായി വിളിച്ചുകൊടുത്തു:

"ബുദ്ധൻ വന്നു
ഗാന്ധിജി വന്നു
കൃഷ്ണൻ - ക്രിസ്തുവുമതു പോലെ,
മർത്ത്യൻ കണ്ണു തുറന്നില്ലാ
സത്യം പലതുമറിഞ്ഞില്ലാ
മർത്ത്യൻ മർത്ത്യനെയൊന്നായ്
കാണും
ദിനമിനിയെന്നിങ്ങെത്തീടും!"

സന്ദർഭാനുസരണം ഒരച്ഛൻ മകനു പറഞ്ഞുകൊടുത്തതു നന്മയുടെ ചിത്രമായും മാനവികതയുടെ സംഗീതമായും ആ മകനിൽ നിറയുമ്പോൾ അയാൾ പൊതുസമൂഹത്തിന്റെ അംഗീകാരം ഏറ്റുവാങ്ങുന്നവനും സഹജീവികൾക്കാകെയും സ്വീകാര്യനുമായി മാറുന്നുവെന്നുള്ളതാണ് പരമാർത്ഥം. ശൈശവ-ബാല്യങ്ങളിലെ ഈ ശബ്ദാനുഭവത്തിന്റെ ഭാവവും ഭാരവും സമൂഹത്തിൽ പിന്നീടുണ്ടാക്കുന്ന സ്വാധീനം അളവറ്റതാണ്. അതുകൊണ്ടുതന്നെ ഒരച്ഛൻ അല്ലെങ്കിൽ അമ്മ ബാലശ്രോത്രങ്ങളിലേക്കു പകരുന്ന ശബ്ദവും പദവുമെല്ലാം എത്രയോ വിലപിടിച്ചതാണെന്ന് ഓരോ രക്ഷിതാവും തിരിച്ചറിയേണ്ടതുണ്ട്-അവ ആകസ്മികമായുണ്ടാകുന്നവയാണെങ്കിൽപ്പോലും!



സുഭദ്രയുടെ ഉദരത്തിൽ കിടന്നുകൊണ്ടുതന്നെ അഭിമന്യു പടക്കളത്തിലെ പദ്മവ്യൂഹം ഭേദിക്കാൻ പഠിച്ചുവെന്ന് മഹാഭാരതകഥ. അമ്മയുടെ വയറ്റിൽ കിടക്കുമ്പോഴേ കുഞ്ഞ് പ്രപഞ്ചമാഹാത്മ്യം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുവെന്ന് ആധുനികശാസ്ത്രവും സമർത്ഥിക്കുന്നു. നമ്മുടെ നാട്ടിലും ഗർഭകാലത്ത് സ്ത്രീകൾ പ്രാർത്ഥന ചൊല്ലിയും വേദപുസ്തകം വായിച്ചും വേദകഥകൾ കേട്ടും പഠിപ്പിച്ചും ഗർഭകാലം തികച്ചിരുന്നത് പലരുടെയും ഓർമയിലുണ്ടാവും. പക്ഷേ, ഇന്ന് ഗർഭധാരണം മുതലിങ്ങോട്ടു സർവഘട്ടങ്ങളിലും ജീവിതപരിസരങ്ങളിലെ അപസ്വരങ്ങൾ കേട്ടും മാതാവിനുണ്ടാകുന്ന ഭയവും ഞെട്ടലുമെല്ലാം അനുഭവിച്ചും പുറത്തേക്കു വരുന്ന പൈതൽ സ്വാഭാവികമായും 'മുടിയനായ പുത്രന്റെ' ശ്രേണിയിലേക്കു വളർന്നുവലുതാകുന്നതു സർവസാധാരണമായിരിക്കുന്നു!

'ന്യൂ ജനറേഷൻ' എന്നൊരു സാമാന്യവിളിപ്പേരു നൽകി ഒഴിഞ്ഞുമാറുകയെന്നതല്ല മുതിർന്നവരിവിടെ ചെയ്യേണ്ടത്. തലകുത്തി പുറത്തേക്കു വരുന്ന ഒരു കുഞ്ഞിനെ ധർമത്തിന്റെയും നീതിബോധത്തിന്റെയും ഉറച്ച കാലുകളിൽ ഉയർത്തി നിർത്തി വിശ്വമാനവനാക്കേണ്ട ചുമതല വീടും വിദ്യാലയങ്ങളും ഏറ്റെടുത്തേ മതിയാവൂ. വർഗീയതയുടെ വിഷദ്രാവകം 'ടോണിക്കാ'യി നൽകി പരിപോഷിപ്പിച്ചാൽ ജനശത്രുവായി അവൻ വളരും. മനസ്സു മാത്രമല്ല പഞ്ചേന്ദ്രിയങ്ങളും അവൻ ആയുധമാക്കും. നശീകരണത്തിന്റെ നരകങ്ങൾ സൃഷ്ടിച്ചവൻ എതിരാളികളെ ചുട്ടുകൊല്ലും. പാടില്ല - നല്ല വാക്കുകൾ ചൊല്ലിക്കൊടുത്തും നന്മയുടെ പാഠങ്ങൾ പറഞ്ഞുകൊടുത്തും നമുക്കു മക്കളെ വളർത്താം. അവർ സമൂഹത്തിന്റെ സന്താനങ്ങളായി വളർന്നുവരട്ടെ. യുക്തിയും വിചാരവും വിവേകവും അവരിൽ നിറയട്ടെ. തുടക്കം വീട്ടിൽനിന്നാകണം. മനുഷ്യസ്നേഹത്തിന്റെ മഹദ്വചനങ്ങൾ നമ്മുടെ മക്കൾ ഉദ്ഘോഷിക്കുമ്പോൾ നമുക്കവരെ തോളിലേറ്റാം. ലോകം മുഴുവൻ കൊണ്ടുപോകാം. ■

# ഇന്ത്യയിൽനിന്നു രണ്ടുപേർകൂടി കർദിനാൾ പദവിയിലേക്ക്

## ഗോവ ആൻഡ് ദാമൻ ആർച്ചുബിഷപ് ഫിലിപ് നേരി ഫെറാവോ, ഹൈദരാബാദ് ആർച്ചുബിഷപ് അന്തോണി പൂല എന്നിവർ കർദിനാൾമാരാകും



ആർച്ചുബിഷപ് ഫിലിപ് നേരി ഫെറാവോ



ആർച്ചുബിഷപ് അന്തോണി പൂല

വത്തിക്കാൻസിറ്റി: ഇന്ത്യയിൽനിന്നുള്ള രണ്ട് ആർച്ചുബിഷപ്പുമാർ ഉൾപ്പെടെ 21 പേരെ കർദിനാൾപദവിയിലേക്ക് ഉയർത്തുമെന്നു ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചു. ഗോവ ആൻഡ് ദാമൻ ആർച്ചുബിഷപ് ഫിലിപ്പ് നേരി ഫെറാവോ, ഹൈദരാബാദ് ആർച്ചുബിഷപ് അന്തോണി പൂല എന്നിവരാണ് ഇന്ത്യയിൽനിന്നു കർദിനാൾമാരാകുക. ഓഗസ്റ്റ് 27 നാണ് സ്ഥാനാരോഹണം. പുതിയ കർദിനാൾമാരിൽ 16 പേർ 80 ൽ താഴെ പ്രായമുള്ളവരാണ്.

കർദിനാൾ പദവി ലഭിക്കുന്ന ഡോ. ഫിലിപ് നേരി ഫെറാവോ(69) 1953 ജനുവരി 20 നു ഗോവയിലെ അൽഡോണയിലാണു ജനിച്ചത്. 2003 മാർച്ച് 21 ന് ഗോവ ആൻഡ് ദാമൻ ആർച്ചുബിഷപ്പായി അഭിഷിക്തനായി. ഹൈദരാബാദ് ആർച്ചുബിഷപ് ഡോ. അന്തോണി പൂല (61) 1961 നവംബർ 15 ന് ആന്ധ്രപ്രദേശിലെ കർണൂൽ ജില്ലയിലെ ചിന്ദ്കുർ ഗ്രാമത്തിൽ ജനിച്ചു. 1992 ൽ പൗരോഹിത്യം സ്വീകരിച്ച ഇദ്ദേഹം 2008 ൽ കർണൂൽ ബിഷപ്പായി. 2020 ൽ ഹൈദരാബാദ് ആർച്ചുബിഷപ്പായി സ്ഥാനമേറ്റു. കർദിനാൾ പദവി ലഭിക്കുന്ന ആദ്യ ഗോവക്കാരനാണ് ഡോ. ഫിലിപ് നേരി ഫെറാവോ. ഇതേ സ്ഥാനം ലഭിക്കുന്ന ആദ്യ തെലുങ്കുവംശജനാണു ഡോ. അന്തോണി പൂല.

രണ്ടുപേരെയുംകൂടി കർദിനാൾ പദവിയിലേക് ഉയർത്തുന്നതോടെ ഇന്ത്യയിൽനിന്നുള്ള കർദിനാൾമാരുടെ എണ്ണം ആറാകും. സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി, സീറോ മലങ്കര സഭാ മേജർ ആർച്ചുബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ബോംബെ ആർച്ചുബിഷപ് ഓസ്വാൾഡ് ഗ്രേഷ്യസ്, റാഞ്ചി മുൻ ആർച്ചുബിഷപ് ടെലസ്ഫോർ ടോപ്പോ എന്നിവരാണു നിലവിലുള്ള കർദിനാൾമാർ.

## വായന

### ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി

ഗ്രന്ഥകർത്താ : ഫാ. ജോസഫ് കുമ്പുക്കൻ & ജിത്ത് ജോർജ്
പ്രസാധനം : കെയ്റോസ് മീഡിയ, കൊച്ചി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200/-



എല്ലാം വിരൽത്തുമ്പിൽ സാധ്യമാകുന്ന ഈ കാലയളവിൽ നശ്വരമായ പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് ഒഴുക്കിനെതിരേ നീന്താൻ അജ്ന ജോർജ് എന്ന പെൺകുട്ടി കാണിച്ച ധീരതയെക്കുറിച്ചാണ് ഈ പുസ്തകം. നമ്മളിലൊരാളായി വിശുദ്ധജീവിതം നയിച്ച്, കാൻസർ ബാധിതയായി വളരെ പെട്ടെന്ന് ജീവിതത്തിൽനിന്നു കടന്നുപോയ അജ്ന ജോർജിന്റെ ജീവചരിത്രം നമ്മെ അതിശയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ദൈവത്തിലേക്കു കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു.

സാന്ത്വനം



സിസ്റ്റർ ഡോ. നിക്കോൾ
എസ്.വി.എം.

# സിസ്റ്ററേ, എനിക്കു രക്ഷപ്പെടാൻ കഴിയുമോ?

'സിസ്റ്റർ, എന്റെ മോൻ അച്ചുവിനെ എങ്ങനെയെങ്കിലും രക്ഷിക്കണം' എന്നു പറഞ്ഞാണ് തമ്പിസാർ മുറിയിലേക്കു വന്നത്. കാര്യം അന്വേഷിച്ചപ്പോൾ പറഞ്ഞത്, മോൻ ആത്മഹത്യയ്ക്കു ശ്രമിച്ചുവെന്നാണ്. മരണത്തിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു, എവിടെയെങ്കിലും കൗൺസലിങ്ങിനു കൊണ്ടുപൊയ്ക്കോ എന്നു പറഞ്ഞ് ഡോക്ടർ വിട്ടിരിക്കുകയാണത്രേ.

മോന് ഇങ്ങനെ തോന്നാൻ കാരണം എന്തായിരിക്കുമെന്ന് ഉയർന്ന ഒരു പോലീസ് ഉദ്യോഗസ്ഥനായ അദ്ദേഹത്തോടു ചോദിച്ചപ്പോൾ അറിയില്ല, അവൻ ഒന്നും പറയാറില്ല, ഒന്നു പഠിക്കുന്നില്ല. എന്നൊക്കെയാണ് ഉത്തരം പറഞ്ഞത്.

പ്രായത്തിൽ കവിഞ്ഞ വളർച്ചയുള്ള ഒരു മിടുക്കൻ. പക്ഷേ, അവന്റെ കണ്ണുകളിൽ പേടിയും നിരാശയും ദുഃഖവും നിറഞ്ഞുനിന്നിരുന്നു. സാറിനെ പുറത്തിരുത്തി മോനോടു സംസാരിക്കാൻ ശ്രമിച്ചു.

അപ്പൻ പുറത്തേക്കുപോയപ്പോൾ, മസിലുപിടിച്ചിരുന്ന അവന്റെ കണ്ണുകൾ നിറയാൻ തുടങ്ങുന്നത് ഞാൻ ശ്രദ്ധിച്ചു. വെറുതെ ഞാൻ ചോദിച്ചു: "മോനെന്താ പറ്റിയെ? മോൻ ജീവിച്ചു മടുത്തോടാ ഇപ്പൊഴേ?" അപ്പോൾ അവൻ ഏങ്ങലടിച്ചു കരയാൻ തുടങ്ങി. ഒരു പത്തുമിനിറ്റ് വിങ്ങിപ്പൊട്ടി കരഞ്ഞതിനുശേഷം അച്ചു സംസാരിക്കാൻ തുടങ്ങി: "ജീവിച്ചു കൊതിതീർന്നിട്ടില്ല സിസ്റ്ററേ, ഞാൻ ചീത്തക്കുട്ടിയായതുകൊണ്ടാണ്. എന്റെ മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കനുസരിച്ച് എനിക്കിനി പഠിച്ചുയരാൻ പറ്റാത്തതുകൊണ്ട്, എന്റെ കുഞ്ഞനുജത്തിക്ക് ഒന്നും വരാതിരിക്കാനാണ് ഞാൻ മരിക്കാൻ പോയത്."

ആദ്യം അവൻ പറഞ്ഞ ചീത്തക്കുട്ടിയിൽനിന്നു തുടങ്ങാം എന്നു വിചാരിച്ച് എങ്ങനെയാണ് അച്ചു ചീത്തയായത് എന്നു ചോദിച്ചു. മെല്ലെയൊന്ന് ഏങ്ങിക്കരഞ്ഞുകൊണ്ട് അവൻ പറഞ്ഞുതുടങ്ങി. "ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ നാട്ടിലെ ഒരു ആഘോഷറാലിയിൽ അവൻ പങ്കെടുക്കുകയായിരുന്നു. അതിലെ ഒരു കൊടി പിടിക്കാൻ അവൻ നിയോഗിക്കപ്പെട്ടു. അതുമായി മുമ്പോട്ടു പോയപ്പോൾ പെട്ടെന്ന് ആരോ അവന്റെ സ്വകാര്യഭാഗത്തു പിടിക്കുന്നതായി അവനു തോന്നി. പേടിച്ചു വിറച്ചു കൊടി, അടുത്തുനിന്ന ആരുടെയോ കൈയിൽ കൊടുത്തിട്ട് അവൻ ഓടി ഒരു കടത്തിണ്ണയിൽ പോയിനിന്നു. തന്നെ ഉപദ്രവിച്ച ആളെ അവൻ കണ്ടിരുന്നു. പക്ഷേ, അത് അവൻ ആരോടും പറഞ്ഞില്ല.

ആ സമയങ്ങളിൽ അച്ചു ഒരിക്കലും തനിയെ പുറത്തു പോകാറില്ല. സ്കൂൾബസിൽ അല്ലെങ്കിൽ മാതാപിതാക്കളോടൊപ്പം. അതുകൊണ്ട് ഈ മനുഷ്യനെ അവൻ പിന്നീട് ഒരിക്കലും കണ്ടില്ല. അത് അവൻ പതിയെ മറന്നുതുടങ്ങി.

പത്താംക്ലാസിൽനിന്ന് 91% മാർക്കോടെ പാസായ അച്ചുവിന് അച്ഛൻ ഒരു സൈക്കിൾ വാങ്ങിക്കൊടുത്തു. പത്താം ക്ലാസ് കഴിഞ്ഞല്ലോ, രാവിലെ ജോലിക്കു പോകുന്ന മാതാപിതാക്കൾ സന്ധ്യകഴിഞ്ഞേ മടങ്ങിയെത്താറുള്ളൂ. അതുവരെ അച്ഛമ്മയും അനിയത്തിയും അച്ചുവുമാണ് വീട്ടിൽ. സൈക്കിൾ വാങ്ങിയ അന്നുമുതൽ അച്ചു സൈക്കിളിൽ പാൽ വാങ്ങാൻ പോയിത്തുടങ്ങി. ഒരു ദിവസം വഴിയിൽവച്ച് പണ്ട് തന്നെ ഉപദ്രവിച്ച ചേട്ടനെ കണ്ടു. അല്പം ഭയം തോന്നിയെങ്കിലും അവൻ മുമ്പോട്ടു പോയി. ഒരാഴ്ച കഴിഞ്ഞ് ഒരു ദിവസം അയാൾ സൈക്കിൾ നിറുത്താൻ കൈ കാണിച്ചു. അച്ചു നിർത്താതെ പോയി.

പിറ്റേ ദിവസം അയാൾ സൈക്കിൾ തടഞ്ഞുനിർത്തി സൗഹൃദപൂർവം കാര്യങ്ങൾ തിരക്കി. നിഷ്കളങ്കനായ അച്ചു വിവരങ്ങളൊക്കെ പറഞ്ഞു. പിന്നീട് അതു പതിവായി. ഒരു ദിവസം അയാൾ പറഞ്ഞു: ക്ലാസ് കഴിഞ്ഞു ക്ഷീണിച്ചു വരുന്നതല്ലേ. മാതാപിതാക്കൾ താമസിച്ചല്ലേ വരൂ. അതുകൊണ്ട് അടുത്തുള്ള പറമ്പിലേക്കു കയറിയിരുന്നു നമുക്കു സംസാരിക്കാം." പിന്നീട് അത് അടുത്തുള്ള ആളൊഴിഞ്ഞ ഒരു വീടിന്റെ പിറകിലേക്കായി. കാമംകൊണ്ട് ഒരു പുരുഷൻ സ്ത്രീയോടു ചെയ്യുന്നതൊക്കെ അച്ചുവിനോട് അയാൾ ചെയ്തു. അതുപോലെയൊക്കെ ചെയ്യാൻ അയാൾ കുട്ടിയെ നിർബന്ധിച്ചു. ഇതു തുടർന്നുകൊണ്ടിരുന്നു. ക്ലാസിലെ പരീക്ഷകൾക്ക് അച്ചു തോറ്റു തുടങ്ങി. അതിന് അച്ഛന്റെ കൈയിൽനിന്ന് അടിയും കിട്ടിക്കൊണ്ടിരുന്നു. പ്ലസ് വൺ എക്സാം കഴിഞ്ഞപ്പോൾ അച്ചു തനിക്കു ക്ലാസിലെ ഒരു പെൺകുട്ടിയോട് അടുപ്പമാണെന്നു പറഞ്ഞു. അതു കേട്ടപ്പോൾ അയാൾ കുപിതനായി പറഞ്ഞു: നിനക്കിനി വിവാഹം കഴിക്കാൻ പറ്റില്ല. വിവാഹം കഴിച്ചാലും ശരിയാകില്ല. നിനക്ക് ഇനി ഇങ്ങനെയേ ജീവിക്കാൻ പറ്റൂ. ഇതു നീ ആരോടെങ്കിലും പറഞ്ഞാൽ നിന്റെ അനിയത്തിയെ ഞാൻ ഉപദ്രവിക്കും. നീ മടുത്തെങ്കിൽ ക്ലാസിലെ വേറേ കുട്ടികളെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരാനും അയാൾ നിർബന്ധിച്ചു. ഇവിടെയാണ് അച്ചു തളർന്നുപോയത്. അവൻ വല്ലാതെ പേടിച്ചു. പഠിച്ച് എൻജിനീയർ ആകണമെന്ന ആഗ്രഹം സാധിക്കാതെ വരും. അതുപോലെ വിവാഹം കഴിക്കാൻ പറ്റില്ല. ഇനി രക്ഷപ്പെടാനാവില്ല എന്ന ചിന്ത അവനെ വലിയ ഭയത്തിലേക്കും നിരാശയിലേക്കും നയിച്ചു. ഇതിനിടയിൽ റിസൾട്ട് വന്നു. അച്ചു മൂന്നു വിഷയത്തിനു തോറ്റുപോയി. അച്ഛൻ അച്ചുവിനെ ഒരുപാട് അടിച്ചു. ഇവിടെ നിനക്ക് എന്തിന്റെ കുറവാണ് എന്നു ചോദിച്ചായിരുന്നു അടിയെന്ന് അവൻ ആവർത്തിച്ചു പറയുന്നുണ്ടായിരുന്നു.

അവൻ കരഞ്ഞുകൊണ്ടു പറഞ്ഞു: "അച്ഛൻ അടിച്ചതുകൊണ്ടാണ് ഞാൻ വിഷം കഴിച്ചത് എന്നാണ് പാവം അച്ഛൻ വിചാരിക്കുന്നത്. പക്ഷേ, എനിക്കിനി രക്ഷപ്പെടാനാവില്ലെന്ന് എനിക്കു മാത്രമല്ലേ അറിയൂ." എന്താ മോൻ ഇതു തുടക്കം മുതലേ മാതാപിതാക്കളോടു പറയായിരുന്നത് എന്നു ചോദിച്ചപ്പോൾ അവൻ പറഞ്ഞു: "അച്ഛനും അമ്മയ്ക്കും എപ്പോഴും തിരക്കാണ്; അമ്മ വില്ലേജ് ഓഫീസറാണ്. രണ്ടുപേരും വരുമ്പോൾ ഒത്തിരി വൈകും. അമ്മ ഒന്നും കേൾക്കാറില്ല. പഠിക്കാൻ പറയും, അച്ഛൻ മാർക്കു കുറയുമ്പോൾ അടിക്കും. അച്ഛമ്മയ്ക്ക് ഞാൻ പറയുന്നതു മനസ്സിലാകില്ല. ആകെ കൂട്ടുള്ളത് വീട്ടിൽ മൂന്നാംക്ലാസിൽ പഠിക്കുന്ന അനിയത്തിയാണ്. അവളോട് എന്തു പറയാനാണ്."



അച്ചുവിന് 18 വയസ് പൂർത്തിയാകാത്തതുകൊണ്ട് അവന്റെ അനുവാദം ഇല്ലാതെ തന്നെ തമ്പിസാറിനെ വിളിച്ച് കാര്യം പറഞ്ഞു. പാവം ആ പിതാവ് തന്റെ മോനെ കെട്ടിപ്പിടിച്ചു കരയുന്നത് വേദനയോടെയാണു കണ്ടുനിന്നത്. നാട്ടുകാരെ മുഴുവൻ നേരേയാക്കുന്ന തനിക്ക് ഇതു വന്നല്ലോ എന്നായിരുന്നു പരാതി. സാരമില്ല എന്ന് മകനെ ആശ്വസിപ്പിച്ചു. അച്ചുവിനെ ഉപദ്രവിച്ച ചേട്ടനെ കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തപ്പോൾ ആ പ്രദേശത്തുള്ള എട്ടു കുട്ടികൾ അയാളുടെ അടിമകളാണെന്നു മനസ്സിലായി. ആ കുട്ടികളുടെ മാതാപിതാക്കളിൽനിന്നു പരാതി വാങ്ങി നിയമനടപടികൾ പൂർത്തീകരിച്ചു.

ഇതുപോലുള്ള അച്ചുമാർ നമ്മുടെ വീടുകളിലും നാട്ടിലും ഉണ്ടോയെന്നു നാം സൂക്ഷിച്ചു വീക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സമ്പാദിക്കാനുള്ള വ്യഗ്രതയിൽ, തങ്ങൾ സമ്പാദിച്ചു കൂട്ടുന്നത് അനുഭവിക്കാനുള്ള മക്കൾ നിങ്ങളുടെ കൂടെത്തന്നെ ഉണ്ടോയെന്ന് ഇടയ്ക്ക് ഒന്നു തിരിഞ്ഞു നോക്കാൻ, മാതാപിതാക്കളേ, നിങ്ങൾ മറക്കരുത്. ഇന്ന് പീഡിപ്പിക്കപ്പെടുന്ന ഒരുപാട് ആൺകുട്ടികൾ ഉണ്ടെന്ന സത്യം മനസ്സിലാക്കി, പെൺകുട്ടികളെപ്പോലെതന്നെ ശ്രദ്ധ നിങ്ങളുടെ ആൺകുട്ടികൾക്കും നല്കണമെന്ന് അച്ചു നമ്മെ ഓർമപ്പെടുത്തുന്നു.

നിങ്ങളുടെ കുട്ടികൾ പെട്ടെന്നു മ്ലാനവദനരായാൽ, സംസാരം നിറുത്തിയാൽ, ഒറ്റയ്ക്കിരിക്കാൻ ഇഷ്ടപ്പെടുന്നതായി കണ്ടാൽ, പഠനത്തിൽ പിറകോട്ടുപോയാൽ, കൂടക്കൂടെ ഞാൻ ചീത്തയാണ്, മോശമാണ് എന്നു പറയുന്നുണ്ടെങ്കിൽ പ്രിയ മാതാപിതാക്കളേ, നിങ്ങളുടെ തിരക്കുകൾ മാറ്റിവച്ച്, കുട്ടിയെ ഒന്നുചേർത്തുപിടിച്ച് കാരണം അന്വേഷിക്കാൻ മടിക്കരുതേ. അച്ചു അവസാനം ചോദിച്ചത്, 'സിസ്റ്ററേ, എനിക്കു രക്ഷപ്പെടാൻ കഴിയുമോ?' എന്നാണ്. അച്ചുവിന് ആവശ്യം 'നിനക്ക് എല്ലാം സാധിക്കും' എന്ന ഒരു ഉറപ്പു മാത്രമായിരുന്നു. 'നീ എന്ത് ആഗ്രഹിക്കുന്നുവോ അതായിത്തീരാൻ നിനക്കു സാധിക്കും' എന്നു പറഞ്ഞപ്പോൾ ആ കണ്ണുകളിൽ പ്രത്യാശയുടെ തിളക്കമുണ്ടായിരുന്നു. ഈ ഒരുറപ്പ് മക്കൾക്കു കൊടുക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

■

കവിത

ജോർജുകുട്ടി താവളം

## സമ്പാദ്യം

സമ്പത്തിനൊന്നാമിടം കൊടുപ്പോർ
സമ്പാദിച്ചീടുന്നു വിത്തമേറെ
ലൗകികനേട്ടങ്ങളാണിഹത്തി-
ന്നാകെത്തുകയെന്ന ചിന്തയോടെ.

ശാശ്വതമല്ലവയെന്ന സത്യം
ലേശവുമോർക്കാതെയുള്ള മർത്യർ
എന്തധർമങ്ങളും ചെയ്തിടുന്നു
അന്തമില്ലാതവ കുന്നുകൂട്ടാൻ.

നേരായ മാർഗങ്ങൾ വിട്ടനേകർ
ഓരോരോ പാതകൾ തേടിടുന്നു
അർത്ഥമോഹത്തിനാൽ മർത്ത്യജന്മം
വ്യർത്ഥമായീടുന്നറിഞ്ഞിടാതെ.

എന്തും ധനാഗമമാർഗമെന്ന
ചിന്തയുള്ളത്തെ മഥിച്ചിടുമ്പോൾ
ബന്ധുരയാത്രയാം ജീവിതത്തിൽ
ബന്ധങ്ങളെല്ലാം മറന്നിടുന്നൂ.

നന്മകളൊട്ടൊക്കെച്ചെയ്തിടാനായ്
സന്മനസ്സുള്ളവർ ബാക്കിവയ്ക്കും
നഷ്ടം ഭവിക്കാത്ത സ്വത്തു മന്നിൽ
ഇഷ്ടം നിറഞ്ഞ നല്ലോർമകളായ്.



# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


ഞാൻ കർത്താവിനെ പാടിസ്തുതിക്കും. അവിടുന്ന് എന്നോട് അതിരറ്റ കരുണ കാണിച്ചിരിക്കുന്നു.

സങ്കീർത്തനങ്ങൾ 13:6

## എഡിറ്റോറിയൽ

# ഫാർമസി പ്ലാന്റുകൾക്ക് കേരളം മടിക്കുന്നതെന്തേ?

അലോപ്പതി മരുന്നുത്പാദനത്തിനാവശ്യമായ രാസസംയുക്തങ്ങളുണ്ടാക്കുന്ന 115 ഫാർമസി പ്ലാന്റുകൾ ഗുജറാത്തിൽ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ ഉത്തരവായിരിക്കുന്നു. കൊവിഡിനെത്തുടർന്ന് ചൈനയിൽനിന്നുള്ള ഇറക്കുമതി കുറഞ്ഞതോടെ ഇന്ത്യയിലെ മരുന്നുത്പാദനം പ്രതിസന്ധിയിലായി. വാക്സിൻ കയറ്റുമതിയിലടക്കം ഒന്നാംസ്ഥാനത്തുള്ള ഇന്ത്യയെ മരുന്നുത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെയാവണം ഗുജറാത്തിലും പഞ്ചാബിലും ഹിമാചൽപ്രദേശിലുമായി മൂന്നു ബൾക്ക് ഡ്രഗ് ഫാർമ പാർക്ക് തുടങ്ങാൻ സർക്കാർ അനുമതി നല്കിയതും ഫണ്ട് അനുവദിച്ചതും.

മരുന്നുകളുടെ ഏറ്റവും വലിയ ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെന്തേ നാളിതുവരെ ഒരു ഫാർമസി പ്ലാന്റു പോലും തുടങ്ങാത്തത് എന്നത് വെറുമൊരു ചോദ്യമായി അവശേഷിക്കാൻ പാടില്ല. ഇന്ത്യയിൽ മരുന്നുകൾ ഏറ്റവും കൂടുതലായി വിറ്റഴിക്കാൻ മാത്രമല്ല, നിർമിക്കാനും കേരളത്തിന് ആസ്തിയുണ്ടെന്നു സർക്കാർ സംവിധാനങ്ങൾക്ക് അറിയാമായിരുന്നിട്ടും മൗനം ദീക്ഷിക്കുന്നതെന്തിന്? പ്രതിവർഷം പതിനായിരം കോടി രൂപയുടെ മരുന്നാണ് സംസ്ഥാനത്തു വിറ്റഴിക്കപ്പെടുന്നത്. ബൾക്ക് ഫാർമസികൾ ഇല്ലെന്നു മാത്രമല്ല, സർക്കാരിന്റേതുൾപ്പെടെ നിലവിലുള്ള മരുന്നുനിർമാണയൂണിറ്റുകൾ തകർച്ചയിലുമാണ്.

ഗുജറാത്തിനു പുറമേ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ കൊവിഡനന്തരം കൂടുതൽ നിക്ഷേപമിറക്കി ഈ മേഖലയിൽ വലിയ മുന്നേറ്റമാണു നടത്തുന്നത്. നിലവിൽ ഗുജറാത്തിൽ ആകെ 3415 ഫാർമസ്യൂട്ടിക്കൽ നിർമാണകേന്ദ്രങ്ങളുണ്ട്. രണ്ടുവർഷത്തിനിടെ ഡ്രഗ് ഡിപ്പാർട്ട്മെന്റ് 288 പുതിയ ഫാർമസ്യൂട്ടിക്കൽ നിർമാണയൂണിറ്റുകൾക്ക് അനുമതി നൽകിക്കഴിഞ്ഞു. വിറ്റാമിനുകൾ, ആന്റിബയോട്ടിക്കുകൾ, സ്റ്റിറോയിഡുകൾ എന്നിവയ്ക്കായുള്ള ബൾക്ക് മരുന്നുകൾ ഗുജറാത്തിൽനിന്നു വരുത്തി മലയാളി കഴിക്കുന്ന കാലമാണു വരാനിരിക്കുന്നത്.

ചൈനയിൽനിന്നു വരവു കുറഞ്ഞതോടെ 40,000 ബ്രാൻഡഡ് മരുന്നുകൾക്ക് വൻവില വർധനയുണ്ടായി. അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും വിലയിൽ 10.7 ശതമാനം വർധനയാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അഥോറിറ്റി ഓഫ് ഇന്ത്യ പ്രഖ്യാപിച്ചത്. അവശ്യമരുന്നുകളുടെ വിലയിൽ ഒറ്റയടിക്കു പത്തുശതമാനത്തിലധികം വർധന ഇക്കഴിഞ്ഞ ഏപ്രിൽ ഒന്നോടെ നിലവിൽ വന്നത് ദീർഘകാലത്തിനിടെ ആദ്യമായാണ്.

ആരോഗ്യപരിപാലനത്തിലും വികസനസംരംഭങ്ങളിലും ഏറ്റവും ശ്രദ്ധാലുക്കളാണു കേരളീയർ എന്നാണല്ലോ പൊതുവെ പറയാറുള്ളത്. കൊവിഡുകാലത്തും പിന്നീടും ആരോഗ്യസുരക്ഷയിൽ മാതൃകാസംസ്ഥാനമെന്ന ഖ്യാതി കേരളത്തിനുണ്ടായി എന്നതും ശ്രദ്ധേയം. കേരളീയർ ജനസംഖ്യയിൽ മൂന്നു ശതമാനമേയുള്ളൂവെങ്കിലും രാജ്യത്തെ പത്തു ശതമാനത്തോളം മരുന്നും വിറ്റഴിക്കുന്നതു കേരളത്തിലായിരിക്കേ, സംസ്ഥാനസർക്കാർ ഫാർമമേഖലയോടു മുഖം തിരിക്കുന്നതിനെതിരേ രൂക്ഷമായ ആക്ഷേപമുയർന്നിരിക്കുന്നു. അനുകൂലമായ കാലാവസ്ഥ, അടിസ്ഥാനവികസനസൗകര്യം, യോഗ്യരായ ഉദ്യോഗാർത്ഥികൾ എന്നിവ ആവശ്യത്തിലധികവും ഉണ്ടായിരുന്നിട്ടും കേരളം മരുന്നുത്പാദനരംഗത്ത് തികഞ്ഞ അലംഭാവം കാണിക്കുന്നതു നീതീകരിക്കാനാവില്ല.

സംസ്ഥാനത്താവശ്യമായ മരുന്നിന്റെ ഒരു ശതമാനം പോലും ഉത്പാദിപ്പിക്കാനുള്ള ശേഷി കേരളത്തിൽ നിലവിലില്ല എന്ന വസ്തുത ലജ്ജാകരമാണ്. സംസ്ഥാനത്ത് ഫാർമസി പാർക്ക് സ്ഥാപിക്കാനുള്ള സാധ്യതാപഠനറിപ്പോർട്ട് ഫാർമസി ബിരുദധാരികളുടെ സംഘടനയായ കെ.പി.ജി.എ. സർക്കാരിനു സമർപ്പിച്ചെങ്കിലും നടപടിയുണ്ടായില്ല. സംസ്ഥാനത്ത് വാക്സിൻ നിർമാണശാല സ്ഥാപിക്കാനുള്ള സാധ്യതാപരിശോധനയ്ക്കായി 2021 ലെ ബജറ്റിൽ പത്തുകോടി രൂപ നീക്കിവച്ചെങ്കിലും, അക്കാര്യത്തിൽ ചലനവേഗമുണ്ടായില്ല. എറണാകുളത്ത് പെട്രോ കെമിക്കൽ പാർക്കിൽ ഫാർമ പാർക്ക് സ്ഥാപിക്കുമെന്ന് ബജറ്റിൽ നിർദേശമുണ്ടായതല്ലാതെ പ്രാരംഭനടപടികൾ പോലുമുണ്ടായില്ല.

സർക്കാർ ആരോഗ്യരംഗത്തെ പുരോഗതി സവിസ്തരം വീമ്പിളക്കിപ്പറഞ്ഞ് ചാനൽ ച്ചർച്ചകളിൽ അഭിമാനം കൊള്ളുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ, മരുന്നുത്പാദനകേന്ദ്രങ്ങളുൾപ്പെടെ പൊതുമേഖലയിലും സഹകരണമേഖലയിലും സ്വകാര്യമേഖലയിലും അതിനൂതനാരോഗ്യസംരംഭങ്ങൾ തുടങ്ങാനുള്ള ഇച്ഛാശക്തിയും ക്രിയാത്മകതയും കാണിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാവുകയും വേണം. ■

# കാഴ്ചയ്ക്കപ്പുറത്തുനിന്ന് ചില ഉൾക്കാഴ്ചകൾ



## പ്രതികരണം

ചലച്ചിത്രനിരൂപണങ്ങൾക്കു ദൗർലഭ്യമില്ലാത്ത ഒരു കാലത്താണ് നാം ആയിരിക്കുന്നത്. ഓൺലൈനായും ഓഫ്‌ലൈനായുമൊക്കെ ഒരു ചലച്ചിത്രത്തിന്റെതന്നെ നിരവധി നിരൂപണങ്ങളാണ് നമുക്കു ദിനംപ്രതി ലഭ്യമായിക്കൊണ്ടിരിക്കുന്നത്. എന്നാൽ, ഇവയെല്ലാംതന്നെ ചലച്ചിത്രങ്ങളിലെ മത-സാമൂഹിക-മാനവിക മൂല്യങ്ങളെക്കുറിച്ച് നിശ്ശബ്ദമാണെന്നു മാത്രമല്ല, അവയിലെ മൂല്യച്യുതികളെ മഹത്ത്വവത്കരിക്കാനും അഭിനന്ദിക്കാനും മടിക്കുന്നുമില്ല എന്നതാണ് ഏറെ ദുഃഖകരം. നേരേ മറിച്ച്, അഭിനയമികവിനെയും സംവിധായക - നിർമാണ - സാങ്കേതികമികവുകളെയുമൊക്കെ അങ്ങേയറ്റം പ്രശംസിക്കാനും എല്ലാ നിരൂപകരും ശ്രദ്ധിക്കുന്നുമുണ്ട്. അപ്രകാരം ചെയ്യേണ്ട എന്നല്ല, മറിച്ച് ഇത്തരം ചില തലങ്ങളെ മാത്രം വിശകലനം ചെയ്യുന്ന പ്രവണത ഇന്നു വദ്ധിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ദീപനാളം വാരികയിലെ കാഴ്ചയ്ക്കപ്പുറം എന്ന പുതിയ ചലച്ചിത്രനിരൂപണ കോളത്തിലെ ചലച്ചിത്രനിരൂപണങ്ങളും വീയെൻ എന്ന നിരൂപകനും ഏറെ ശ്രദ്ധേയമാകുന്നത്.

ഈ നാളുകളിൽ പുറത്തിറങ്ങിയ KGF എന്ന ബഹുഭാഷാ ചലച്ചിത്രത്തിലെ മൂല്യച്യുതിയെ വായനക്കാരിലെത്തിക്കാൻ നിരൂപകനു സാധിച്ചിട്ടുണ്ട്. മാത്രമല്ല ലോകമെമ്പാടുമുള്ള ക്രൈസ്തവർ മുന്നും പിന്നും നോക്കാതെ കൈയടിച്ചു പ്രോത്സാഹിപ്പിച്ച വരയൻ എന്ന, ഒരു ഇടവകവികാരിയുടെ കഥ പറയുന്ന ചിത്രത്തെ വളരെ യുക്തിപൂർവ്വം വിശകലനം ചെയ്ത് വായനക്കാർക്കു മുമ്പിൽ അതിലെ കതിരും പതിരും വേർതിരിച്ച് അവതരിപ്പിക്കുന്നതിൽ വീയെൻ എന്ന നിരൂപകൻ ഏറെ അഭിനന്ദനം അർഹിക്കുന്നുണ്ട്. ക്രൈസ്തവധാർമികതയെ അളവുകോലാക്കി ചലച്ചിത്രങ്ങളെ വിലയിരുത്തുന്നു എന്ന ഒരു പ്രത്യേകതകൂടി ഈ നിരൂപകനെ വ്യത്യസ്തമാക്കുന്നു. അദ്ദേഹത്തിന്റെ തൂലികയിൽ വിരിയുന്ന അനേകം ചലച്ചിത്രനിരൂപണങ്ങൾക്കായി ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

**വർഗീസ് കുര്യൻ**
**പതാരക്കുഴിയിൽ**

## പുളിമധുരം

പ്രതാപൻ പുളിമാത്ത്



# സാൽമൺ മത്സ്യങ്ങളും മനുഷ്യരും



ഫാ. ജോസഫ് നെച്ചിക്കാട്ട്

ശാസ്ത്രവിദ്യാർത്ഥികൾക്കു സുപരിചിതമായ ഒരു മത്സ്യമാണ് സാൽമൺ. തീരപ്രദേശങ്ങളിലുള്ള (വിശേഷിച്ചും അറ്റ്ലാന്റിക് സമുദ്രത്തിന്റെ) നദീതടങ്ങളിലാണ് അവയുടെ ഉദ്ഭവം. അവിടെ മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾ നദീതടങ്ങളിൽത്തന്നെയാണു വളർന്നുതുടങ്ങുക. ദേഹമാകെ പുള്ളിക്കുത്തുകളും അടയാളങ്ങളുമുള്ള സാൽമൺകുഞ്ഞുങ്ങൾ നദികളിൽക്കൂടി തുള്ളിക്കളിച്ചു നടക്കുന്നതു കാണാൻ കൗതുകമുണ്ട്. പൂർണവളർച്ചയെത്തിയ സാൽമൺമത്സ്യങ്ങൾക്ക് സുമാർ അഞ്ച് - അഞ്ചരക്കിലോവരെ തൂക്കമുണ്ടാകും.

ഏതാണ്ടു രണ്ടു വയസ്സുവരെ അവ നദികളിൽത്തന്നെയാണു കഴിയുക. ക്രമേണ വിശാലമായ കടൽ അവയെ ആകർഷിക്കുന്നു - അവ അങ്ങോട്ടു തിരിക്കുന്നു. കിങ് സാൽമൺ എന്ന ഒരിനം ഏതാണ്ടു 3500 കിലോമീറ്റർ വരെ നീങ്ങിയകലുമെന്നാണ് ശാസ്ത്രനിരീക്ഷണം. അപകടത്തിൽപ്പെട്ടും വന്മത്സ്യങ്ങൾക്കിരയായും ചിലതിന്റെ കഥ വഴിക്കുവച്ചുതന്നെ കഴിയും.

എങ്കിലും, അവശേഷിക്കുന്നവയ്ക്കു കുറെ കഴിയുമ്പോൾ (ചിലതിനു രണ്ടു കൊല്ലം) മടങ്ങിപ്പോരണമെന്നു തോന്നും. വേഗം കുറഞ്ഞുതുടങ്ങി, ചിറകുകൾ തളരുന്നു. വന്മത്സ്യങ്ങളുടെ വായിൽനിന്നു രക്ഷപ്പെടാനാവുന്നില്ല... അവ തിരിച്ചു പോരും, പുറപ്പെട്ടിടത്തേക്ക്. തങ്ങൾ മുട്ടയായിരുന്ന സ്ഥലത്തുവന്ന് അവയും മുട്ടയിടും. മുട്ടയിട്ടു കഴിഞ്ഞാൽ അചിരേണ അവറ്റകൾ ചത്തുപോവുകയാണു പതിവ്. ചില ഇനങ്ങൾ ഉദാഹരണത്തിന്, അറ്റ്ലാന്റിക് സാൽമൺ ഒന്നുകൂടി പോയി വരാറുണ്ട്.

സാൽമൺമത്സ്യങ്ങളെപ്പോലെയാണ് ഒരു തരത്തിൽ പറഞ്ഞാൽ മനുഷ്യരും. ബാല്യവും കൗമാരവുമൊക്കെക്കഴിഞ്ഞു വളർച്ചയെത്തിത്തുടങ്ങുന്ന മനുഷ്യൻ ലോകത്തിന്റെ കണ്ണെത്താത്ത വളവുകളിലേക്കു കൂപ്പുകുത്തിയിറങ്ങുകയാണ്- 'കണ്ണുംമൂക്കു'മടച്ച്!

പരിസരബോധംപോലും നഷ്ടപ്പെട്ടു പരക്കം പായുന്നവന് ആരും ഒന്നും പ്രശ്നമല്ല. പുറംലോകത്തു കാണപ്പെടുന്നവയെല്ലാം അവനെ ആകർഷിക്കുന്നു. പുതിയ പുതിയ പരീക്ഷണങ്ങൾ, സ്നേഹബന്ധങ്ങൾ, സൗഹൃദങ്ങൾ... പിറന്ന മണ്ണും പുറപ്പെട്ട സ്ഥലവും കുട്ടിക്കാലത്തു കൈമുതലായുണ്ടായിരുന്ന പൈതൃകവും ഒക്കെ പുല്ലുപോലെ തൊഴിച്ചെറിഞ്ഞ് ആരെയും കൂസാതെ മുന്നോട്ടു പായുന്നവൻ വഴിയിൽ കണ്ടുമുട്ടുന്നവരെയൊക്കെ വിമർശിക്കും - വിപ്ലവം വിളിച്ചുപറയും.

എങ്കിലും, ഇടവഴിയിൽവച്ചു വീണുപോയില്ലെങ്കിൽ ജീവിതത്തിൽ കുറെ ദൂരം ഓടിക്കഴിയുമ്പോൾ അവൻ കിതച്ചു തുടങ്ങും - സാൽമൺ മത്സ്യങ്ങളെപ്പോലെ. പഴയതുപോലെ ഇനിയും ഓടാനാവുന്നില്ല. പലതും പിടിച്ചിടത്തു കിട്ടുന്നില്ല. കൂട്ടുകാർ കൈവിട്ടു പോകുന്നു. തീരാരോഗങ്ങൾ ഗ്രസിച്ചുതുടങ്ങുന്നു. പ്രപഞ്ചത്തിലെ ഒരു ശക്തിക്കും ഇനിയങ്ങോട്ടുതന്നെ താങ്ങാനാവുന്നില്ല... അപ്പോഴാണ് കുട്ടിക്കാലത്തു പഠിച്ചുവച്ചിരുന്ന പഴയ പ്രാർത്ഥനകളും മറ്റും ഓർമ വരുക, അറിയാതെ ഉരുവിട്ടു പോവുക.

പേർഷ്യ കണ്ടിട്ടുള്ളതിലേക്കും വലിയൊരു ചിന്തകനായിരുന്നു ഷോപ്പനോവർ. തികഞ്ഞ നാസ്തികനായിരുന്ന അദ്ദേഹത്തിന്റെ യുക്തിചിന്തയാണ് ആധുനിക എക്സിസ്റ്റൻഷ്യലിസത്തിനുതന്നെ വഴിമരുന്നിട്ടത്. നിരീശ്വരനായിരുന്ന നീറ്റ്ഷേയെപ്പോലും അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വാധീനിച്ചുവത്രേ. ഏതായാലും, ഷോപ്പനോവർ പിൽക്കാലത്ത് അറിയപ്പെട്ടിരുന്നത് 'An unhappy solitary man', 'The philosopher of pessimism' എന്നൊക്കെയാണ്. തികച്ചും അസന്തുഷ്ടനായ ഒരു ഏകാന്തജീവിയും ദോഷൈകദൃക്കുമായിരുന്ന ആ മനുഷ്യന് ഏറെക്കാലം മരണശയ്യയിൽ കിടക്കേണ്ട ഗതികേടും വന്നുചേർന്നു. ഒരിക്കൽ അസഹ്യമായ വേദനകൊണ്ടു പുളഞ്ഞപ്പോൾ അദ്ദേഹം ദൈവത്തെ വിളിച്ചു. അതു കേട്ടു നിന്ന ഡോക്ടർ ചോദിച്ചു: "എന്ത്, ഷോപ്പനോവർ ദൈവത്തെ വിളിക്കുകയോ?"

"ഈ വേദനയിൽ ആരായാലും അങ്ങനെ പറഞ്ഞുപോകും, ഡോക്ടർ" - അതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. സർവരാലും പരിത്യക്തമായ ഏകാന്തത വന്നു ചേർന്നപ്പോൾ ചിന്തകൾ കളങ്കമേശാത്ത കുട്ടിക്കാലത്തേക്കു പറന്നിറങ്ങി - അന്ന് അമ്മ പഠിപ്പിച്ച പ്രാർത്ഥനകൾ അറിയാതെ മനസ്സിലേക്കു വന്നു. അതാണ് അങ്ങനെ ഉരുവിട്ടു പോയത്...

'The Origin of Species' എന്ന വിശ്വവിഖ്യാതഗ്രന്ഥത്തിലൂടെ ലോകശ്രദ്ധയാകർഷിച്ച പരിണാമവാദത്തിന്റെ പ്രണേതാവ് ചാൾസ് ഡാർവിന്റെ അന്ത്യം ഇതിലും രസാവഹമാണ്. പ്രശസ്തിയുടെ കൊടുമുടിയിലെത്തിയതോടെ അദ്ദേഹത്തിന്റെ അടുത്ത മുന്നേറ്റം ദൈവത്തെയും മതത്തെയും അഭൗമികമായ സർവതിനെയും തള്ളിപ്പറഞ്ഞുകൊണ്ടായിരുന്നു. എങ്കിലും, ജീവിതത്തിന്റെ സായംകാലമായപ്പോൾ മട്ടുമാറി. ഇളംപ്രായത്തിൽ പഠിച്ചുവച്ചതും വിശ്വസിച്ചതും ഓർമ വന്നുതുടങ്ങി. അതോടെ മടക്കയാത്ര ആരംഭിച്ചു. നല്ലൊരു ക്രൈസ്തവനായിട്ടാണ് അദ്ദേഹം മരണമടയുന്നത്.

കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റു മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി മുണ്ടശേരി മാസ്റ്ററുടെ മാനസാന്തരകഥയും നമുക്കു സുപരിചിതമാണല്ലോ.

യേശു അവതരിപ്പിക്കുന്ന ധൂർത്തപുത്രൻ പന്നികളെ മേയ്ക്കുവാൻപോലും താണിറങ്ങിയില്ലേ? അവയുടെ ഉച്ഛിഷ്ടംകൊണ്ടുപോലും വിശപ്പടക്കുവാൻ കൊതിച്ചില്ലേ? മ്ലേച്ഛതയുടെ പരകോടി! എങ്കിലും അവിടം തിരിച്ചുവരവിന്റെ തുടക്കമായിരുന്നു. പിതൃഭവനത്തിന്റെ മധുരസ്മരണകൾ അവനിൽ കുളിർമ പകർന്നു - മാലിന്യക്കൂമ്പാരത്തിൽനിന്നു മടങ്ങിപ്പോരാനുള്ള പ്രേരണയായി അതു മാറി. ഉപ്പുവെള്ളത്തിൽ നിന്നു ശുദ്ധജലത്തിലേക്കു പിന്തിരിയുന്ന സാൽമൺ മത്സ്യങ്ങളെപ്പോലെ അവനും തിരിച്ചുവന്നു.



അമേരിക്കയുടെ 24-ാമത്തെ പ്രസിഡന്റ് ഗ്രോവർ ക്ലീവ്ലാൻഡിന്റെ വിശ്വസ്ത സെക്രട്ടറിയായിരുന്നു ജെ. സ്റ്റേർലിങ് മോർട്ടോൺ. അദ്ദേഹത്തിന്റെ ഭാര്യ കരോളിൻ അത്യുത്തമയായ ഒരു സ്ത്രീരത്നമായിരുന്നു, ഒരു മാതൃകാമാതാവും. കരോളിൻ മരിച്ചപ്പോൾ ശവകുടീരത്തിൽ മോർട്ടോൺ ഇങ്ങനെ എഴുതിച്ചേർത്തു: 'Caroline - wife of Sterling Morton and mother of Joy, Paul and Mark Morton'. തന്റെ മക്കളെ അദ്ദേഹം ഒരിക്കൽ അവിടെ കൊണ്ടുപോയി നിറുത്തിയിട്ട് ഇങ്ങനെ പറഞ്ഞു: "ഈ അമ്മയിൽനിന്നു കിട്ടിയതിനപ്പുറത്ത് എന്തെങ്കിലും നിങ്ങളിൽ ആരിൽനിന്നെങ്കിലും സംഭവിച്ചാൽ ഉടനടി ആ പേര് ഇവിടെനിന്നു തുടച്ചുമാറ്റപ്പെടും." ആ പേരുകളിലൊന്നും ഇതുവരെ തുടച്ചു മാറ്റപ്പെടേണ്ടിവന്നിട്ടില്ല! ഒക്കെ ഇപ്പോഴും അവിടെത്തന്നെയുണ്ട്.

നമ്മുടെ കുഞ്ഞുങ്ങൾക്കു കുട്ടിക്കാലത്തു ലഭിക്കുന്ന മതബോധനവും വിശ്വാസപരിശീലനവും അവരുടെ ആത്മാവിന്റെ ആഴങ്ങളിൽ ആണ്ടുകിടക്കും. ജീവിതത്തിൽ വഴിതെറ്റി എതിലെയെല്ലാം നീന്തിയകന്നാലും പണ്ടത്തെ ശുദ്ധജലത്തിന്റെ മധുരസ്മരണയിൽ മടങ്ങിയെത്തുന്ന സാൽമൺ മത്സ്യങ്ങളെപ്പോലെ അവരും അവസാനനാളുകളിൽ തിരിച്ചു വരാതിരിക്കുകയില്ല, ഷോപ്പനോവറിനെപ്പോലെ, ചാൾസ് ഡാർവിനെപ്പോലെ, ധൂർത്തപുത്രനെപ്പോലെ. ■

---

**കവിത** പ്രഫ. തോമസ് കണയംപ്ലാവൻ




1

കുടയുടെ തണലിൽ വെയിൽ കൊള്ളാതെ
നടകൊൾവൂ നാമെല്ലാരും.
കുടയുടെ കീഴിൽ മഴ നനയാതെ
നടകൊൾവൂ നാമെന്നാളും.
ഓലക്കുടയുടെ കാലം പോയീ
ശീലക്കുടയാണിന്നെങ്ങും
തലയുടെ മുകളിൽ കുടയുണ്ടെങ്കിൽ
തടയായ് നമ്മൾ സുരക്ഷിതരായ്!
വിശാലനീലാകാശം പാരിൻ
മുകളിൽ കാൺമൂ കുടയായി!
പറന്നു പാറുന്നതിനുടെ കീഴിൽ
പറവകൾ പാട്ടിൻ ലഹരിയുമായ്
ചിന്നം വിളിയൊടു കാർമേഘങ്ങൾ
വിണ്ണിൽ നീളെ നിരക്കുമ്പോൾ
നമുക്കു കുടകൾ ചൂടാം മഴയുടെ
തുടക്കമായെന്നോർമിക്കാം.

2

അരചന്മാരുടെ കൊറ്റക്കുടകൾ
ഒരുനാൾ മിന്നി ചരിത്രത്തിൽ
ജനാധിപത്യം വന്നു വിളിക്കെ-
ത്തകർന്നു വീണവയൊന്നൊന്നായ്?
അടർന്നു വീണ മഴക്കൂണുകൾപോ-
ലവറ്റയെ നാം കാണുന്നു!
ജനാധിപത്യക്കുടയുടെ കീഴിൽ
പത്തിവിടർത്താം സർപ്പംപോൽ
ഏകാധിപത്യം, നമ്മൾക്കതിനാൽ
ജാഗരൂകത പാലിക്കാം
നിതാന്തജാഗ്രതസ്വാതന്ത്ര്യത്തിൻ
വിലയാണെന്നു ധരിച്ചാലും!

---

**ശ്രേഷ്ഠമലയാളം**

# ചർമ്മം, ത്വക്ക്

ഡോ. ഡേവിസ് സേവ്യർ




"മുഖവും ചർമ്മവും സുന്ദരമാക്കാൻ സ്കിനിമലിസം (വനിത, ജനുവരി, 2022). Skin the human body എന്ന അർത്ഥത്തിലാണ് ചർമ്മം എന്ന പദം പരസ്യവാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ചർമ്മം എന്ന വാക്കിന്, ഉരിച്ചെടുത്ത തോല്, ഉരിച്ചെടുത്ത് പാകം വരുത്തിയ തുകൽ (hide, leather) എന്നെല്ലാമാണർത്ഥം. ഉരിച്ചെടുക്കാവുന്ന തോൽ ജന്തുജാലങ്ങൾക്കേ ഉള്ളൂ. അതിനാൽ ചർമ്മശബ്ദം മനുഷ്യശരീരത്തോടു ചേർക്കരുത്. "നീഴ്കുശനിരത്തി മൃഗചർമമതിൽ മേലേ"* എന്നു ചർമശബ്ദം ശരിയായ വിവക്ഷിതത്തിൽ ഭാഷാഭഗവദ്ഗീതകാരൻ പ്രയോഗിച്ചിട്ടുണ്ട്. ചർമൻ എന്ന പ്രകൃതിയിൽനിന്നു രൂപപ്പെട്ട വാക്കാണ് ചർമ്മം. ശരീരത്തെ പൊതിഞ്ഞിരിക്കലാണ് അതിന്റെ ധർമം.

മനുഷ്യശരീരത്തിൽ പ്രകൃത്യാ ഉള്ള ആവരണത്തിന് ത്വക്ക് എന്നാണു പറയേണ്ടത്. ത്വക് എന്ന പ്രകൃതിയിൽനിന്നു നിഷ്പന്നമായ വാക്കാണ് ത്വക്ക്. 'ത്വചസംവരണേ', ദേഹത്തെ മറയ്ക്കുന്നത് എന്നർത്ഥം.** സംസ്കൃതത്തിലെ പ്രഥമ ഏകവചനമായ ത്വക് ഭാഷയിൽ ത്വക്ക് എന്നാകും. പദാന്തേ വ്യഞ്ജനം വന്നാൽ/ സംവൃതം ചേർത്തു ചൊല്ലുക"*** എന്ന ഭാഷാനിയമപ്രകാരം ത്വക്ക് എന്നാണു വേണ്ടത്. അന്ത്യവ്യഞ്ജനത്തിനു ദ്വിത്വവും സംവൃതോകാരവും വേണമെന്നു ചുരുക്കം. (ത്വക്→ത്വക്ക്) ദേഹത്തെ മാംസാദികളെ മറയ്ക്കുന്ന തൊലിയാണ് യഥാർത്ഥത്തിൽ ത്വക്ക്. പഞ്ചേന്ദ്രിയങ്ങളിൽ ഒന്നായും ത്വക്കിനെ കണക്കാക്കുന്നു. സ്പർശനേന്ദ്രിയം എന്നും പറയാം.

"പദാന്തത്തിൽ ദൃഢങ്ങൾക്ക് മൃദുവാദേശമായ് വരും അപദാന്തത്തിലും ഘോഷമൃദുക്കൾ പരമാവുകിൽ പഞ്ചമത്തിനുമുമ്പ് വർഗ്യം സ്വസ്വപഞ്ചമമായിടും"**** ഈ നിയമപ്രകാരം ത്വക് + ഇന്ദ്രിയം = ത്വഗിന്ദ്രിയം; ത്വക് + മാംസം = ത്വങ്മാംസം (തൊലിയും മാംസവും) എന്നെല്ലാം സന്ധി ചെയ്യണം. ദേഹത്ത് പച്ചകുത്തുന്നതിന് ത്വചോൽക്കിരണം (ത്വച+ഉൽക്കിരണം) എന്നു പറയാറുണ്ട്. ഉൽക്കിരണത്തിന് കൊത്തുപണി എന്നർത്ഥം. അങ്ങനെ, ത്വച+ഉൽക്കിരണം, ത്വചോൽക്കിരണം അഥവാ പച്ചകുത്ത് ആകുന്നു.

* മാധവപ്പണിക്കർ, നിരണത്ത്, (പഠനം, പുതുശ്ശേരി രാമചന്ദ്രൻ) ഭാഷാഭഗവദ്ഗീത, കണ്ണശ്ശസ്മാരക ട്രസ്റ്റ്, നിരണം, 2001, പുറം -109.
** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി) എൻ.ബി.എസ്., കോട്ടയം, 2013, പുറം - 281.
*** രാജരാജവർമ്മ ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്, കോട്ടയം, 1998, പുറം - 134.
**** മണിദീപിക, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1987, പുറം - 38.




**ജൂൺ 12**
**ശ്ലീഹാക്കാലം**
**രണ്ടാം ഞായർ**

എസെ 2 : 1 – 7
1 തിമോ 1:12 – 19
യോഹ 11 : 1 – 16
പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ
റോമ 5 : 1 – 5
യോഹ 16:12 – 15

# ജീവദായകനായ ദൈവപുത്രൻ



ഡോ. തോമസ് വടക്കേൽ

**യോ**ഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിന്റെ ആദ്യഭാഗമായ (1-11 അധ്യായങ്ങൾ) അടയാളങ്ങളുടെ പുസ്തകത്തിലെ (book of signs) ഏഴ് അടയാളങ്ങളിലെ അവസാനത്തേതാണ് ലാസറിനെ ഉയിർപ്പിക്കുന്ന അദ്ഭുതം (യോഹ. 11:1-44). ഈശോ പ്രവർത്തിച്ച എല്ലാ അടയാളങ്ങളുടെയും പരമകാഷ്ഠ (climax)യായിട്ടാണ് സുവിശേഷകൻ ലാസറിന്റെ ഉയിർപ്പിനെ അവതരിപ്പിക്കുന്നത്. ദീർഘമായി അവതരിപ്പിച്ചിരിക്കുന്ന ഈ ഏഴാമത്തെ അടയാളത്തിന്റെ ആദ്യഭാഗമാണ് ഇന്നത്തെ സുവിശേഷവായന (11:1-16). രോഗിയായ ലാസറിനെ കാണാനുള്ള ഈശോയുടെ യാത്രയും (11:1-7) ആ യാത്രയോടുള്ള ശിഷ്യന്മാരുടെ പ്രതികരണവുമാണ് (11:8-16) ഇവിടുത്തെ പ്രതിപാദ്യവിഷയം.

ലാസർ എന്നു പേരായ ഒരുവൻ രോഗബാധിതനായി. ഇവൻ മറിയത്തിന്റെയും അവളുടെ സഹോദരിയായ മർത്തായുടെയും ഗ്രാമമായ ബഥാനിയായിൽനിന്നുള്ളവനായിരുന്നു (11:1). ആരാണ് ലാസർ എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ഒന്നാം വാക്യത്തിലുള്ളത്. എലെയാസർ (Eleazar) എന്ന ഹീബ്രുനാമത്തിന്റെ ചുരുക്കരൂപമായ ലാസർ (Lazar) എന്ന പദത്തിന്റെ അർത്ഥം 'ദൈവം സഹായിക്കുന്നവൻ' (he whom God helps) എന്നാണ്. ദൈവത്തിന്റെ കനിവു ലഭിച്ചവനാണ് ലാസർ. ഈ ലാസർ രോഗഗ്രസ്തനായിരുന്നു. അവന്റെ ശാരീരികാവസ്ഥയെ സൂചിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയാപദം അസ്തനെയോ (astheneo) എന്നാണ്. മനുഷ്യന്റെ ബലഹീനതയെയും, രോഗഗ്രസ്തമായ ദുർബലാവസ്ഥയെയും വ്യാധിഗ്രസ്തമായ സ്ഥിതിവിശേഷത്തെയും ഇത് അർത്ഥമാക്കുന്നു. പരിമിതികളും പരാധീനതകളും നിറഞ്ഞ ലാസർ അശക്തനാണ്. ദൈവം തുണയാകുമ്പോഴാണ് അവൻ ജീവനുള്ളവനും ദൃഢഗാത്രനുമാകുന്നത്.


രോഗഗ്രസ്തനായ ലാസർ ബഥാനിയാ പ്രദേശക്കാരനാണ്. ഒലിവുമലയുടെ കിഴക്കേചെരിവിൽ ജറുസലേമിൽനിന്ന് മൂന്നു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഗ്രാമമാണ് ബഥാനിയ. ബഥാനിയ (Bethania) എന്ന ഹീബ്രുപദത്തിന്റെ അർത്ഥം കഷ്ടതകളുടെ ഭവനം (house of affliction) എന്നാണ്. വ്യാധികളാൽ വലയുന്നവന്റെ വാസം ക്ലേശങ്ങളുടെ ഭവനത്തിലാണ്. അവിടേക്കാണ് ഈശോ പിന്നീട് കടന്നുവരുന്നതും ലാസറിനു ജീവൻ നല്കുന്നതും അങ്ങനെ അവിടം ആനന്ദത്തിന്റെ ഭവനമാകുന്നതും.

ലാസർ മർത്തായുടെയും മറിയത്തിന്റെയും സഹോദരനാണെന്ന് രണ്ടാം വാക്യം വ്യക്തമാക്കുന്നു (11:2). ഒപ്പം മറിയത്തിന്റെ വിശേഷണങ്ങളും സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നു. 'സഹോദരൻ' (brother, male sibling) എന്നർത്ഥം വരുന്ന അദെൽഫോസ് (adelphos) എന്ന ഗ്രീക്കുപദമാണ് ലാസറിനെ സൂചിപ്പിക്കാൻ ഇവിടെ ഉപയോഗിക്കുന്നത്. അലങ്കാരികമായ (figurative) അർത്ഥത്തെക്കാൾ അക്ഷരാർത്ഥത്തിലുള്ള (literal) ബന്ധത്തെയാണ് ഈ പദം ഇവിടെ കുറിക്കുന്നത്.

കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പറയാൻ ആ സഹോദരിമാർ അവന്റെ അടുക്കലേക്ക് ആളയച്ചു (11:3). ലാസറിനെക്കുറിച്ച് മറ്റൊരു വിശേഷണവും ഈ വാക്യത്തിൽ കണ്ടുമുട്ടുന്നു. സഹോദരിമാരായ മർത്തായും മറിയവും തങ്ങളുടെ സഹോദരനെക്കുറിച്ചു പറയുന്നത് അവൻ 'അങ്ങു സ്നേഹിക്കുന്നവൻ' (he whom you love) എന്നാണ്. സ്നേഹിക്കുക, ഇഷ്ടം കാണിക്കുക (love, have affection for) എന്നർത്ഥം വരുന്ന ഫിലെയോ (phileo) എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇക്കാരണത്താലാണ് ഈശോ സ്നേഹിച്ചിരുന്ന ശിഷ്യൻ ലാസറാണ് എന്നു പറയുന്നത്. രോഗാവസ്ഥയിലും ഈശോ മാത്രമാണു സഹായമെന്ന ഉറച്ച ബോധ്യത്തിൽനിന്നാണ് ആ സഹോദരിമാർ ഈശോയുടെ അടുക്കലേക്ക് ആളുകളെ അയയ്ക്കുന്നത്. ഉറച്ച വിശ്വാസത്തിന്റെ അടയാളമാണിത്.

അതു കേട്ടപ്പോൾ യേശു പറഞ്ഞു: ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത, ദൈവത്തിന്റെ മഹത്ത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ് (11:4). എന്താണു സംഭവിക്കാൻ പോകുന്നതെന്നതിന്റെ പ്രവചനാത്മക സൂചനയാണ് ഈ വാക്കുകളിൽ നിഴലിക്കുന്നത്. ഈ സ്നേഹിച്ചിരുന്ന സ്നേഹിതന്റെ രോഗത്തിന്റെ ആത്യന്തികലക്ഷ്യം ഈശോ ഇവിടെ വ്യക്തമാക്കുന്നു. ദൈവവും മനുഷ്യപുത്രനും മഹത്ത്വപ്പെടണം. ഒന്നാമതായി, രോഗബാധിതനായി മരണപ്പെടുന്ന ലാസറിന് 'ദൈവം സഹായകമാകും' അതായത് ഈശോ ലാസറിനു ജീവൻ നല്കുന്നതിലൂടെ ദൈവമഹത്ത്വം പ്രകടിതമാകും. രണ്ടാമതായി, രോഗഗ്രസ്തനായി മരണപ്പെട്ടവനു ജീവൻ നൽകിയതിലൂടെ ഈശോ തന്റെ മരണത്തിന്റെ വഴികളിലേക്കു നടന്നുകയറി. അങ്ങനെ ഈശോ കുരിശിൽ മരിച്ച് മഹത്ത്വീകൃതനായി. ദോക്സാ (doxa), ദോക്സാസോ (doxazo) എന്നീ രണ്ടു വാക്കുകളാണ് മഹത്ത്വത്തെ (glory) സൂചിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അടയാളങ്ങളുടെ പുസ്തകത്തിൽ (book of signs)നിന്ന് മഹത്ത്വത്തിന്റെ പുസ്തകത്തിലേക്ക് (book of glory) ഉള്ള ഈശോയുടെ യാത്ര ഇവിടെ ആരംഭിക്കുകയാണ്.

യേശു മർത്തായെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു. എങ്കിലും, അവൻ രോഗിയായി എന്നു കേട്ടിട്ടും യേശു താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസംകൂടി ചെലവഴിച്ചു (11:5-6). രോഗിയായ ലാസറിനെ കാണാൻ ഈശോ പോകാൻ താമസിച്ചതിനുകാരണം അവിടുത്തേക്ക് അവരോടു സൗഹൃദവും അനുകമ്പയും ഇല്ലാത്തതുകൊണ്ടല്ല, മറിച്ച്, അവരെ മൂന്നുപേരെയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ഈശോ പിതാവായ ദൈവത്തിന്റെ സമയത്തിനു വേണ്ടി കാത്തിരുന്നതാണ്. മനുഷ്യന്റെ സമയമല്ല, ദൈവത്തിന്റെ സമയം. ലാസറിന്റെ രോഗവിവരമറിഞ്ഞ ഈശോ ബഥാനിയായിലേക്കു പോകുന്നത് മൂന്നാം ദിവസമാണ്. മൂന്നാം ദിവസം ദൈവസഹായത്തിന്റെ ദിവസമാണ് (യോഹ. 2:1). കൂടാതെ, മൂവരോടുമുള്ള ഈശോയുടെ സ്നേഹം 'ദൈവകൃപ' അവർക്കു നൽകാനുള്ള സ്നേഹമാണ്.



ലാസറിന്റെ രോഗവിവരണത്തെത്തുടർന്ന് (11:1-6) ഈശോയും ശിഷ്യരും തമ്മിലുള്ള സംഭാഷണങ്ങളാണ് (11:7-16) സുവിശേഷകൻ അവതരിപ്പിക്കുന്നത്. മാനുഷികമായ ചിന്തകൾക്കും പദ്ധതികൾക്കുമപ്പുറം ദൈവഹിതത്തിനും ദൈവേഷ്ടത്തിനും വിധേയപ്പെടണമെന്ന ദർശനം ഈശോ ഇവിടെ പഠിപ്പിക്കുന്നു. 'യൂദയായിലേക്കു നമുക്കു പോകാം' (11:7) എന്ന ഈശോയുടെ വാക്കുകളോടു ശിഷ്യന്മാർ തടസ്സമാണു പറഞ്ഞത്. മാനുഷികപദ്ധതികളുടെ വെളിച്ചത്തിലാണു ശിഷ്യന്മാരുടെ സംഭാഷണങ്ങൾ. എന്നാൽ, ഈശോ ദൈവികമായി സംസാരിക്കുന്നു.

പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാല് തട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു. രാത്രി നടക്കുന്നവൻ തട്ടി വീഴുന്നു. കാരണം, അവനു പ്രകാശമില്ല (11:9-10). ഈശോ പറഞ്ഞ ഈ പൊതുസത്യപ്രസ്താവനയുടെ അർത്ഥമെന്താണ്? പകൽ, രാത്രി എന്നീ രണ്ടു പ്രതീകങ്ങളുപയോഗിച്ചു ദൈവപദ്ധതിയനുസരിച്ച് ജീവിക്കാൻ ഈശോ ശിഷ്യന്മാരെ പഠിപ്പിക്കുകയാണിവിടെ. സൂര്യോദയത്തോടെ ആരംഭിച്ച് സൂര്യാസ്തമയത്തോടെ അവസാനിക്കുന്ന പകലിനു പന്ത്രണ്ടു മണിക്കൂറാണുള്ളത്. ഇതു പ്രകാശത്തിന്റെ സമയമാണ്; ഒപ്പം പ്രവർത്തിക്കാനുള്ള സമയവും. ഈശോയ്ക്കു പ്രവർത്തിക്കാൻ പിതാവ് അനുവദിച്ചിരിക്കുന്ന സമയമാണിത്; ഒപ്പം, ഈശോയുടെ ശിഷ്യന്മാർക്ക് അവിടുത്തെ അനുഗമിക്കാനുള്ള സമയവും. പ്രകാശമായ ഈശോയോടൊത്തു നടക്കുന്നവൻ ഒരിക്കലും തട്ടിവീഴുന്നില്ല. പകലിനു ശേഷമുള്ളതു രാത്രിയാണ്, അത് അന്ധകാരത്തിന്റെ സമയമാണ്.

അവൻ തുടർന്നു: നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു (11:11). വാച്യാർത്ഥത്തിൽ പറയാതെ ഈശോ ഇവിടെ വ്യംഗ്യമായി സംസാരിക്കുകയാണ്. അക്കാലത്തെ സാഹിത്യശൈലിയനുസരിച്ച് മരണത്തെ 'ഉറക്കം' എന്നു വിശേഷിപ്പിച്ചിരുന്നു. കൊയ്മാവോ (koimao) എന്ന ഗ്രീക്കുപദത്തിന് ഉറങ്ങുക, മരണപ്പെടുക (sleep, die) എന്നീയർത്ഥങ്ങളുണ്ട്. ഉണർത്തുക, ജീവിപ്പിക്കുക (wake up, rouse, cause to become alive again) എന്നീയർത്ഥങ്ങൾ വരുന്ന എക്സുപ്നീസോ (exupniso) എന്ന പദവും ഇവിടെ ഉപയോഗിച്ചിരിക്കുന്നു. അക്കാരണത്താൽ ഉറക്കത്തിൽനിന്ന് ഉണർത്തുക എന്നതിന്റെ വ്യംഗ്യാർത്ഥം മരണത്തിൽനിന്നു ജീവനിലേക്കു കൊണ്ടുവരിക എന്നാണ്. ലാസറിന്റെ ഉറക്കം അവന്റെ മരണമാണ്. അവന്റെ ഉണരൽ മരിച്ചവരിൽനിന്നുള്ള ഉയിർപ്പാണ്.

നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ അവിടെ ഇല്ലാത്തതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു. നമുക്ക് അവന്റെ അടുത്തേക്കു പോകാം (11:15). ലാസറിന്റെ മരണം ദുഃഖകരമെങ്കിലും തന്റെ ശിഷ്യരെയോർത്ത് ഈശോ സന്തോഷിക്കുകയാണിവിടെ. 'ആനന്ദിക്കുക, സന്തോഷിക്കുക' (rejoice, be glad, be delighted) എന്നീയർത്ഥങ്ങളുള്ള ഖയ്റോ (chairo) എന്ന ഗ്രീക്കുപദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈശോ ജീവൻ പ്രദാനം ചെയ്യുന്ന ദൈവപുത്രനാണെന്ന ബോധ്യത്തിലേക്കും വിശ്വാസത്തിലേക്കും അവിടുത്തെ ശിഷ്യർ ഈ അടയാളം കാണുന്നതുവഴി കടന്നുവരുമെന്നതിലാണ് ഈശോയുടെ ആനന്ദം. ആ വിശ്വാസത്തിന്റെ ശക്തിപ്പെടുത്തലിലേക്കാണ് ഈശോ ശിഷ്യരെ ക്ഷണിക്കുന്നതും.

ദിദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (11:16). ഈശോയുടെ ക്ഷണത്തിനുള്ള മറുപടി ഒരാൾ മാത്രമാണു നൽകുന്നത്. അത് തോമാശ്ലീഹായാണ്. ദിദിമോസ് (didimos) എന്നത് ഗ്രീക്കുനാമമാണ് ഇരട്ട (twin) എന്നാണ് ഇതിന്റെ അർത്ഥം. ഇരട്ട എന്നർത്ഥം വരുന്ന ഹീബ്രുപദമാണ് തോമാ (thoma). ഈശോയുടെ ക്ഷണത്തോടുള്ള തോമായുടെ പ്രതികരണം ശ്ലീഹായുടെ വിശ്വാസത്തിന്റെ വളർച്ചയെയും അദ്ദേഹത്തിന്റെ ധൈര്യത്തെയും കുറിക്കുന്നു. ഈശോയുടെ 'കൂടെ' ചരിക്കാനുള്ള ഒരാഹ്വാനമാണ് തോമായുടെ വാക്കുകൾ നമുക്കു നൽകുന്നത്. പ്രകാശമായ അവിടുത്തെകൂടെ നടന്നാൽ നാം തട്ടിവീഴില്ല. ■

# അതിഥിത്തൊഴിലാളികൾ അരങ്ങുവാഴുമ്പോൾ

1-ാം പേജ് തുടർച്ച

മ്യാൻമറിൽനിന്ന് അഭയാർത്ഥികളായി ബംഗ്ലാദേശിലെത്തിയ രോഹിങ്ക്യൻ വിഭാഗങ്ങളും ഇക്കൂട്ടത്തിലുണ്ടെന്നു പറയപ്പെടുന്നതിൽ വ്യക്തത വരുത്തേണ്ടത് സർക്കാരാണ്. മ്യാൻമറിൽനിന്നു ബംഗ്ലാദേശിലേക്ക്; ബംഗ്ലാദേശിൽനിന്നു പുഴകടന്ന് ബംഗാളിലേക്ക്; നിങ്ങളെവിടെനിന്ന് എന്നു ചോദിച്ചാൽ കൽക്കട്ടയിൽനിന്ന് എന്നുള്ള മറുപടി. രേഖകൾ വല്ലതുമുണ്ടോയെന്ന ചോദ്യത്തിനു കാണിക്കുന്നത് ഹസ്തരേഖ മാത്രം. ചിലരാകട്ടെ ബാംഗ്ലൂരിൽനിന്നുള്ള വോട്ടർ ഐഡിയും കാണിക്കും. ഇതെങ്ങനെ കുടിയേറ്റത്തൊഴിലാളികൾ സംഘടിപ്പിക്കും? ആരാണിവരുടെ പിന്നിൽ, ഇവരുടെ ലക്ഷ്യമെന്ത്? തൊഴിൽ ആഭ്യന്തരവകുപ്പുകൾ ഉത്തരം നൽകാൻ ബാധ്യസ്ഥരാണ്.

**അവിദഗ്ധമേഖലകൾ കീഴടക്കി**

17.5 ലക്ഷത്തോളം കുടിയേറ്റക്കാർ കേരളത്തിൽ ജോലിക്കായി ആശ്രയിച്ചിരിക്കുന്നത് കെട്ടിടങ്ങളുൾപ്പെടെയുള്ള നിർമാണരംഗത്താണ്. 6.3 ലക്ഷത്തോളം പേർ ഫാക്ടറികളിലും വ്യവസായ ഉത്പാദനമേഖലയിലും മൂന്നു ലക്ഷത്തോളംപേർ കാർഷികവും അനുബന്ധവുമായ ജോലികളിലും. വൻകിട ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മൊത്ത ചെറുകിട വ്യാപാരങ്ങൾ എന്നുവേണ്ട സമൂഹത്തിന്റെ താഴേത്തട്ടുമുതൽ വിവിധങ്ങളായ അവിദഗ്ധമേഖലകളിലൊക്കെ അതിഥിത്തൊഴിലാളികൾ എത്തിച്ചേർന്നിരിക്കുന്നു. 16,000-20,000 രൂപയോളം മാസം ശരാശരി വരുമാനവുമുണ്ട്.

**തീവ്രവാദഗ്രൂപ്പുകൾ നുഴഞ്ഞുകയറിയോ?**

കിഴക്കമ്പലത്ത് പോലീസ് ജീപ്പ് കത്തിച്ച കുടിയേറ്റത്തൊഴിലാളികളുടെ അഴിഞ്ഞാട്ടത്തിന്റെ മറവിൽ കിറ്റെക്സ് കമ്പനിയെ പ്രതിക്കൂട്ടിലാക്കാൻ ശ്രമിച്ചവരുടെയും ശ്രമിക്കുന്നവരുടെയും രാഷ്ട്രീയ അജണ്ടകളും യാഥാർത്ഥ്യവും അന്വേഷിച്ചറിയേണ്ടതു തന്നെ. വോട്ടുബാങ്ക്‌രാഷ്ട്രീയമറവിൽ ആരോപണങ്ങൾ ഉന്നയിച്ച് സ്വയം അവഹേളിതരാകാൻ രാഷ്ട്രീയനേതൃത്വങ്ങൾ ശ്രമിക്കാതെ അതിഥിത്തൊഴിലാളികളുടെയിടയിലേക്കു നുഴഞ്ഞുകയറി അവരെ അക്രമത്തിലേക്കു നയിക്കുന്ന സംഘടിത തീവ്രവാദഗ്രൂപ്പുകളിലേക്ക് അന്വേഷണമാരംഭിക്കുവാൻ ഭരണസംവിധാനങ്ങൾക്കാവുമോ?

കൊവിഡ് ആരംഭകാലത്ത് ചങ്ങനാശ്ശേരിക്കടുത്ത് പായിപ്പാട് കേന്ദ്രമായി ഒറ്റരാത്രിയിലെ ഏതാനും മണിക്കൂറുകൾകൊണ്ട് പതിനായിരത്തോളം അന്യസംസ്ഥാനത്തൊഴിലാളികൾ കൊവിഡ് മാനദണ്ഡങ്ങളെല്ലാം അട്ടിമറിച്ച് കേരളത്തിലെ സർക്കാർ സംവിധാനങ്ങളെപ്പോലും നിഷ്ക്രിയരും നോക്കുകുത്തികളുമാക്കി തെരുവിൽ സംഘടിച്ചിറങ്ങിയതിന്റെ പിന്നിലാരെന്നു പരസ്യമായി വെളിപ്പെടുത്താൻ ഉത്തരവാദിത്വപ്പെട്ടവർ മടിക്കുന്നതെന്ത്?

കുടിയേറ്റത്തൊഴിലാളികൾ അതിഥിത്തൊഴിലാളികളായി അറിയപ്പെടുന്നത് കേരളത്തിൽ മാത്രമാണ്. ഇത് കേരളത്തിന്റെ സാംസ്കാരികമുന്നേറ്റമാണെന്നു നമുക്ക് അഭിമാനിക്കാമായിരിക്കാം. സംസ്ഥാനത്തേക്കു കടന്നുവരുന്നവരെ മാന്യതയോടെ സ്വീകരിക്കുക മലയാളിയുടെ കുടുംബമഹിമയും അന്തസ്സുമാണെന്നു പറഞ്ഞാലും തർക്കിക്കേണ്ടതില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും കുടിയേറുന്ന കേരളസമൂഹം ഇന്നും കുടിയേറ്റക്കാരായി മാത്രമാണ് അവിടങ്ങളിൽ

ദീർഘകാലലക്ഷ്യത്തോടെ, ഭാവിയിൽ സ്ഥിരതാമസമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നിലവിലുണ്ട്. ഈ പത്തുലക്ഷത്തിൽ ഏതാണ്ട് പത്തു ശതമാനത്തോളം പേർ കുടുംബമായി ഇതിനോടകം കേരളത്തിൽ താമസിച്ചുവരുന്നു. ശരാശരി രണ്ടു കുട്ടികളും ഇവർക്കുണ്ട്.

സംസ്ഥാനത്തെ ജില്ലാതല കണക്കുകൾ പരിശോധിച്ചാൽ അതിഥിത്തൊഴിലാളികളിൽ 28 ശതമാനവും എറണാകുളം ജില്ലയിലാണ്. 13.6 ശതമാനം തൃശൂർ, 9.7 ശതമാനം ആലപ്പുഴ, 9 ശതമാനം കോട്ടയം എന്നിങ്ങനെ



ളിൽ കണക്കാക്കപ്പെടുന്നതെന്നും ഓർമിക്കുക.

**ക്രിമിനലുകൾ കസറുമ്പോൾ**

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ 3650 ലേറെ ക്രിമിനൽ കേസുകളാണ് അതിഥിത്തൊഴിലാളികളുടേതായി കേരളത്തിലുള്ളത്. 2021 ൽ മാത്രം 1059 പേർ പ്രതികൾ. മയക്കുമരുന്നുപയോഗത്തിന്റെ പേരിൽ പ്രതികളായവർ വേറേ. കേരളത്തിലെ വിവിധ ജയിലുകളിൽ കൊലക്കയർ കാത്തുകഴിയുന്ന പതിനാറു പേരിൽ മൂന്നുപേർ അതിഥികളുടെ കൂട്ടത്തിൽപ്പെടുന്നു. കണ്ണൂർ ജയിലിലുള്ള പരിമൾ ബഹു, വിയ്യൂരുള്ള ആസാംകാരൻ അമിൻ ഇസ്ലാം, പൂജപ്പുരയുള്ള യു.പിക്കാരൻ നരേന്ദ്രകുമാർ എന്നിവരാണവർ. 2021 ൽ അതിഥിത്തൊഴിലാളികളുടേതായി രജിസ്റ്റർ ചെയ്ത കേസുകളിൽ പതിനേഴെണ്ണം കൊലപാതകമാണ്. പത്തെണ്ണം കൊലപാതകശ്രമവും 116 എണ്ണം സ്വത്തുകേസും 29 ബലാത്സംഗക്കേസും 31 കേസുകൾ പോക്സോ പ്രകാരമുള്ള കുട്ടികളെ പീഡിപ്പിച്ചതുമാണ്.

**മധ്യകേരളത്തിലെ മാറുന്ന സമവാക്യങ്ങൾ**

കേരളത്തിൽ ഏറ്റവും കൂടുതൽ അതിഥിത്തൊഴിലാളികൾ എത്തിച്ചേർന്നിരിക്കുന്നത് മധ്യകേരളത്തിലാണ്. 2017-18 ലെ കണക്കുകൾ പ്രകാരമുള്ള 31 ലക്ഷം കുടിയേറ്റത്തൊഴിലാളികളിൽ 21 ലക്ഷം താത്കാലികമായി എത്തിച്ചേർന്നവരെന്നാണു പറയപ്പെടുന്നത്. പത്തു ലക്ഷം പേർ പോകുന്നു ലഭ്യമായ കണക്കുകൾ. ചുരുക്കിപ്പറഞ്ഞാൽ അതിഥിത്തൊഴിലാളികളിൽ 68 ശതമാനവും മധ്യകേരളത്തിൽ. ഈ കണക്കുകൾ വിരൽചൂണ്ടുന്നത് മധ്യകേരളത്തിലെ രാഷ്ട്രീയ മത സാമൂഹിക സാംസ്കാരിക മേഖലകളിൽ വരുംനാളുകളിൽ വരാനിടയുള്ള മാറ്റങ്ങളിലേക്കാണ്. ഇന്ത്യൻപൗരന്മാരെന്ന നിലയിൽ ഭരണഘടനാപരമായ വോട്ടവകാശം കേരളത്തിൽ സ്ഥിരതാമസക്കാരായി കാലാന്തരത്തിൽ മാറാൻ സാധ്യതകളുള്ള അതിഥിത്തൊഴിലാളികൾക്കു നിഷേധിക്കാനാവില്ല.

സംഘടിതരൂപം കൈവരിക്കുന്ന അതിഥികളുടെ രാഷ്ട്രീയ സ്വാധീനവും മധ്യകേരളത്തിൽ വരുംനാളുകളിൽ ശക്തമാകും. നിലവിലുള്ള രാഷ്ട്രീയമുന്നണികളെ വെല്ലുവിളിക്കുന്ന ബാഹ്യശക്തികൾ രൂപപ്പെട്ടേന്നും വരാം. സംഘടിതശക്തികളായി മറ്റൊരു സംസ്ഥാനത്തും കുടിയേറ്റത്തൊഴിലാളികൾ മാറിയിട്ടില്ല. രാഷ്ട്രീയപ്പാർട്ടികളും ചില തീവ്രവാദഗ്രൂപ്പുകളും നടത്തുന്ന അണിയറ അജണ്ടകൾ മധ്യകേരളത്തിൽ വിവിധ തലങ്ങളിൽ ഇവരിലൂടെ മാറ്റങ്ങൾ സൃഷ്ടിക്കാം. മതവും ജാതിയും തിരിച്ചുള്ള സർവേ കണക്കുകൾ ഔദ്യോഗികമായി ലഭ്യമല്ലെങ്കിലും മുസ്ലീം - ഹൈന്ദവവിഭാഗങ്ങളാണ് അതിഥിത്തൊഴിലാളികളിലേറെയുമെന്നാണു വ്യക്തമാകുന്നത്. ക്രൈസ്തവർ വിരലിലെണ്ണാവുന്നവർ മാത്രം. ഇതെല്ലാം മധ്യകേരളത്തിലെ മതരാഷ്ട്രീയസമവാക്യങ്ങളെ ഭാവിയിൽ സ്വാധീനിക്കാം.

**കുടിയേറ്റക്കാർക്കുള്ള പരിപാലനങ്ങൾ**

കുടിയേറ്റത്തൊഴിലാളികളുടെ കേരളത്തിലെ ജീവിതസാഹചര്യങ്ങൾ ഏറെ ദയനീയമാണെന്നതു വാസ്തവംതന്നെ. കേരളസമൂഹത്തിന്റെ സാക്ഷര സാംസ്കാരിക ജീവിതനിലവാരം ഒരു പരിധിവരെ ഇവർക്കില്ലെങ്കിലും മനുഷ്യർക്കുതകുന്ന ജീവിതചുറ്റുപാടുകൾ നൽകേണ്ടത് നമ്മുടെ കടമയാണ്. ഒത്തുകൂടി താമസിക്കുന്നവരാണ് 96 ശതമാനവും. ഇതിൽ 36 ശതമാനവും താത്കാലിക ഷെഡിൽ. അനുബന്ധസാഹചര്യങ്ങളാകട്ടെ ഏറെ വൃത്തിഹീനവും രോഗസാധ്യതകളേറെയുള്ളതും.

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആവാസിൽ 13 ശതമാനം പേർ മാത്രം പങ്കുചേരുന്നു. 55.6 ശതമാനം കുടിയേറ്റത്തൊഴിലാളികളും വിവിധ രോഗങ്ങൾക്ക് അടിമകളുമാണ്. കാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, രക്തസമ്മർദം, ഡയബറ്റിസ് തുടങ്ങിയവയ്ക്കുപുറമേ അപകടങ്ങളിൽപ്പെട്ട് കൈകാലുകളിൽ ക്ഷതമേറ്റവരും മാനസികസമ്മർദമനുഭവിക്കുന്നവരുമുണ്ട്. 13.5 ശതമാനത്തിന് സാധാരണ രോഗങ്ങൾ മാത്രം. ഇക്കൂട്ടരുടെ ആരോഗ്യപ്രശ്നങ്ങളും ജീവിതനിലവാരത്തിലെ പിന്നാക്കാവസ്ഥയും സർക്കാരിന്റെ ഇടപെടലുകൾ ആവശ്യമുള്ള മേഖലകളാണ്. ജോലികളിലുള്ള അവ്യക്തതയോടൊപ്പം വിവിധങ്ങളായ കാരണങ്ങളാൽ തൊഴിൽസാധ്യതകൾ മങ്ങുന്നതും ഉയർന്ന ജീവിതച്ചെലവും അതിഥിത്തൊഴിലാളികളെ കൂടുതൽ സമ്മർദത്തിലാക്കുന്നു.

**അതിഥികൾക്കും സംവരണം**

വിദ്യാഭ്യാസ, സർക്കാർ ജോലികളിൽ അതിഥിത്തൊഴിലാളികൾക്കും സംവരണമേർപ്പെടുത്താനുള്ള നീക്കം സജീവമാക്കുകയാണ് സംസ്ഥാന സർക്കാർ. സ്വന്തം മണ്ണിലെ ജനസമൂഹത്തിന്റെ ജീവിതം കുഴിച്ചുമൂടിയാലെന്ത്, സംഘടിത അതിഥികൾക്കു സംരക്ഷണം കൊടുത്ത് കാലക്രമേണ വോട്ടാക്കി അധികാരം നിലനിർത്താനുള്ള ഇടതുപക്ഷതന്ത്രമാണിത്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്നു താമസിക്കുന്നവരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഇ.ഡബ്ല്യു.എസ്. സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കാര്യമാണ് സർക്കാർ പരിഗണിക്കുന്നത്. ഇതോടെ കേരളത്തിലെ മുന്നാക്കസംവരണാനുകൂല്യം ലഭിക്കുന്നവരെയാകും ഇതു ബാധിക്കുക. സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്ല്യു.എസ്.) 103-ാം ഭരണഘടനാഭേദഗതിയിലൂടെ 2019 ൽ കേന്ദ്രസർക്കാർ പത്തു ശതമാനം സംവരണം ഏർപ്പെടുത്തിയിരുന്നു. സംസ്ഥാനങ്ങളിൽ ഇതു ബാധകമാക്കുന്നത് അതതു സംസ്ഥാന സർക്കാരുകൾക്ക് തിരുമാനിക്കാനും അധികാരം നൽകി. ഇതനുസരിച്ച്, ജസ്റ്റീസ് കെ. ശശിധരൻനായർ കമ്മീഷനെ നിർദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ നിയോഗിച്ചു. വാർഷിക കുടുംബവരുമാനം നാലുലക്ഷത്തിൽ താഴെയുള്ളവർക്ക് സാമ്പത്തികസംവരണം നൽകാമെന്ന കമ്മീഷന്റെ ശിപാർശ 2020 ഒക്ടോബറിൽ സർക്കാർ നടപ്പാക്കി. ദേശീയതലത്തിൽ സംവരണേതരവിഭാഗങ്ങൾക്കായി നടപ്പാക്കിയ സംവരണം മറ്റൊരു സംസ്ഥാനത്തുനിന്നു വന്ന് സ്ഥിരതാമസമാക്കി എന്നതുകൊണ്ട് നിഷേധിക്കാനാകില്ലെന്നാണു വിലയിരുത്തൽ. ഇതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അതിഥിത്തൊഴിലാളികൾക്കും സംവരണമേർപ്പെടുത്താനുള്ള തീരുമാനത്തിലേക്കു നീങ്ങുന്നത്.

**അതിഥികൾ ആതിഥേയരാകുന്നു**

കേരളത്തിന്റെ വിവിധങ്ങളായ മണ്ഡലങ്ങളിൽ അതിഥിത്തൊഴിലാളികൾ നിർണായകപങ്കു വഹിക്കുന്നവരായിട്ടുണ്ടെന്നു മാത്രമല്ല, ഒഴിവാക്കാൻ പറ്റാത്ത കണ്ണികളുമാണ്. സൗഹാർദത്തോടെ സ്വദേശികളെ സ്വീകരിക്കുന്നവരും സമീപിക്കുന്നവരും നല്ല സേവനം നൽകുന്നവരും ഇക്കൂട്ടത്തിലുണ്ട്. നാടിന്റെ നഗരവത്കരണപ്രക്രിയയിലും അവിദഗ്ധമേഖലകളിലും ഇക്കൂട്ടരുടെ പങ്കാളിത്തം അതിവിശിഷ്ടംതന്നെ. മാന്യതയും പക്വതയും പെരുമാറ്റത്തിൽ കാത്തുസൂക്ഷിക്കുന്നവരുമുണ്ട്.

അതേസമയം, കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സംഘടിതമായി തുടരുന്ന അതിഥികളുടെ അക്രമങ്ങളെ ഭരണനേതൃത്വങ്ങൾ നിസ്സാരവത്കരിക്കരുത്. കുടിയേറ്റത്തൊഴിലാളികൾ സംഘടിതരൂപം കൈവരിച്ചിരിക്കുന്നതുകൂടാതെ തീവ്രവാദഗ്രൂപ്പുകളുടെ സ്ലീപ്പിങ് സെല്ലുകൾ ഇവരുടെയിടയിൽ രൂപപ്പെട്ടിട്ടുണ്ടെന്നുള്ളതും മുഖ്യമായ വിഷയമാണ്. കേരളത്തിന്റെ ഭരണം നിയന്ത്രിക്കുന്ന വോട്ടുബാങ്കായി നാളെ ഇവർ മാറാം. ഇടത്-വലത്-ബിജെപി മുന്നണികൾക്കപ്പുറം മതതീവ്രവാദശക്തികൾക്കുപിന്നിൽ വിലപേശൽകേന്ദ്രങ്ങളായി അണിചേരുന്നത് ഇക്കൂട്ടരായിരിക്കും. ഇതിന്റെ ഏറ്റവും വലിയ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നതും രാഷ്ട്രീയ സാമൂഹികമാറ്റങ്ങൾക്കു വിധേയമാകുന്നതും പ്രധാനമായും മധ്യകേരളവുമായിരിക്കും. ഒന്നുകൂടി വ്യക്തമാക്കിയാൽ, മധ്യകേരളത്തിലെ പ്രമുഖമായ ക്രൈസ്തവസമുദായത്തിന്റെ നിലനില്പുപോലും ഭാവിയിൽ ഇവരുടെ മറവിൽ ചോദ്യം ചെയ്യപ്പെട്ടേക്കാം. യൂറോപ്പിലേക്ക് ഒഴുകിയെത്തിയ അഭയാർത്ഥികളെ രണ്ടു കൈയും നീട്ടി സ്വീകരിച്ചവരുടെ അനുഭവം ഓർമിക്കുന്നതും ഏറെ നല്ലത്. ■



# കണ്ണീരിലും ചോരയിലും കുതിർന്ന് നൈജീരിയ

സി. സോണിയ തെരേസ് ഡി.എസ്.ജെ.

**അ**വിചാരിതമായിട്ടാണ് ആ നൈജീരിയൻ വൈദികനെ (ഫാ. ജോഷ്വാ - യഥാർത്ഥ പേരല്ല) ഞാൻ കണ്ടുമുട്ടിയത്. വി. കുർബാനയ്ക്കുമുമ്പ് അതിരാവിലെ ഒരു മണിക്കൂർ ദിവ്യകാരുണ്യ ഈശോയെ എഴുന്നള്ളിച്ചുവച്ച് ആരാധന നടത്തുന്ന അദ്ദേഹം റോമിലെ പ്രശസ്തമായ ഒരു യൂണിവേഴ്സിറ്റിയിൽ ഫിലോസഫി പ്രൊഫസറാണ്. നൈജീരിയയിൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷികളാവുകയും ചെയ്യുന്നത് സ്ഥിരം വാർത്തയായതിനാൽ ആ രാജ്യത്തെക്കുറിച്ചും ക്രൈസ്തവരുടെ അവസ്ഥയെക്കുറിച്ചും കൂടുതലറിയാൻ എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു. പലപ്പോഴും സംസാരത്തിനിടയിൽ അദ്ദേഹത്തോട് അവിടുത്തെ അവസ്ഥയെക്കുറിച്ച് അന്വേഷിക്കുക പതിവാക്കി.

ആദ്യമൊക്കെ അല്പം മടി കാണിച്ചെങ്കിലും ഒത്തിരിയേറെ വേദനയോടെ, പലപ്പോഴും നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം പങ്കുവച്ചത് ഭയാനകമായ സത്യങ്ങളായിരുന്നു. നൈജീരിയയുടെ സൗത്ത് ഭാഗം വളരെ ശാന്തമാണെങ്കിലും നോർത്ത് നൈജീരിയിൽ അതിദാരുണമായ പീഡനങ്ങൾക്കു ക്രിസ്ത്യാനികൾ ഇരയാകുന്നു. പലരും ഗോത്രങ്ങൾ തമ്മിലുള്ള പ്രശ്നമായി നിസാരവത്കരിക്കാൻ ശ്രമിക്കുമ്പോഴും ക്രിസ്തീയപീഡനം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുകയാണ്. സ്കൂൾകുട്ടികളെ കൂട്ടത്തോടെയും ഒറ്റയായും തട്ടിക്കൊണ്ടുപോവുകയും നിർബന്ധിതവിവാഹത്തിനും മതപരിവർത്തനത്തിനും ഇരയാക്കുകയും ചെയ്യുന്നു. പ്രണയചതിക്കുഴികളിൽ (ലൗ ജിഹാദ് - ഈ സത്യം നമ്മിൽ പലരും അംഗീകരിച്ചില്ലെങ്കിലും ലോകത്തിന്റെ ഭാഗങ്ങളിലും നിലനിൽക്കുന്ന നഗ്നയാഥാർത്ഥ്യമാണ്) വീണും ക്രിസ്ത്യാനികൾ മതപരിവർത്തനത്തിനു നിർബന്ധിതരാകുന്നു. ദേശത്തുള്ള സമ്പന്നരെത്തന്നെ നോട്ടമിടുകയും അവരുടെ മക്കളെ വലയിൽ വീഴ്ത്താൻ ആൺ-പെൺ വ്യത്യാസമില്ലാതെ പല സംഘങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു.

സമ്പന്നരായ ക്രിസ്ത്യാനികളുടെ സ്ഥാപനങ്ങളെ നോട്ടമിടുന്ന മുസ്ലീം തീവ്രവാദികൾ ആ സ്ഥാപനങ്ങളിലെ



ഉടമസ്ഥരെ തട്ടിക്കൊണ്ടു പോവുകയും മോചനദ്രവ്യമായി പണം ആവശ്യപ്പെടുകയും ചെയ്യും. വളരെ വലിയ തുക മോചനദ്രവ്യമായി തീവ്രവാദികൾ പറഞ്ഞ സ്ഥലത്ത് എത്തിക്കുമ്പോൾ വീണ്ടും കൂടുതൽ പണം ആവശ്യപ്പെടും. ഇത്ര മണിക്കൂറുകൾക്കിടയിൽ കൊടുത്തില്ലെങ്കിൽ തട്ടിക്കൊണ്ടുപോയ വ്യക്തിയെ കൊല്ലുമെന്ന ഭീഷണി വീണ്ടും വരും. തങ്ങളുടെ പ്രിയപ്പെട്ടവരെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്ന മോഹത്തോടെ വീണ്ടും പണത്തിനായി ബന്ധുക്കൾ ഓടിനടക്കുമ്പോൾത്തന്നെ മൃതശരീരം എടുത്തുകൊണ്ടു പൊയ്ക്കൊള്ളാൻ പറഞ്ഞ് അടുത്ത കോൾ ബന്ധുകളെ തേടിയെത്തും. അപ്പോഴേക്കും എല്ലാം കഴിഞ്ഞിരിക്കും. പണവും പോകും; തട്ടിക്കൊണ്ടു പോയവരുടെ ജീവനും നഷ്ടപ്പെടും.

കഴിഞ്ഞ ജൂലൈ മാസം അവസാനം തന്റെ രൂപതയിലുള്ള വൈദികരെയും വൈദികവിദ്യാർത്ഥികളെയും കണ്ട് സംസാരിക്കാനായി ഫാ. ജോഷ്വായുടെ മെത്രാൻ നൈജീരിയയിൽനിന്നു റോമിലെത്തി. ഇരുപത്തഞ്ചോളം വൈദികരും സെമിനാരിവിദ്യാർത്ഥികളും മെത്രാനോടൊപ്പം വളരെ ലളിതമായ ഒരു ആഫ്രിക്കൻ ഡിന്നർ കഴിച്ചു തങ്ങളുടെ സന്തോഷം പങ്കിടുന്നതിനിടയിൽത്തന്നെ അവരിൽ ഒരു വൈദികനെത്തേടി നൈജീരിയയിൽനിന്ന് ഒരു ഫോൺകോൾ വന്നു. ഏതാനും മിനിറ്റുകൾ മാത്രം ഫോണിൽ സംസാരിച്ച ആ വൈദികൻ പരിസരം മറന്ന് വാവിട്ടു നിലവിളിച്ചതു കേട്ട് ഡിന്നറിന്റെ ആഘോഷത്തിലായിരുന്നവർ പെട്ടെന്നു നിശ്ശബ്ദരായി.

ഏറെ സമയം കഴിഞ്ഞതിനു ശേഷം മാത്രമാണ് തന്റെ ഭവനത്തിൽ സംഭവിച്ച ഒരു വലിയ ദുരന്തം അദ്ദേഹത്തിനു തന്റെ ചുറ്റുമുള്ളവരോടു പങ്കുവയ്ക്കാൻ സാധിച്ചത്: മുകളിൽ പറഞ്ഞതുപോലെതന്നെ, അദ്ദേഹത്തിന്റെ ഏക സഹോദരനെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോവുകയും മോചനദ്രവ്യം ആവശ്യപ്പെട്ടു കൊല്ലുകയും ചെയ്തു. അവരുടെ ടൗണിലെ ഏറ്റവും വലിയ സൂപ്പർ മാർക്കറ്റിന്റെ ഉടമയായിരുന്നു മരിച്ച വ്യക്തി. നൈജീരിയൻഭൂമിയിൽ ആൺ-പെൺ വ്യത്യാസമില്ലാതെ അനേകായിരങ്ങളുടെ നിഷ്കളങ്കമായ കണ്ണുനീർ അനുദിനമെന്നോണം വീഴുന്നുണ്ട്. ഇഞ്ചിഞ്ചായി മുറിക്കപ്പെടുമ്പോഴും തങ്ങളുടെ വിശ്വാസത്തെ പരിത്യജിക്കാതെ ധീരരക്തസാക്ഷിത്വം വരിക്കുന്ന ആ സഹോദരങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ നമ്മുടെ പ്രാർത്ഥനയുടെ സ്വരം ദൈവതിരുമുമ്പിലേക്ക് ഉയർത്താം.

തീവ്രവാദം ഏതു രാജ്യത്തായാലും ഭാഷയിലായാലും അത് എന്നും തീവ്രവാദംതന്നെയാണ്. അത് എതിർക്കപ്പെടേണ്ടതാണ്. അതിനെ വെള്ളപൂശാൻ പരിശ്രമിക്കുന്നവർ വലിയ ദുരന്തമാണ് ക്ഷണിച്ചുവരുത്തുന്നത്.

---

ബാലനോവൽ 10 രാമപുരം മണി



## ധനുമാസത്തിലെ പൗർണമി

**ഇ**പ്പോഴാണ് സംഗതികളുടെ കിടപ്പ് മന്ത്രി സോമദേവനു മനസ്സിലായത്.

അന്നു നായാട്ടിനുപോയി വന്നതിൽപ്പിന്നെ രാജകുമാരിയിലുണ്ടായ മാറ്റം എല്ലാവരും സംശയത്തോടെയാണു വീക്ഷിക്കുന്നത്. അതിന്റെ കാര്യങ്ങളൊക്കെ ഒരുവിധം അറിയാമെങ്കിലും രാജാവും രാജ്ഞിയും മൗനം ദീക്ഷിക്കുന്നു. അതെന്താണ്?

രാജകുമാരി സുഗന്ധിയെ സ്നേഹിക്കുന്നതൊരു നിസ്സാരപ്പെട്ട ആളല്ല. രാക്ഷസനാണ്. ബലവാനായ ഒരു രാക്ഷസൻ വിചാരിച്ചാൽ എന്താണു നടക്കാത്തത്. രാക്ഷസപ്രവീണൻ രാജകുമാരിയെ സ്നേഹിക്കുന്നു. അവളെ മനസ്സിൽ പ്രതിഷ്ഠിച്ചു നടക്കുന്നതുകൊണ്ടാണല്ലോ ഒരു നോക്കു കാണാൻവേണ്ടി പ്രവീണൻ രാജകൊട്ടാരത്തിൽ അതിക്രമിച്ചു കടന്നത്. അയാൾക്കുവേണമെങ്കിൽ ഒരൊറ്റനിമിഷം കൊണ്ട് രാജകുമാരിയെ സ്വന്തമാക്കാം. പക്ഷേ, രാക്ഷസൻ ഒരു നല്ല സ്വഭാവക്കാരനാണെന്നു തോന്നുന്നു. അല്ലെങ്കിൽ പണ്ടേ അയാൾ സുഗന്ധിയെ തട്ടിക്കൊണ്ടുപോയേനെ. തനിക്കു കളത്തിലിറങ്ങിക്കളിക്കാൻ ഇതൊരവസരമാണെന്നു ദുഷ്ടനായ മന്ത്രി സോമദേവനു തോന്നി. തന്റെ മകൻ പ്രേമസ്വരൂപനു രാജകുമാരി എന്തുകൊണ്ടും അനുയോജ്യതന്നെ. തന്റെ മകനെന്താണൊരു കുറവ്. സൗന്ദര്യമുണ്ട്. സമ്പത്തുണ്ട്. തനിക്കുശേഷം അവനെ



രാജകൊട്ടാരത്തിലെ മന്ത്രിയാക്കണം. അതിനുള്ള കരുക്കൾ താൻ നീക്കിത്തുടങ്ങിയിട്ടുണ്ട്. സോമദേവന്റെ ചുണ്ടിലൊരു പുഞ്ചിരി വിടർന്നു. തൽക്കാലം രാക്ഷസനെ അനുനയത്തിൽ നിർത്തുക. എന്നിട്ട് മെല്ലെ അവനെ ഇല്ലാതാക്കുക.

അന്നു വീട്ടിൽ ചെന്നപ്പോൾ ഭാര്യ മന്ദാകിനിയോട് സോമദേവൻ വിവരമെല്ലാം പറഞ്ഞു. എല്ലാം സശ്രദ്ധം കേട്ടശേഷം മന്ദാകിനി ഭർത്താവിനോടു പറഞ്ഞു.

"നമ്മുടെ മകനു രക്ഷപ്പെടാൻ ഒരു മാർഗം തെളിഞ്ഞിരിക്കുന്നു അല്ലേ ജീവനാഥാ."

മന്ദാകിനി കുശുമ്പിയും സാമർത്ഥ്യമുള്ളവളുമായിരുന്നു. അവരുടെ മകൻ പ്രേമസ്വരൂപനാകട്ടെ വിഡ്ഢിയും വിവരമില്ലാത്തവനുമാണ്. എന്നാൽ അവൻ കാഴ്ചയ്ക്ക് സുന്ദരനായിരുന്നു.

"നിങ്ങൾ രാജാവിനെ എങ്ങനെയെങ്കിലും വാചകമടിച്ചു വശത്താക്കുക. എന്നിട്ടു രാജകുമാരിയെ നമ്മുടെ മകനെക്കൊണ്ടു വിവാഹം ചെയ്യിപ്പിക്കുക. അങ്ങനെയായാൽ നാം രാജ്യത്തിന്റെ അവകാശികൾ കൂടിയാവും." ധനമോഹിയായ മന്ദാകിനി പറഞ്ഞു.

"നീ ദീർഘവീക്ഷണത്തോടുകൂടിയാണു പറഞ്ഞതു മന്ദാകിനീ. ഞാൻ നാളെത്തന്നെ സത്യധർമമഹാരാജാവിനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാം. അല്പം പൊടിപ്പും തൊങ്ങലുമൊക്കെ വച്ചു തട്ടിവിട്ടേക്കാം." സോമദേവൻ പറഞ്ഞതു ഭാര്യ മന്ദാകിനിക്കിഷ്ടപ്പെട്ടു. രാജാവിനെ വശത്താക്കാൻ തന്റെ ഭർത്താവു മിടുക്കനാണെന്നവൾക്കറിയാം.

എവിടെ പ്രേമസ്വരൂപൻ? രാവിലെ വീട്ടിൽനിന്നിറങ്ങിയതാണല്ലോ. കുറെ ചീത്ത കൂട്ടുകാരുണ്ടവന്. വല്ലടത്തുമൊക്കെ തെണ്ടി നടന്നു ചൂതുകളിച്ചു കാശുകളയലാണവന്റെ ഹോബി. അച്ഛൻ അവനോടൊന്നും മറുത്തു പറയില്ല. അവനതു വളമായി. ഭക്ഷണം കഴിക്കാൻ നേരം കയറി വരും. മൂക്കുമുട്ടെ തിന്നും. പോത്തിനെപ്പോലെ കിടന്നുറങ്ങും. സന്ധ്യക്കെണീറ്റു വീണ്ടും പറത്തുപോകുമവൻ.

"മകനേ പ്രേമസ്വരൂപാ, നിന്റെയീ ചീത്ത കൂട്ടുകെട്ടുകൾ അവസാനിപ്പിക്കാതെ നിനക്കു നല്ലൊരു വിവാഹമുണ്ടാവില്ല."

"വാ മകനേ വാ... നീയിടക്കിത്രേം നേരം ഭക്ഷണം കഴിക്കാതെ എവിടെയായിരുന്നു പുത്രാ?"

"ഞാൻ കൂട്ടുകാരുടെ കൂടെ കളിക്കുകയായിരുന്നു മാതാവേ..." പ്രേമസ്വരൂപൻ കൊഞ്ചിക്കൊണ്ടു പറഞ്ഞു.

"കളിക്കാൻ നല്ല പ്രായം. വയസ്സിരുപത്തിരണ്ടു കഴിഞ്ഞു. ജീവിതത്തെപ്പറ്റി നിനക്കു വല്ല ചിന്തയുമുണ്ടോ മകനേ."

"എന്തിനമ്മേ ആവശ്യമില്ലാത്ത കാര്യമൊക്കെ ചിന്തിച്ചു മനസ്സു പുണ്ണാക്കുന്നത്... എന്റെ അച്ഛൻ ഈ രാജ്യത്തെ മന്ത്രിയാണ്. പിന്നെ നമ്മളെന്തിനു വ്യാകുലപ്പെടണം?" പ്രേമസ്വരൂപൻ പറഞ്ഞു.

ഇവനാണോ പൊട്ടൻ? വിവരമില്ലാത്തവൻ...

മന്ദാകിനി മനസ്സിൽ വിചാരിച്ചു.

സാഹചര്യവും സമയവും ഒത്തുവന്നപ്പോൾ സോമദേവൻ രാജാവിനോടു പറഞ്ഞു:

"മഹാരാജൻ, എനിക്ക് അങ്ങയോടു ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്."

"അതിനീ മുഖവുര ആവശ്യമുണ്ടോ മന്ത്രീ. പറഞ്ഞോളൂ നാം കേൾക്കാൻ തയ്യാറാണ്."

"ഇന്നലെ ഇവിടെ വന്നു ബഹളമുണ്ടാക്കിയ രാക്ഷസൻ ആരാണെന്ന് അങ്ങേക്കറിയാമോ?"

"ഇല്ല."

"രാജകുമാരിയെ സ്നേഹിക്കുന്നയാളാണവൻ."

"ങേ... മന്ത്രീ..." സത്യധർമരാജാവു കോപാകുലനായി ചാടിയെണീറ്റു.

"അവിടന്നു സമാധാനിക്കണം. ഇക്കാര്യം എന്താണെന്നെങ്കിലും അവിടന്നറിയണം. അതുകൊണ്ടു പറഞ്ഞുപോയതാണ്. തെറ്റാണെങ്കിൽ അടിയനോടു പൊറുക്കണം." മന്ത്രി സോമദേവൻ വളരെ വിനീതനായി രാജാവിന്റെ മുമ്പിൽ അഭിനയിച്ചു.

(തുടരും)

# ദരിദ്രരുടെ സംരക്ഷകൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഫ്രാൻസിസ് മാർപാപ്പാ 2022 മേയ് പതിനഞ്ചിന് വിശുദ്ധനായി പ്രഖ്യാപിച്ച ഇറ്റാലിയൻ ഇടവകവൈദികൻ വിശുദ്ധ ലൂയിജി മരിയ പലസ്സോളോ (1827 – 1886)**

**വ**ടക്കേ ഇറ്റലിയിലെ ബെർഗാമോ നഗരിയിൽ 1827 ഡിസംബർ 10-ാം തീയതിയാണ് ലൂയിജി മരിയ പലസ്സോളോ (Luigi Maria Palazzolo) ഭൂജാതനായത്. ഉത്തമരായ മാതാപിതാക്കൾ, ഒത്താവിയോയുടെയും തെരേസായുടെയും ശിക്ഷണത്തിൽ ക്രൈസ്തവമൂല്യങ്ങൾ സ്വാംശീകരിച്ചു വളർന്നുവന്ന ലൂയിജി ചെറുപ്രായത്തിൽത്തന്നെ ഇടവകയിലെ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ തുടങ്ങി. ആസ്പത്രികളിലും വീടുകളിലുമായി കഴിയുന്ന ദരിദ്രരായ രോഗികളെ മുതിർന്ന ഒരു വ്യക്തിയോടൊപ്പം സന്ദർശിക്കുകയും അവർക്കു ഭക്ഷണവും വീട്ടിൽനിന്നു കിട്ടുന്ന പണവും നല്കുകയും ചെയ്തുപോന്നു. അങ്ങനെ ബാല്യത്തിൽത്തന്നെ സഹോദരസ്നേഹംനിറഞ്ഞ വിശുദ്ധമായ ഒരു ജീവിതം നയിക്കാനുള്ള ആഗ്രഹം അവനിൽ ഉളവായി.

സ്കൂൾ വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ ലൂയിജി വൈദികസെമിനാരിയിൽ പഠനം ആരംഭിച്ചു. 1850 ജൂൺ 23 ന് വൈദികനായി. പൗരോഹിത്യജീവിതത്തിന്റെ ആദ്യവർഷങ്ങളിൽത്തന്നെ സ്വന്തം ഇടവകയിലെ ബാലികാബാലന്മാരെ ഒന്നിച്ചുകൂട്ടി വിശ്വാസപരിശീലനം നല്കിപ്പോന്നു. കുട്ടികളുടെ മാനസികോല്ലാസത്തിനും പ്രാധാന്യം നല്കിയിരുന്നു. തനിക്കു ലഭിച്ച കുടുംബസ്വത്തും ഈ പ്രവർത്തനങ്ങൾക്കായി അദ്ദേഹം വിനിയോഗിച്ചു. സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്തവർക്കായി ഇടവകയിൽ ഒരു പ്രൈവറ്റ് സ്കൂളും ആരംഭിച്ചു.



പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുള്ള ചുമതല ഏറ്റെടുക്കാൻ തെരേസ ഗബ്രിയേലി എന്ന യുവതി മുന്നോട്ടു വന്നു. ഏതെങ്കിലും ഒരു സന്ന്യാസിനീസമൂഹത്തിൽ അംഗമാകണമെന്ന് ആഗ്രഹിച്ചിരുന്ന അവരെയും മറ്റ് ഏതാനും പേരെയും ചേർത്ത് രൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഫാദർ ലൂയിജി ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.

ആ കാലഘട്ടത്തിൽ അദ്ദേഹം റോമിൽവച്ച് ഒരു ധ്യാനത്തിൽ പങ്കെടുത്തു. ക്രൂശിതനായ ഈശോയ്ക്കുവേണ്ടി സമ്പൂർണദാരിദ്ര്യത്തിൽ ജീവിക്കണമെന്ന പ്രചോദനം ലഭിച്ച അദ്ദേഹം താൻ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടിന് സിസ്റ്റേഴ്സ് ഓഫ് ദി പൂവർ എന്ന പേരു നല്കി.

വൈദികർക്കായി 'തിരുക്കുടുംബത്തിന്റെ സഹോദരന്മാർ' എന്ന ഒരു സമൂഹവും അദ്ദേഹം ആരംഭിച്ചു.

ദാരിദ്ര്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും ജീവിതം നയിച്ചിരുന്ന ഈ നല്ലിടയന്റെ ആരോഗ്യം ക്രമേണ ക്ഷയിക്കുകയും 1886 ജൂൺ മാസം 15-ാം തീയതി 58-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിയുകയും ചെയ്തു.

അദ്ദേഹം സ്ഥാപിച്ച സന്ന്യാസിനീസമൂഹം 1921 ൽ നാമകരണനടപടികൾ ആരംഭിക്കാൻ ബെർഗമോ രൂപതയിൽ അപേക്ഷ നൽകി.

1963 നവംബർ മാസം 19-ാം തീയതി ജോൺ 23-ാം മാർപാപ്പാ ലൂയി ജി മരിയ പലസ്സോളോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ഇരുവരും ബെർഗമോയിൽനിന്നുള്ളവരാണെന്ന കാര്യം അന്ന് അനുസ്മരിക്കപ്പെട്ടു.

ജൂൺ 15 നാണ് തിരുനാൾ ദിനമായി നിശ്ചയിച്ചിരിക്കുന്നത്. ■

# ഈ സേവനത്തിന്റെ മൂല്യം ആരറിയുന്നു?

■ കോട്ടയം ബാബു

**മി**ന്നിത്തിളങ്ങുന്ന സിനിമാതാരങ്ങളും കോടികൾ പ്രതിഫലം വാങ്ങുന്ന കായികതാരങ്ങളും അരങ്ങുവാഴുന്ന ഈ രാജ്യത്ത് ഇവരും ഒന്നു ജീവിച്ചോട്ടെ.



ഇവിടെ ലക്ഷങ്ങൾ ശമ്പളം വാങ്ങുന്നവർപോലും ശമ്പളവർധനയ്ക്കുവേണ്ടി സമരങ്ങൾ ചെയ്യാറുണ്ട്.

ഒരു കാരണവുമില്ലാതെ ബന്ദുകളും ഹർത്താലുകളും നടത്തി നാടിന്റെ നട്ടെല്ലൊടിക്കുന്ന ധാരാളം രാഷ്ട്രീയരാജാക്കന്മാരും ഈ നാട്ടിലുണ്ട്.

ഇവർക്കിടയിലൂടെ, വലിയ ഓരോ ചാക്കും തോളിൽ തൂക്കി നാടിന്റെ മുക്കിലും മൂലയിലും അലഞ്ഞുനടക്കുന്ന മെലിഞ്ഞുണങ്ങിയ ദരിദ്രരായ കുറെ മനുഷ്യജന്മങ്ങൾ!

ആക്രി പെറുക്കുന്നവർ!

പരിസരബോധമില്ലാതെ നാം വലിച്ചെറിയുന്ന മദ്യക്കുപ്പികളും പ്ലാസ്റ്റിക്‌വേസ്റ്റുകളും പെറുക്കിയെടുത്ത് അവർ ആ ചാക്കുകളിൽ നിറയ്ക്കുന്നു അതും ചുമന്ന് അവർ അകലെയുള്ള ആക്രിക്കടകളിലേക്കു നീങ്ങുന്നു.

ശേഖരിച്ച തട്ടുമുട്ടു സാധനങ്ങളൊക്കെ തരംതിരിച്ചു തൂക്കിക്കൊടുത്തു കിട്ടുന്ന പൈസകൊണ്ട് അവർ അത്താഴത്തിനുള്ള അരി വാങ്ങുന്നു.

ഈ പാവങ്ങൾക്ക് ഒരു സംഘടനയുമില്ല. ഇവർക്ക് സമരം ചെയ്യാനും അറിയില്ല. അതിനൊട്ടു സമയവുമില്ല.

ഒരു ദിവസം ഇവർ ഈ ചേളാകങ്ങളുമായി തെരുവിലേക്കിറങ്ങിയില്ലെങ്കിൽ ഇവരുടെ കുടുംബം മുഴുവൻ പട്ടിണിയിലാകും. ഇതാണു യാഥാർത്ഥ്യം.

ഈ സത്യം മനസ്സിലാക്കി, ഇവർ ചെയ്യുന്ന സേവനങ്ങളെ അംഗീകരിച്ച് ഇവരെ ഒന്നു രക്ഷപ്പെടുത്താൻ ഇവിടെ ഏതെങ്കിലുമൊരു ഗവൺമെന്റ് ശ്രമിക്കുന്നുണ്ടോ? അതുമില്ല.

ഈ നാട്ടിലെ സർവ്വജനങ്ങളും ഇവരോടു കടപ്പെട്ടിരിക്കുന്നു. കാരണം, ഈ ആക്രി പെറുക്കുന്നവർ ഇല്ലായിരുന്നെങ്കിൽ നമ്മുടെ നാടിന്റെ അവസ്ഥ എന്താകുമായിരുന്നു?

റോഡുകളും തോടുകളും കായലും കടലുമെല്ലാം നമ്മൾ വലിച്ചെറിയുന്ന മാലിന്യങ്ങൾകൊണ്ടു നിറഞ്ഞുകവിഞ്ഞേനെ.

ഈ നല്ല ഭൂമി ഒരു മാലിന്യമലയായി മാറിയേനെ! ആ ഭയാനകമായ സാഹചര്യം ഒന്നു ഭാവനയിൽ കണ്ടുനോക്കൂ.

അപ്പോൾ മനസ്സിലാകും, ഇവർ ചെയ്യുന്ന മഹത്തായ കർമത്തിന്റെ മൂല്യം! ഇങ്ങനെയുള്ളവരെ ആദരിച്ചില്ലെങ്കിലും അപമാനിക്കരുത്.

ചില വീടുകളുടെ പരിസരങ്ങളിലേക്ക് ഇവർ കടന്നു ചെല്ലുമ്പോൾ ആ വീട്ടിലെ ചില കൊച്ചമ്മമാർ ഇവരെ മോഷ്ടാക്കളെന്നു മുദ്രകുത്തി യാതൊരു ദയയുമില്ലാതെ ആട്ടിയോടിക്കാറുണ്ട്.

ആ ഒരു കാരണം പറഞ്ഞ് അധ്വാനശീലരായ ഈ സാധുക്കളെ മുഴുവൻ ഒന്നടങ്കം അധിക്ഷേപിക്കുന്നതു നീതിയാണോ?

ഇവിടെ മറ്റൊരു കൂട്ടരെക്കൂടി നമ്മൾ നന്ദിയോടെ ഓർക്കണം. ഈ ആക്രിസാധനങ്ങളെല്ലാം വാങ്ങി പണം നൽകുന്ന ആക്രിക്കടക്കാർ!

ഇവരുടെ സേവനവും വിലമതിക്കാനാവാത്തതാണ്.

വാങ്ങിക്കൂട്ടുന്ന സർവവേസ്റ്റുകളും വലിയ ഭാണ്ഡങ്ങളിൽ കുത്തിനിറച്ച് പുനർനിർമിതിക്കായി ഇന്ത്യയിലെ വിവിധ ഫാക്ടറികളിലേക്ക് അയച്ചുകൊടുക്കുന്ന ഈ ആക്രിക്കടയുടമകൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും, വേണ്ട സ്ഥലസൗകര്യങ്ങളും നൽകി പ്രോത്സാഹിപ്പിക്കേണ്ടത് ഗവൺമെന്റിന്റെ ചുമലയാണ്. കാരണം, മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും ജീവനക്കാർ ചെയ്യേണ്ട ശുദ്ധീകരണജോലികളാണല്ലോ ഇക്കൂട്ടർ യാതൊരു മുടക്കവും കൂടാതെ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നത്. ■




*മലയാള കലാസാഹിത്യസംസ്കൃതിയും പഞ്ചാബ് മലയാളി സമാജവും ചേർന്ന് ഏർപ്പെടുത്തിയിരിക്കുന്ന സ്വാമി വിവേകാനന്ദ നാഷണൽ അവാർഡ് എഴുത്തുകാരിയും സാമൂഹിക പ്രവർത്തികയുമായ വത്സല നിലമ്പൂർ ലുധിയാനയിൽവച്ച് പഞ്ചാബ് നിയമസഭാ സ്പീക്കർ എസ്. കുൽത്തർസിങ്ങിൽനിന്ന് ഏറ്റുവാങ്ങുന്നു.*

നോവൽ 16



# ദേവസഹായം

ഗിരീഷ് കെ. ശാന്തിപുരം

ഇരുട്ട് സുതാര്യമായിരുന്നു. ഇളംകാറ്റാണു വീശുന്നത്. പുഷ്പഗന്ധിയായ കാറ്റ് മൃതസഞ്ജീവനിമന്ത്രം മൂളുന്നതുപോലെ നീലകണ്ഠനു തോന്നി. ശരീരത്തിനും മനസ്സിനും ഒരുണർവ് പകർന്നു തരുന്നുണ്ട് സുഗന്ധവാഹിയായ സന്ധ്യാവാതം.

വടക്കുംകുളം ദൈവാലയത്തിന്റെ മുറ്റത്ത് നീലകണ്ഠന്റെ കുതിരയെത്തി. ദൈവാലയത്തിന് അധികമകലെയല്ലാതെ ഓടുമേഞ്ഞ ഒരു ചെറിയ കെട്ടിടമാണ് പള്ളിമേട. മേടയിറയത്തെ ഉത്തരത്തിൽ ഇരുമ്പുചങ്ങലയിൽ ഞാത്തിയിട്ടിരിക്കുന്ന റാന്തൽവിളക്ക് വെളിച്ചം വിതറുന്നുണ്ട്. മുറ്റത്തേക്കു ചിതറി വീഴുന്ന വെളിച്ചം ഒരു സുഖദസ്വപ്നത്തിന്റെ ചീളുകൾപോലെ മണൽവിരിപ്പിൽ ചിതറിക്കിടക്കുന്നു.

മുൻവാതിൽ തുറന്നിട്ടിരിക്കുന്നു. അകത്തു കത്തിനില്ക്കുന്ന രണ്ടു മെഴുകുവിളക്കുകൾക്കു നടുവിലെ ക്രൂശിതരൂപത്തിനു മുമ്പിൽ ആകാശത്തേക്കു വിരിച്ച കൈകളുമായി ഒരാൾ മുട്ടിന്മേൽ നില്ക്കുന്നത് നീലകണ്ഠൻ കണ്ടു.

അത് ഫാദർ ബുട്ടാരി ആയിരിക്കണം. അല്ലാതെ മറ്റാര്? പക്ഷേ, അദ്ദേഹം പ്രാർത്ഥനയിലാണ്. സർവം മറന്ന് ഏകാന്തതയുടെ മഞ്ഞുപടലങ്ങൾക്കുള്ളിൽ പ്രാർത്ഥനകളുടെ അലൗകികലോകത്താണ് അദ്ദേഹം.

ഫാദർ ബുട്ടാരിക്കു മുമ്പിൽ മെഴുകുവിളക്കുവെട്ടം മിനുക്കിയ കുരിശിൽ തറച്ച ശിരസ്സിൽനിന്നും കായക്ഷതങ്ങളിൽനിന്നും രക്തം കിനിയുന്നു. അവന്റെ ചുണ്ടുകൾ വേദനകൊണ്ടു പിളർന്നിരിക്കുന്നു. അവന്റെ കലങ്ങിപ്പോയ കണ്ണുകൾ ഉന്നതങ്ങളിൽ തറഞ്ഞുനില്ക്കുന്നു.

കുരിശിൽ നിണമണിഞ്ഞ പൂക്കൾ വിടരുന്നു...

രാവിരുട്ടിൽ കുന്തിരിക്കം മണക്കുന്നു...

നീലകണ്ഠൻ നിശ്ചേതനനായി ഒട്ടുനേരം ആ കാഴ്ച നോക്കിനിന്നു. അന്തമില്ലാത്ത കദനത്താൽ ചിതറിപ്പോയ ഒരു മനസ്സായിരുന്നു നീലകണ്ഠനപ്പോൾ.

ഏറെനേരം കാത്തുനിന്ന ശേഷമാണ് നീലകണ്ഠൻ അറിയിപ്പുമണി മുഴക്കിയത്. ഫാദർ ബുട്ടാരി പ്രാർത്ഥന മതിയാക്കി ഉമ്മറത്തേക്കു വന്നു.

നീലകണ്ഠൻ ബഹുമാനപൂർവം ഫാദർ ബുട്ടാരിയെ വണങ്ങി.

"ആരാ... എവിടുന്നാ..."

"എന്റെ പേര് നീലകണ്ഠപ്പിള്ള. പത്മനാഭപുരത്തുനിന്നാണ്. അങ്ങുതന്നെയല്ലേ പരംജ്യോതിനാഥസ്വാമികൾ എന്നറിയപ്പെടുന്ന വൈദികശ്രേഷ്ഠൻ..."

"അങ്ങനെയാണ് എന്റെ ഇടവകക്കാർ എന്നെ വിളിക്കുന്നത്. പക്ഷേ, എന്റെ യഥാർത്ഥനാമം ബുട്ടാരി എന്നാണ്. അതെന്തുമാകട്ടെ, ഈ രാത്രിയിൽ എന്നെ കാണുവാൻ വന്നതെന്തിന്? ഞാൻ എന്താണ് താങ്കൾക്കായി ചെയ്തുതരേണ്ടത്?"

നീലകണ്ഠൻ ക്യാപ്റ്റൻ ഡിലനായി കൊടുത്തയച്ച കത്ത് പരംജ്യോതിനാഥസ്വാമികൾക്കു കൈമാറി. കത്തു വായിച്ചുനോക്കിയ പരംജ്യോതിനാഥസ്വാമികൾ ഒരു നിമിഷം നിർനിമേഷനായി നീലകണ്ഠനെ നോക്കിനിന്നു.


കോമളനായ യുവാവ്. വിരിഞ്ഞ മാറിടം. ദൃഢമായ മാംസപേശികൾ. അരയിൽ ഞാത്തിയിട്ടിരിക്കുന്ന വാൾ. എല്ലാംകൊണ്ടും ലക്ഷണമൊത്ത ഒരു യോദ്ധാവ്.

പക്ഷേ, ആ കണ്ണുകളിൽ ഒരു ധൈര്യം നിഴൽ വിരിച്ചു കിടക്കുന്നു.

"ഈ കത്തുമായി വരുന്ന നീലകണ്ഠപ്പിള്ള പത്മനാഭപുരം കൊട്ടാരത്തിലെ ഉന്നതശ്രേണിയിലുള്ള ഉദ്യോഗം വഹിക്കുന്ന മാന്യദേഹമാണ്. വിദ്യാസമ്പന്നൻ. സത്യസന്ധൻ. എല്ലാ കാര്യങ്ങളിലുംതന്നെ നിപുണൻ. ഇദ്ദേഹം ക്രിസ്തുമതം സ്വീകരിക്കാനാഗ്രഹിക്കുന്നു. വേണ്ടത് ചെയ്തുകൊടുക്കുമല്ലോ..."

ഇത്രമാത്രമാണ് ഫാദർ ബുട്ടാരിക്കുള്ള കത്തിൽ ക്യാപ്റ്റൻ ഡിലനായി കുറിച്ചിരുന്നത്.

ഫാദർ ബുട്ടാരി വിദേശിയായിരുന്നു. എങ്കിലും, വടക്കുംകുളം ഇടവകയിലെ ജനങ്ങളുമായും നാടുമായും വളരെയധികം ഇടപഴകി ജീവിച്ചിരുന്നതിനാൽ നാടിന്റെ മതരാഷ്ട്രീയ സാംസ്കാരികമണ്ഡലങ്ങളെക്കുറിച്ചു നല്ല ബോധ്യമുണ്ടായിരുന്നു അദ്ദേഹത്തിന്.



അനിഴം തിരുനാൾ മാർത്താണ്ഡവർമയാണ് രാജ്യം ഭരിക്കുന്നത്. മതസൗഹാർദമൊക്കെ പുലർത്തിപ്പോരുന്ന ഭരണാധികാരിയാണ് മാർത്താണ്ഡവർമ. അടിയുറച്ച ഹിന്ദുമതവിശ്വാസിയുമാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനോടു വല്ലാത്ത വിധേയത്വമുള്ളയാൾ. പത്മനാഭസ്വാമിഭക്തൻ. ബ്രാഹ്മണഭക്തൻ. മന്ത്രി രാമയ്യൻ ദളവയാണെങ്കിൽ കടുത്ത വർഗീയചിന്താഗതി പുലർത്തുന്ന ആളും.

ഹിന്ദുമതത്തിനു പ്രാമുഖ്യമുള്ള നാടാണ് തിരുവിതാംകൂർ. ക്രിസ്ത്യാനികൾ തുലോം തുച്ഛം. മാർത്താണ്ഡവർമയ്ക്കു ചുറ്റും ബ്രാഹ്മണാധിപത്യത്തിന്റെ ഒരു ഉരുക്കുകോട്ട ഉയർന്നുനില്പുണ്ട്. ബ്രഹ്മജ്ഞാനികളെന്നു നടിക്കുന്ന ഒരുപാടു പേർ അദ്ദേഹത്തിനുചുറ്റും ഉപദേശകരായിട്ടുണ്ട്.

പത്മനാഭപുരം കൊട്ടാരത്തിലെ ഒരു പ്രമുഖ ഉദ്യോഗസ്ഥനായി പരിഗണിക്കപ്പെടുന്ന നീലകണ്ഠൻ ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നു എന്നറിഞ്ഞാൽ, കൊട്ടാരത്തിനും അതിലുപരി ബ്രാഹ്മണശ്രേഷ്ഠന്മാർക്കും അത് അഹിതമാകുമെന്ന് ഫാദർ ബുട്ടാരി കണക്കുകൂട്ടി. ഒരുപക്ഷേ, ഇതൊന്നു മാത്രം മതിയാകും ഒരു വർഗീയലഹളയ്ക്കു കാരണമായിത്തീരാൻ.

ഒട്ടുനേരം ഫാദർ ബുട്ടാരി സംശയിച്ചുനിന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ പള്ളിമേടയുടെ മുറ്റത്തേക്കു ചിതറിയ റാന്തൽ വെളിച്ചത്തിനപ്പുറത്തുള്ള ഇരുട്ടിൽ എന്തോ കണ്ടെത്തുവാനെന്നവണ്ണം പരതിനടന്നു. ഒരു തീരുമാനത്തിലേക്കെത്തിച്ചേരാൻ ഫാദർ ബുട്ടാരിക്കു കഴിഞ്ഞില്ല.

തന്റെ മുമ്പിൽ നില്ക്കുന്ന ഈ മനുഷ്യൻ ക്രിസ്തുനാഥനാൽ തിരഞ്ഞെടുക്കപ്പെട്ടവൻ തന്നെയോ? ഫാദർ ബുട്ടാരി ഒരു നിമിഷം സന്ദേഹിച്ചു.

അതങ്ങനെതന്നെയാകണം. അല്ലെങ്കിൽ ഇങ്ങനെയൊരു തീരുമാനത്തിലേക്ക് ഇദ്ദേഹം എത്തിച്ചേരേണ്ടതില്ല. എങ്കിലും ഫാദർ ബുട്ടാരി പറഞ്ഞു:

"മാന്യമിത്രമേ, താങ്കൾ ലോകരക്ഷകനായ ക്രിസ്തുദേവനെക്കുറിച്ചു പഠിക്കുകയും അവനെ ധ്യാനിക്കുകയും അവന്റെ കൃപാവരത്താൽ പൂരിതനായിരിക്കുകയും ചെയ്തിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ, ഞാൻ ഒരു കാര്യം താങ്കളെ ഓർമിപ്പിക്കട്ടെ. നിങ്ങൾ തിരഞ്ഞെടുക്കുന്ന വഴി പട്ടും പരവതാനിയും വിരിച്ചതല്ല. അതു കല്ലും മുള്ളും നിറഞ്ഞതും കഠോരവുമാണ്.

"എന്റെ മനസ്സ് ഭൂമിയിലെ സൗഭാഗ്യങ്ങൾ അനുഭവിക്കുന്നതിൽ ഭ്രമിക്കുന്നില്ല സ്വാമി. അതുപേക്ഷിക്കുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്."

"നല്ലത്. പക്ഷേ, മഹാരാജാവിനും കൊട്ടാരവാസികൾക്കും താങ്കളുടെ ഈ തീരുമാനം അനിഷ്ടമുണ്ടാക്കും. അതു തീർച്ചയാണ്. മാത്രമല്ല ബ്രാഹ്മണശ്രേഷ്ഠന്മാർക്കു കൊട്ടാരത്തിൽ വലുതായ സ്വാധീനമുണ്ട്. അവർ കണ്ണടച്ചിരിക്കുമെന്നു തോന്നുന്നുണ്ടോ? അവർ നിങ്ങൾക്കെതിരേ പ്രവർത്തിക്കും. മഹാരാജാവിനെ സ്വാധീനിക്കും. പോരാത്തതിനു മഹാരാജാവ് കടുത്ത ബ്രാഹ്മണഭക്തനുമാണ്.

"പരമകർത്താവായ ദൈവത്തിന്റെ കൃപാകടാക്ഷമുണ്ടെങ്കിൽ അവർക്കെന്നോട് എന്തു ചെയ്യാൻ പറ്റും?"

"അതൊക്കെ ശരിതന്നെയാണ്. നിന്റെ വിശ്വാസം നിന്നെ രക്ഷിക്കുമാറാകട്ടെ. പക്ഷേ, മിത്രമേ, ഒന്നോർക്കുക. ലോകരക്ഷകനായ യേശുവിന്റെ മരണം ഒരു മരക്കുരിശിലായിരുന്നു. അതും മുപ്പത്തിമൂന്നാമത്തെ വയസ്സിൽ."

"പക്ഷേ, അവനെ മരണത്തിനു വിധിച്ചവർ പരാജയപ്പെട്ടു. അവൻ മൂന്നാം ദിനം ഉത്ഥാനം ചെയ്തു. അതുപോലെ എനിക്കും മരണം മാത്രമല്ല സ്വാമീ ഉത്ഥാനവുമുണ്ട്."

ഇവൻ തിരഞ്ഞെടുക്കപ്പെട്ടവൻതന്നെ. പാറമേൽ പണിയപ്പെട്ട നഗരംപോലെയാണിവൻ. വിശ്വാസത്തിന്റെ ചിറകുകൾ കടംവാങ്ങി ഇവൻ സ്വർഗത്തോളം പറന്നെത്തും. ഇവനായി സ്വർഗത്തിന്റെ കിളിവാതിലുകൾ തുറക്കപ്പെടും.

എങ്കിലും ജ്ഞാനസ്നാനം സ്വീകരിക്കുകവഴി നീലകണ്ഠനനുഭവിച്ചേക്കാവുന്ന പ്രയാസങ്ങളെ ചിന്തിച്ചപ്പോൾ ഫാദർ ബുട്ടാരി വീണ്ടും സംശയാലുവായി. അദ്ദേഹത്തിന്റെ മൗനം കണ്ടിട്ടെന്നവണ്ണം നീലകണ്ഠൻ പറഞ്ഞു:

"അജ്ഞതയാകുന്ന അന്ധകാരത്തെ നശിപ്പിച്ച് ജ്ഞാനമാകുന്ന പ്രകാശം നാടാകെ പരത്തി ജനങ്ങളെയാകെ നന്മയുടെ വഴിയേ തെളിക്കാൻ അന്യദേശത്തുനിന്നു വന്നുചേർന്ന അല്ലയോ മഹർഷേ, ഈയുള്ളവൻ മറ്റാരുടെയും പ്രേരണയാലല്ല ഇങ്ങനെയൊന്നിന് ഒരുമ്പെട്ടിരിക്കുന്നത്. എന്റെ അദമ്യമായ ആഗ്രഹവും ദൈവതിരുമനസ്സും ഇതുതന്നെയാണ്. എന്റെ വിശ്വാസം ഇതാ, ഈ പ്രപഞ്ചത്തോടു വിളിച്ചു പറയുന്നു. സത്യവിശ്വാസത്തെ രക്ഷിക്കുന്നതിനുവേണ്ടി എന്റെ സർവസ്വത്തുക്കളും ബന്ധുമിത്രങ്ങളെയും എന്തിനധികം എന്റെ ശരീരത്തെത്തന്നെയും ഉപേക്ഷിക്കുന്നതിനു ഞാൻ തയ്യാറാണ്."

നീലകണ്ഠനെ വീണ്ടും കേട്ടപ്പോൾ ഫാദർ ബുട്ടാരിയിൽ ജന്യമായ സകലസംശയങ്ങളും നീങ്ങിപ്പോയി. താമസംവിനാ നീലകണ്ഠനെ വേദോപദേശങ്ങളും ജപങ്ങളും മറ്റും പഠിപ്പിക്കുന്നതിന് വടക്കുംകുളം ഇടവകയിലെ വേദോപദേശിയായിരുന്ന ജ്ഞാനപ്രകാശംപിള്ളയെ ഏർപ്പാടുചെയ്തു.

അപാരമായ ബുദ്ധിസാമർത്ഥ്യമുണ്ടായിരുന്ന നീലകണ്ഠൻ ആദ്യകേൾവിയിൽത്തന്നെ പ്രാർത്ഥനകളും ജപങ്ങളും ഹൃദിസ്ഥമാക്കി. അത് ജ്ഞാനപ്രകാശംപിള്ളയെ അദ്ഭുതപ്പെടുത്തുകതന്നെ ചെയ്തു.

"ഇവന് ഈ ഗ്രഹണശക്തി എവിടുന്ന്! ഇവൻ ദൈവത്തിനു പ്രിയപ്പെട്ടവൻ. ഇവൻ ഒരുനാളും കുലുങ്ങിപ്പോകുകയില്ല." ജ്ഞാനപ്രകാശം അങ്ങനെ ചിന്തിച്ചു.

മാമ്മോദീസാജലം തലയിൽ വീണപ്പോൾ ആത്മജ്ഞാനത്തിന്റെ യോർദാൻനദി നീന്തിക്കയറുകയായിരുന്നു ദേവസഹായം. സ്വർഗത്തിന്റെ പളുങ്കുജാലകങ്ങൾ തുറന്ന് പരിശുദ്ധാത്മാവിന്റെ വെൺകപോതങ്ങൾ ഭൂമിയിലേക്കിറങ്ങിവന്നു.

നീലകണ്ഠൻ ഭാരമില്ലാത്തവനായി. തന്റെ ഹൃദയത്തിനിപ്പോൾ ഒരു തൂവലിന്റെ ഭാരം മാത്രമാണുള്ളതെന്ന് നീലകണ്ഠൻ അറിഞ്ഞു. തന്റെ ഖിന്നതകളെല്ലാം കൂടൊഴിഞ്ഞുപോയിരിക്കുന്നു. ഒരു നീഹാരമഴയിൽ കുളിച്ചുകയറിയ പ്രതീതി.

ശേഷം 13-ാം പേജിൽ

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**



# കോയിക്കൽ വീട്ടിലെ കൊച്ചുകൊച്ചു സന്തോഷങ്ങൾ



ആഷ്‌ലി ടെസ് ജോൺ

**ബോ**ധിവൃക്ഷച്ചുവട്ടിലിരിക്കുന്നവർക്കെല്ലാം ബോധോദയമുണ്ടാകുന്നില്ല. തലയിൽ ആപ്പിൾ വീഴുന്നവരെല്ലാം ഐസക് ന്യൂട്ടണുമാകുന്നില്ല. പക്ഷേ, ബോധോദയമുള്ള ചില ശാസ്ത്രജ്ഞന്മാർ നമ്മുടെയിടയിലുണ്ട്. തിരുവനന്തപുരം ഐ.എസ്.ആർ.ഒ. യിൽ സയന്റിസ്റ്റ് എഞ്ചിനീയറായ ജോസിനെപ്പോലെ പ്രാർത്ഥനയുടെ ബോധനിലാവിൽ ദൈവമെന്ന സത്യത്തെ തിരിച്ചറിയാൻ ശ്രമിക്കുന്ന ചിലർ. ചേർപ്പുങ്കൽ, കോയിക്കൽ വാരപ്പറമ്പിൽ വീട്ടിലെ ഈ എഞ്ചിനീയർ താമസം തിരുവനന്തപുരത്തെങ്കിലും സാധിക്കുന്ന എല്ലാ ഞായറാഴ്കളിലും തറവാട്ടിലെത്തും, അമ്മയെക്കാണാനും കുഞ്ഞിലേ മുതൽ തന്റെ വിശേഷങ്ങൾ പങ്കുവയ്ക്കുന്ന ഉണ്ണീശോയോടു കഴിഞ്ഞയാഴ്ചകളിലെ വിശേഷങ്ങൾ പങ്കുവയ്ക്കാനും. കൂടെ മിന്നുവും (സെറിൻ) അഞ്ചു മക്കളും.

‘‘എന്റെ അമ്മച്ചിയുടെ ട്രെയിനിങ് ആണെന്നു തോന്നുന്നു എത്ര പഠിച്ചിട്ടും, എത്ര ഉയർന്നിട്ടും ഭൂഗുരുത്വാകർഷണബലം പോലെ എന്റെ വിശ്വാസം എന്നും എന്നെ ദൈവത്തിങ്കലേക്കു ചേർത്തു നിറുത്തിയിട്ടേയുള്ളൂ. പള്ളിയും പ്രാർത്ഥനകളും ജീസസ്‌യൂത്തും പ്രോലൈഫുമൊക്കെ നൽകിയ ബോധ്യങ്ങൾതന്നെയാണ് ഒത്തിരി മക്കൾ വേണം എന്ന ചിന്തയിലേക്ക് എന്നെ നയിച്ചത്. രണ്ടു മക്കളുള്ള വീട്ടിലെ അംഗമായ ഞാൻ, അതേ സാഹചര്യത്തിൽനിന്നുവന്ന മിന്നുവിനോടു കൂടുതൽ മക്കൾ കൂടുതൽ സന്തോഷം എന്ന ആശയം പങ്കുവച്ചപ്പോൾ മിന്നുവും അതു സന്തോഷത്തോടെ സ്വീകരിച്ചു. കഷ്ടപ്പാടുകളുണ്ടായിരുന്നു, അലച്ചിലുകളും... നമ്മുടെ അലച്ചിലുകൾ എണ്ണിയെടുക്കുന്നവൻ കൂടെയുള്ളപ്പോൾ നല്ല ധൈര്യമല്ലേ? എന്തിന് ആകുലപ്പെടണം?’’ മിതമായ വാക്കുകളിൽ ജോസ് പറഞ്ഞു നിറുത്തി.

“എം.എസ്.സി ബയോടെക്നോളജി പാസായി തൊടുപുഴ ന്യൂമാൻ കോളജിൽ പഠിക്കുമ്പോഴായിരുന്നു വിവാഹം. ഷാലോം ടി.വിയിൽ വരുന്ന കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളുടെ വിശേഷങ്ങൾ കാണുമ്പോൾ കൗതുകമായി തോന്നിയിരുന്നു. വിവാഹശേഷം ഉടനെതന്നെ ആദ്യത്തെ മോൾ റോസ്‌മേരി ഉണ്ടായി. പിന്നെ കുഞ്ഞുങ്ങളെ വളർത്തുന്ന തിരക്കിൽ ജോലിക്കുവേണ്ടി ശ്രമിച്ചില്ല. ഹൈദരാബാദിലേക്ക് ജോസിന് ട്രാൻസ്ഫറായി. ഞങ്ങളും ഒപ്പം പോന്നു. പിന്നെയുള്ള മൂന്നു കുഞ്ഞുങ്ങൾ അവിടെയാണു ജനിച്ചത്. അഞ്ചാമത്തെ മോൾ കോറോണക്കാലത്തും. അവൾക്കിപ്പോൾ ഒരു വയസ് കഴിഞ്ഞു. ‘ദൈവം തരുന്നതല്ലേ നമുക്കുള്ളൂ, ദൈവം തന്നാലല്ലേ നമുക്കുള്ളൂ’ എന്നെപ്പോഴും ജോസ് പറയും. പ്രാർത്ഥിച്ചും സമർപ്പിച്ചും സ്വീകരിച്ച കുഞ്ഞുങ്ങളാണ്, വിശുദ്ധിയോടെ വളരണേ എന്നൊരാഗ്രഹമേയുള്ളൂ.” വഴുതിപ്പോകാവുന്ന ജീവിതവരമ്പുകളിൽ, മക്കൾക്കു ബലമായി കൂടെക്കൂട്ടി കളിപ്പിക്കും. കഴിച്ച പാത്രങ്ങൾ കഴുകാനും വീടു വൃത്തിയാക്കാനുമൊക്കെ അവർ കൂടെക്കൂടും. ഇളയ മോൾ ജോസഫൈനെ കൊവിഡ് കാലത്ത് കൊതിയോടെ കാത്തിരുന്നു കിട്ടിയതാണ്. പത്താം ക്ലാസുകാരി റോസ്‌മേരിയും ആറാം ക്ലാസുകാരി ട്രീസാ മേരിയും ഏഴു വയസുകാരൻ മാത്യുവും മൂന്നു വയസുകാരി ഫൗസ്റ്റീനായും മുട്ടിൻമേൽനിന്നു പ്രാർത്ഥിച്ചിരുന്നു അവൾക്കു വേണ്ടി...’’ മിന്നു തുടർന്നു.

“എത്ര കഷ്ടപ്പാടുണ്ടെങ്കിലും ജോസ് എല്ലാറ്റിനും കൂടെ



ചേർപ്പുങ്കൽ കോയിക്കൽ വാരപ്പറമ്പിൽ വീട്ടിൽ ജോസും സെറിനും മക്കളോടൊപ്പം

യേശുവുണ്ടല്ലോ എന്നു ധൈര്യപ്പെടുകയാണ് മിന്നു.

“ഇനിയിപ്പോ വീട്ടുജോലികളും കുഞ്ഞുങ്ങളുടെ ബഹളങ്ങളുമായി, ജോസിനോടെന്തെങ്കിലും പരാതി പറഞ്ഞാലും ‘ഓ, നിസ്സാരം’ എന്നു പറഞ്ഞു ലഘുവാക്കിക്കളയുന്നതുകൊണ്ട് അധികം ആ വഴിക്കു പോകാറില്ല. നെല്ലും പതിരും തിരിച്ചു തന്ന് പറഞ്ഞാശ്വസിപ്പിക്കുമ്പോ എനിക്കും സമാധാനമാകും. എല്ലാ ഭക്ഷണവും എല്ലാ കുഞ്ഞുങ്ങളും കഴിക്കും. എല്ലാവരും ഒരുമിച്ചു പ്രാർത്ഥിക്കും. രാവിലെ പള്ളിയിൽ കുർബാനയിൽ സംബന്ധിക്കും. കുഞ്ഞുങ്ങളല്ലേ, വഴക്കും ബഹളവുമൊക്കെയുണ്ട്. റോസ്‌മേരി പാട്ടുപാടി കുഞ്ഞുമോളെ ഉറക്കും. രണ്ടാമത്തെ മകൾ ട്രീസാ മാത്യുവിനെയും ഫൗസ്റ്റീനയെയും നിൽക്കും. കുട്ടികളെ ഉറക്കാനും പഠിപ്പിക്കാനും ഭക്ഷണം കൊടുക്കാനും എല്ലാം. സൺഡേ സ്കൂൾ അധ്യാപകനാണ്, തിരുവനന്തപുരം കാര്യവട്ടം മങ്ങാട്ടു കോണത്ത് ഞങ്ങൾ താമസിക്കുന്ന ഇടവകയിൽ. ഇണയും തുണയും പ്രേരണയുമായി കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകാനാണു ഞങ്ങൾ ശ്രമിക്കുന്നത്. ഉണർന്നിരിക്കാനൊരാൾ കൂടെയുണ്ടെങ്കിൽ ഏതു പാനപാത്രമാണു കുടിക്കാനാവാത്തത്?” ചിരിച്ചുകൊണ്ടു മിന്നു പറഞ്ഞു നിറുത്തി.

സയൻസിന്റെയും കണക്കിന്റെയും യുക്തികളെത്ര വളർന്നാലും നിഷ്കളങ്കഹൃദയം കൊണ്ട് ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് എപ്പോഴും സമീപസ്ഥനാണ്, കുഞ്ഞുങ്ങൾക്കെന്നപോലെ. ■

---

# ഈശോ 18

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## രൂപാന്തരീകരണം


**താ**ബോർഗിരി അന്നു തങ്കവർണമണിഞ്ഞു. സൂര്യവദനനും ശുഭ്രവസ്ത്രധാരിയുമായ അവന്റെ സാന്നിധ്യത്താൽ ആ മലമുകൾ പ്രശോഭിതമായി. കണ്ടുനിന്ന ശിഷ്യർ കരതലങ്ങൾ ചേർത്തു കണ്ണുപൊത്തി. മേഘച്ചുരുളുകൾക്കുള്ളിൽനിന്ന് മോശയും ഏലിയായും അവനോടു സംസാരിക്കുന്നത് അവർ കേട്ടു. സ്വർഗം നമ്മോടു സംഭാഷിക്കുന്ന നിമിഷങ്ങൾ നമ്മുടെ വിശ്വാസജീവിതത്തിലും ഉണ്ടാകേണ്ടിയിരിക്കുന്നു. അവന്റെ തനിരൂപത്തിലേക്കുള്ള ഒരു തിരിച്ചുപോക്കായിരുന്നു അത്. ദൈവത്തിന്റെ ഛായയിലുള്ളവരും സൃഷ്ടിയുടെ മകുടവുമായ നമ്മുടെ തനിരൂപവും ഭാവവും ദൈവികമാണ്. അതിലേക്കുള്ള ഒരു തിരിച്ചുപോക്ക് നമുക്കും അനിവാര്യമാണ്. കണ്ടതൊക്കെയും കൈനീട്ടിപ്പറിച്ചും, കിട്ടിയതൊക്കെ കടിച്ചുതിന്നും പിന്നിട്ട പാതകളിൽ പലവട്ടം നമ്മുടെ തനിരൂപത്തെ നാം കരുപ്പിടിപ്പിച്ചിട്ടുണ്ടാവാം, തനിഭാവമായ സ്നേഹത്തെ കളങ്കപ്പെടുത്തിയിട്ടുണ്ടാവാം. നമ്മിലെ വിശുദ്ധിയുടെ വെൺശോഭയ്ക്ക് അശുദ്ധചിന്തകളാൽ മങ്ങലേല്പിച്ചിട്ടുണ്ടാവാം. നിരാശപ്പെടേണ്ടേ, വിശ്വാസികളായ നമുക്കു വെട്ടം ഇനിയും നഷ്ടമായിട്ടില്ല.



കാലത്തിനനുസരിച്ചു നമ്മുടെ ബാഹ്യരൂപത്തെ മാറ്റാൻ നാം പണിപ്പെടാറില്ലേ? മുഖകാന്തിക്കുള്ള മിനുക്കുകളും മുടി കറുപ്പിക്കുന്ന ലേപനങ്ങളും മേലഴകു കൂട്ടുന്ന മുന്തിയ ആടയാഭരണങ്ങളുമൊക്കെ നമ്മുടെ ‘ലുക്ക്’ വർദ്ധിപ്പിക്കാൻ ഉപയോഗിക്കാറില്ലേ? ഓർക്കണം, ഒന്നു കഴുകിയാൽ ഒഴുകിപ്പോകുന്ന സൗന്ദര്യമേ അവയ്ക്കൊക്കെ നല്കാനാവൂ. നമ്മിലെ ആന്തരികമനുഷ്യന്റെ ആകാരഭംഗി മാത്രമേ ചിരകാലം നില്ക്കൂ. അതിലേക്കുള്ള ഒരു രൂപാന്തരീകരണം എന്നെങ്കിലും നമുക്കും സംഭവിക്കണം. ഇല്ലെങ്കിൽ, വെറുതെ വളർന്നൊടിഞ്ഞ ഒരു മരമായി ഒടുവിൽ കിടക്കേണ്ടി വരും.

ജീവിതമാകുന്ന താബോറിൽ നമുക്കുതന്നെ നമ്മെ തിരിച്ചറിയാൻ കഴിയാത്ത വണ്ണം നാമും ഒരു രൂപാന്തരീകരണത്തിനു വിധേയരാകണം. അതിനുവേണ്ടി പ്രാർത്ഥനയുടെ പാതയിലൂടെ ദൈവസാന്നിധ്യത്തിന്റെ മലചവിട്ടാം. സ്വർഗീയസംരക്ഷണത്തിന്റെ മേഘച്ചുരുളുകളാൽ മൂടപ്പെടാൻ നമ്മെത്തന്നെ വിട്ടുകൊടുക്കാം. സ്വായത്തമായ ദൈവാനുഭവത്തെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ മലയിറങ്ങിവരാം. നമ്മുടെ അനുഭവം മറ്റുള്ളവർക്കും അനുഗ്രഹമായി മാറട്ടെ. പുതിയ രൂപം പൂകുക എന്നല്ല, പ്രഥമരൂപഭാവങ്ങളെ പ്രകാശിപ്പിക്കുക എന്നാണ് ഇതിനാൽ അർത്ഥമാക്കുന്നത്. നാം രൂപാന്തരപ്പെടുമ്പോൾ നാം ആയിരിക്കുന്ന ഇടം, കുടുംബം, ബന്ധങ്ങൾ, പ്രവർത്തനമേഖലകൾ എന്നല്ല, പ്രപഞ്ചം മുഴുവൻ രൂപാന്തരപ്പെടും. പ്രകാശമുള്ളവരാകാം. അപ്പോൾ ചുറ്റുപാടൊക്കെയും പ്രഭാമയമാകും. ജീവിതയാത്രയിൽ എവിടെയെങ്കിലുംവച്ച് വ്യക്തിപരമായ ഒരു താബോറനുഭവം സാധ്യമാകാൻ പ്രാർത്ഥിക്കാം. വെളിച്ചത്തിന്റെ നാളുകൾ നമുക്കുണ്ടാകട്ടെ. ■

# മനസ്സിൽ തീരാനൊമ്പരമായി ഒരു യുദ്ധകാലകഥ



സി. എൽ. ജോസ്

ഈ വിശ്വത്തെ മുഴുവൻ വിറപ്പിച്ച രണ്ടാം ലോകമഹായുദ്ധത്തിനിടയ്ക്കും അതിനു ശേഷവും ഒട്ടേറെ യുദ്ധകാലകഥകൾ അച്ചടിച്ചു പുറത്തുവന്നു. ലോകത്തിന്റെ നാനാഭാഗത്തുമുള്ള പ്രസിദ്ധരായ എഴുത്തുകാർ അവരുടെ അറിവും അനുഭവങ്ങളും ആസ്പദമാക്കി വൈവിധ്യങ്ങളായ, ഹൃദയസ്പർശിയായ കഥകളും നോവലുകളും ലോകത്തിനു സമ്മാനിച്ചു.

അത്തരം കഥകളിൽ എന്റെ മനസ്സിൽ വർഷങ്ങളേറെ കഴിഞ്ഞിട്ടും മങ്ങാതെ, മായാതെ നിൽക്കുന്ന ഒരു ചെറിയ കഥയുണ്ട്. 'ബർലിനിൽ' എന്നാണ് കഥയുടെ പേര്. അമേരിക്കൻ എഴുത്തുകാരിയായ മേരി ബോയിൽ ഓറില്ലി എഴുതിയ ഒരു കൊച്ചുകഥ.

ബർലിനിൽനിന്നു പുറപ്പെട്ട തീവണ്ടിയിൽ നിറയെ സ്ത്രീകളും കുട്ടികളും കൗമാരക്കാരായ ഏതാനും പെൺകുട്ടികളുമായിരുന്നു. പുരുഷന്മാർ തീരെയില്ലെന്നുതന്നെ പറയാം. നാട്ടിലെ യുവാക്കളും ആരോഗ്യമുള്ള പുരുഷന്മാരും തങ്ങളുടെ നാടിനുവേണ്ടി യുദ്ധം ചെയ്യുകയാവാം. തീവണ്ടിയിൽ മെയ്സ്വാധീനമുള്ള ഒരാണുപോലുമില്ല. യുദ്ധത്തിന്റെ ഭീകരതയിൽ മക്കൾ നഷ്ടപ്പെട്ട അമ്മമാർ, ഭർത്താക്കന്മാർ മരിച്ച ഭാര്യമാർ, അനാഥരായ മക്കൾ, അംഗവിഹീനരായവർ, മാരകമായി മുറിവേറ്റു മടങ്ങിയവർ...

യുദ്ധരംഗത്തു പട്ടാളക്കാർ തുരുതുരെ മരിച്ചു വീഴുമ്പോൾ, പ്രായമായ, റിട്ടയർ ചെയ്ത പട്ടാളക്കാരും നിർബന്ധപൂർവം പോർമുഖത്തേക്കു കുതിക്കണം. അടിയന്തരസേനയിൽപ്പെട്ട അവരും രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്തേ മതിയാവൂ. അതാണു ധർമം.

തീവണ്ടിയിലെ തിരക്കുകുറവായ ഒരു കമ്പാർട്ടുമെന്റിൽ രോഗിണിയെന്നു തോന്നിക്കുന്ന പ്രായം ചെന്ന ഒരു സ്ത്രീ ഇരിക്കുന്നു. അരികിൽ അടിയന്തരസേനയിൽപ്പെട്ട നരച്ച ഒരു പട്ടാളക്കാരൻ ഇരിപ്പുണ്ട്. തികച്ചും മ്ലാനമാണ് ആ മുഖം.

ചൂളം വിളിച്ചുകൊണ്ടു തീവണ്ടി കുതിച്ചുപായുന്നു. എഞ്ചിന്റെ 'ജുഗു, ജുഗു, ജുഗു' - എന്ന ശബ്ദത്തിനൊപ്പം ആ സ്ത്രീ 'ഒന്ന്, രണ്ട്, മൂന്ന്' എന്നിങ്ങനെ അശ്രദ്ധമായി എണ്ണുന്നതു യാത്രക്കാർക്കു കേൾക്കാം. ഏതോ ചിന്തയിൽ മുഴുകി കൂടക്കൂടെ 'ഒന്ന്, രണ്ട്, മൂന്ന്' എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു.

കമ്പാർട്ടുമെന്റിലെ കൗമാരക്കാരായ ചില പെൺകുട്ടികൾ ഇതുകേട്ടു കിലുകിലെ പൊട്ടിച്ചിരിച്ചു. അവരും 'ഒന്ന്, രണ്ട്, മൂന്ന്' എന്നു താളത്തിൽ ഉരുവിട്ടു പരിഹാസപൂർവം കൈകൊട്ടിച്ചിരിച്ചു. അതൊന്നും ശ്രദ്ധിക്കാതെ അബോധാവസ്ഥയിലെന്നപോലെ ആ സ്ത്രീ അതുതന്നെ ആവർത്തിച്ചു. പെൺകുട്ടികൾ അപ്പോഴും ചിരി നിർത്തിയില്ല.

ഇത്രയുമായപ്പോൾ നരച്ച സൈനികൻ അസ്വസ്ഥനായി മുമ്പോട്ടാഞ്ഞിരുന്നു. വിഡ്ഢിച്ചിരി ചിരിക്കുന്ന ആ കുട്ടികളെ നോക്കി അല്പം ഗൗരവം കലർന്ന സ്വരത്തിൽ അയാൾ പറഞ്ഞു: "കുട്ടികളേ, ഈ പാവം സ്ത്രീ എന്റെ ഭാര്യയാണെന്നു നിങ്ങളോടു പറയുമ്പോൾ ഒരുപക്ഷേ, നിങ്ങൾ ചിരി നിർത്തിയേക്കും. ഞങ്ങൾക്ക് മൂന്ന് ആൺമക്കളുണ്ടായിരുന്നു. അവർ ഞങ്ങളുടെ പ്രതീക്ഷകളും സ്വപ്നങ്ങളുമായിരുന്നു. ആ മൂന്ന് ആൺമക്കളും യുദ്ധത്തിൽ ഈയിടെ ഞങ്ങൾക്കു നഷ്ടമായി. അടിയന്തരസേനയിൽപ്പെട്ട ഞാനും യുദ്ധരംഗത്തേക്കാണു പോകുന്നത്. അതിനു മുമ്പ് ഇവളെ - അവരുടെ അമ്മയെ - ഒരു മെന്റൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കണം."



കമ്പാർട്ടുമെന്റ് ഭീകരമാംവിധം നിശ്ശബ്ദമായി. വിഡ്ഢിച്ചിരി ചിരിച്ച പെൺകുട്ടികൾ സ്തംഭിച്ചുനിന്നു. അവരുടെ മുഖം മങ്ങി. കുറ്റബോധത്തോടെ അവർ തലതാഴ്ത്തി. വായിച്ചു മാറ്റിവച്ചിട്ടും മനസ്സിൽനിന്നു ഊരിപ്പോകാത്ത ലക്ഷണമൊത്തെ ഒരു ഉത്തമകഥ. വാർദ്ധക്യത്തിലെത്തിയ ഈ ഞാൻ ഇത്രയും പ്രായത്തിനിടയ്ക്കു വായിച്ചുകൂട്ടിയ ഒട്ടനേകം വിശ്വപ്രസിദ്ധകഥകളിൽ ഹ്രസ്വവും ഹൃദയഹാരിയുമായ ഈ കഥ ഒന്നാംനിരയിൽ നിൽക്കുന്നു.

യുദ്ധകാലകഥയാണെങ്കിലും ഇതിൽ ബോംബ് സ്ഫോടനങ്ങളോ, പീരങ്കി പ്രയോഗങ്ങളോ, യുദ്ധരംഗത്തു മരിച്ചു വീഴുന്ന സൈനികരോ തുടങ്ങിയ യാതൊരു രംഗവും അവയുടെ വർണനയില്ല. എന്നിട്ടും യുദ്ധത്തിന്റെ ദുരിതങ്ങളും ദുരന്തങ്ങളും മുറിവുകളും നഷ്ടങ്ങളും ഏറ്റവും ഭംഗിയായും ധ്വന്യാത്മകമായും ഈ കൊച്ചുകഥയിൽ വരച്ചുവച്ചിരിക്കുന്നു.

വായനക്കാരിൽ ഒരുപാടു ചിന്തകൾ ഉത്പാദിപ്പിക്കുന്ന, ഒട്ടേറെ മാനങ്ങളുള്ള, മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ഒരു ചെറുകഥയാണിത്. അടിയന്തരസേനയിൽപ്പെട്ട ആ നരച്ച സൈനികന്റെ അവസ്ഥ! കനലെരിയുന്ന ഹൃദയവുമായിട്ടാണ് അയാൾ യുദ്ധമുഖത്തേക്കു പോവുന്നത്. ആ മനുഷ്യൻ തിരിച്ചുവരുമോ? അതോ തന്റെ ആൺമക്കളെപ്പോലെ ജീവാർപ്പണം ചെയ്യേണ്ടിവരുമോ? അഥവാ ജീവനോടെ തിരിച്ചുവന്നാൽ, ചിത്തരോഗാസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട പ്രാണസഖിയുടെ സ്ഥിതിയെന്ത്? രോഗം മാറിയിട്ടുണ്ടാകുമോ? അതോ മരിച്ചുപോയോ? ഇങ്ങനെ നൂറു ചോദ്യങ്ങൾ തീപ്പൊരികളായി അനുവാചകന്റെ മനസ്സിൽ ചെന്നു പതിക്കുന്നു.

ചെറിയൊരു കഥയാണെങ്കിലും ധാരാളം ചിന്തിക്കാനും ചർച്ച ചെയ്യാനും ഇതു വഴിയൊരുക്കുന്നു. അതാണ് ഒരു ഉത്തമകഥയുടെ ലക്ഷണം.

■

കാർഷികം

# തഴുതാമ

ജോഷി മുഞ്ഞനാട്ട്

തഴുതാമ, ഇലവർഗപച്ചക്കറിയും ഔഷധസസ്യവുമാണ്. ശാസ്ത്രനാമം 'ബൊയർഹാവിയ ഡിഫ്യൂസ.' സംസ്കൃതത്തിൽ ഇതിനെ 'പുനർന്നവ' എന്നു വിളിക്കുന്നു.

നിലത്തു പടർന്നുവളരുന്ന ഇവ മുഖ്യമായും രണ്ടിനമുണ്ട്. ഇളംചുവപ്പുനിറമുള്ള തണ്ടോടുകൂടിയതും വെള്ളനിറമുള്ള തണ്ടോടുകൂടിയതും. വെള്ളത്തണ്ടോടുകൂടിയവയ്ക്കാണ് ഔഷധഗുണം കൂടുതലുള്ളതെന്നു പറയപ്പെടുന്നു.

തഴുതാമയുടെ രണ്ടോ മൂന്നോ മുട്ടു നീളത്തിൽ തണ്ടു മുറിച്ചുനട്ടാണ് ഇവ വളർത്തുന്നത്. വിത്തുപാകി കിളിർപ്പിച്ചും ഇവ വളർത്താറുണ്ട്. സൂര്യപ്രകാശം ഇവയ്ക്ക് അവിഭാജ്യഘടകമാണ്. പ്രത്യേകിച്ചു കീടങ്ങളൊന്നുംതന്നെ തഴുതാമയെ ആക്രമിക്കാറില്ല. എല്ലാ പ്രദേശങ്ങളിലും ഇവ നന്നായി വളർന്നു കാണുന്നു.

നടുന്ന അവസരത്തിൽ അടിവളമായി അല്പം ചാണകപ്പൊടികൂടി ചേർക്കാം. വളർന്നു വരുന്ന ഘട്ടത്തിൽ ചാണകപ്പൊടിക്കൊപ്പം കമ്പോസ്റ്റ്, ജൈവവളങ്ങൾ എന്നിവയും നൽകാം. പച്ചച്ചാണകം കലക്കിയൊഴിക്കുന്നത് വേഗം വളരാനും കൂടുതൽ ഇളംതലപ്പുകൾ ഉണ്ടാകാനും ഉപകരിക്കും. വേനൽക്കാലങ്ങളിൽ നന അത്യാവശ്യസംഗതിയാണ്. ആഴ്ചയിൽ ഒന്നുവീതം പഴകിയ കഞ്ഞിവെള്ളം ഇലകളിലും മറ്റും സ്പ്രേ ചെയ്തുകൊടുക്കുന്നതു കീടശല്യവും ഇലകളിലെ പുള്ളിയും മാറാൻ ഉപകരിക്കും. തഴുതാമ സമൂലം ഔഷധഗുണം ഉൾക്കൊള്ളുന്നതാണ്. തഴുതാമയുടെ ഇളംതലപ്പുകളോ മൂത്ത ഇലകളോ നുള്ളിയെടുത്ത് കറിവയ്ക്കാൻ ഉപയോഗിക്കാം. ഇലകൾ കഴിവതും തണ്ടിൽനിന്നു നുള്ളിയെടുക്കുന്നതാണ് ഉചിതം. തഴുതാമ തോരൻ വച്ച് ഉപയോഗിക്കുന്നതിനുപുറമേ, സാമ്പാർ, അവിയൽ, പരിപ്പുകറി തുടങ്ങിയ വിഭവങ്ങളിലും ഇതിന്റെ ഇല ചേർക്കുന്നു. മോരുകാച്ചുമ്പോഴും ചട്നി ഉണ്ടാക്കുമ്പോഴും അല്പം തഴുതാമയിലകൂടി അരച്ചുചേർക്കുന്നത് ഗുണവും രുചിയും വർദ്ധിക്കാൻ ഉപകരിക്കും.

നിരവധി ഔഷധാവശ്യങ്ങൾക്കായി ഇവ ഉപയോഗിച്ചുവരുന്നു. വൃക്ക, ഹൃദയം, ധമനികൾ, സ്വേദഗ്രന്ഥികൾ ഇവയുടെ പ്രവർത്തനത്തിനു തഴുതാമയുടെ ഉപയോഗം ഗുണം ചെയ്യും.

വാതരോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും ഉദരരോഗങ്ങൾക്കും ഫലപ്രദമാണ് തഴുതാമ. നിത്യവും ഇവ കറിവച്ച് ഉപയോഗിക്കുന്നത് ആരോഗ്യത്തിനു വളരെ നല്ലതാണ്.

പറിച്ചെടുത്ത ഇലകൾ നന്നായി കഴുകി ആ ദിവസംതന്നെ ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം. അടുത്ത ദിവസത്തേക്കു വയ്ക്കുന്നതും ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതും അത്ര നന്നല്ല. അതു തഴുതാമയുടെ ഗുണങ്ങൾ നഷ്ടപ്പെടാൻ കാരണമാകും.





# ദേവാങ്കണം

11-ാംപേജ് തുടർച്ച

ജ്ഞാനസ്നാനശേഷം ദേവസഹായം പത്മനാഭപുരത്തെത്തിയപ്പോൾ രാത്രി അതിന്റെ ആദ്യയാമങ്ങൾ പിന്നിട്ടിരുന്നു. ഭൂമിക്കു മീതെ ആകാശം നിലാവിന്റെ ആദ്യയാമങ്ങൾ പിന്നിട്ടിരുന്നു. ഭൂമിക്കു മീതെ ആകാശം നിലാവിന്റെ പാൽക്കച്ച വിതാനിച്ചു കിടന്നു. കുളിർമയോലുന്ന നിലാവ്. രാജമല്ലിത്തലോടൽപോലെ രാക്കാറ്റ്.

പത്മനാഭപുരം കോട്ടയിൽ ക്യാപ്റ്റൻ ഡിലനായി നീലകണ്ഠനെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. നീലകണ്ഠൻ വടക്കുംകുളത്തുനിന്നു തിരിച്ചെത്താൻ വൈകുന്നതിൽ ഡിലനായി അസ്വസ്ഥനായിരുന്നു. നീലകണ്ഠന്റെ കുതിര നിലാവിൽ കൺപെട്ടപ്പോഴാണ് അദ്ദേഹം ആശ്വാസംകൊണ്ടത്.

ദേവസഹായവും ഡിലനായിയെ കണ്ടു. നിലാവെട്ടത്തിൽ ഡിലനായിയുടെ രൂപം അകലെനിന്നേ ദേവസഹായം തിരിച്ചറിഞ്ഞു. അദ്ദേഹം തന്നെ കാത്തുനില്ക്കുകയാണ്.

ദേവസഹായം കുതിരയെ ഒരു മരത്തിൽ കെട്ടി. കോട്ടയ്ക്കു കാവൽനിന്നിരുന്ന ഭൃത്യനെ വിളിച്ച് കുതിരയ്ക്കു തീറ്റികൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ട് ക്യാപ്റ്റന്റെ സമീപത്തേക്കു ചെന്നു.

"പ്രിയമിത്രമേ, നീലകണ്ഠാ, എന്തേ ഇത്ര വൈകി?"

"ഞാനിപ്പോൾ നീലകണ്ഠനല്ല കപ്പിത്താൻ. ദേവസഹായംപിള്ളയാണ്."

അത്രയും മതിയായിരുന്ന ക്യാപ്റ്റൻ ഡിലനായിക്ക്. അദ്ദേഹത്തിന് എല്ലാം മനസ്സിലായി. നീലകണ്ഠൻ സ്നാനപ്പെട്ട് ദേവസഹായംപിള്ള എന്ന സ്നാനനാമം സ്വീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ ഉദ്യാനത്തിൽ ഒരു പനിനീർച്ചെടികൂടി പുഷ്പിച്ചിരുന്നു.

ക്യാപ്റ്റൻ ഡിലനായ ആകാശത്തേക്കു കണ്ണുകളുയർത്തി. നെഞ്ചിൽ കുരിശു വരച്ചു. ദൈവമേ, നിന്റെ മഹത്ത്വത്തിനു നന്ദി. എല്ലാറ്റിനും യോഗ്യനായവൻ നീ മാത്രമാണ്. മറ്റെല്ലാം കേവലം നിഴൽ മാത്രം. കേവലം സ്വപ്നംപോലെയും മഞ്ഞുപോലെയും മാഞ്ഞുപോകുന്ന നിഴൽച്ചിത്രങ്ങൾ മാത്രം.

അന്നു രാത്രി ഒറ്റയ്ക്കു കഴിയണമെന്ന് ദേവസഹായം ആഗ്രഹിച്ചു. രാത്രി മുഴുവൻ ഏകനായിരുന്നു പ്രാർത്ഥിക്കാൻ ദേവസഹായം ഇഷ്ടപ്പെട്ടു. നിശ്ശബ്ദവും ഏകാഗ്രവുമായ പ്രാർത്ഥന പിത്തളകൊണ്ടു പണിത മാർച്ചട്ടപോലെയാണെന്ന് ദേവസഹായം അറിഞ്ഞിരുന്നു. വടക്കുംകുളം ദൈവാലയത്തിന്റെ പള്ളിമേടയിൽ ഒരു ക്രൂശിതരൂപത്തിന് ഇരുവശത്തുമായി കൊളുത്തിവച്ച മെഴുകുവിളക്കുകളുടെ അരണ്ടവെളിച്ചത്തിൽ പരംജ്യോതിനാഥസ്വാമികളുടെ മൗനപ്രാർത്ഥന ദേവസഹായം കണ്ടതാണ്.

പക്ഷേ, ക്യാപ്റ്റൻ ഡിലനായി ദേവസഹായത്തെ ഒറ്റയ്ക്കു വിടാൻ സമ്മതിച്ചില്ല.

"ജ്ഞാനസ്നാനത്താൽ നിത്യസ്വർഗ്ഗത്തിന് അവകാശിയായിത്തീർന്ന എന്റെ പ്രിയമിത്രമേ, താങ്കൾ ഇന്നു രാത്രി എന്റെ ബഹുമാന്യനായ അതിഥിയാണ്. മാളികയിൽ മാർഗരറ്റും ജോഹന്നാസും താങ്കളെ കാത്തിരിക്കുകയാണ്."

ക്യാപ്റ്റൻ ഡിലനായിയുടെ ക്ഷണം ദേവസഹായത്തിനു നിരസിക്കാനായില്ല. എന്തെന്നാൽ, അത്രയ്ക്കുണ്ടായിരുന്നു ദേവസഹായത്തിന് ഡിലനായിയോടുള്ള വിധേയത്വം.

അവർ നിലാവു പകുത്ത് ഉദയഗിരിയിലേക്ക്, ക്യാപ്റ്റൻ ഡിലനായിയുടെ മാളിക ലക്ഷ്യമാക്കി തങ്ങളുടെ കുതിരകളെ തെളിച്ചു. *(തുടരും)*



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

**ഗാ**നശില്പികളെ വലിയ കലാകാരന്മാരായി നാം അംഗീകരിക്കുകയും മാനിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാലിന്ന് സ്ഥിതി നേരേ മറിച്ചാണ്. ആരൊക്കെ പാട്ടെഴുതുന്നുവെന്നോ സംഗീതസംവിധാനം നിർവഹിക്കുന്നുവെന്നോ പാടുന്നുവെന്നോ അറിയാൻ ആർക്കും താത്പര്യമില്ല. അതിനു കാരണം അവരിൽനിന്നു പേട്ടുപാട്ടുകളേ പിറവിയെടുക്കുന്നുള്ളൂ എന്ന നമ്മുടെ അനുഭവമാണ്. അങ്ങനെയല്ലാതെ അദ്ഭുതം സൃഷ്ടിക്കാൻ അവർക്കു കഴിയുന്നില്ല. ഗാനരചനയും സംഗീതവും ആലാപനവും ചിത്രീകരണവും ഒന്നിനൊന്നു വികലമാകുമ്പോൾ പുതിയ പാട്ടുകൾക്കുവേണ്ടി ആരു കാതോർക്കാൻ?

ഇതാ 'ഗോഡ് ബ്ലസ് യു' എന്ന ചിത്രത്തിലെ ഈ ഗാനം ശ്രദ്ധിക്കുക.

# പൊരുത്തക്കേടുകളുടെ ഘോഷയാത്ര

"നീറുമെൻ കൂട്ടിലെ ഈണമായ് വന്നു നീ
ഈ നിലാസന്ധ്യയിൽ രാവിതൾപോലവേ
നീയെന്റെ ജീവന്റെ നീഹാരമായ്
അറിയാതെ അകതാരിലൊരു പൂങ്കിനാവായ്
മധുമഴയോ മലർവനിയോ മായുന്നു ദൂരെ
അതിലുരുകും കനവുകളിൽ ഏകാകിയായി
അകലുകയോ നീ തെന്നലേ"

(ഗാനരചന - സന്തോഷ് കോടനാട്; സംഗീതം - സുഭാഷ് കൃഷ്ണൻ; ആലാപനം - വിജയ് യേശുദാസ്, ശ്രീപാർവതി)

നീറുക എന്ന അകർമകക്രിയയ്ക്ക് കാന്തുക (എരിവോ ചൂടോകൊണ്ടു നീറ്റലുളവാകൽ), എരിയുക, സങ്കടപ്പെടുക എന്നൊക്കെയാണു പ്രധാനപ്പെട്ട അർത്ഥകല്പനകൾ. ഇവിടെ തന്റെ കൂട് നീറുകയാണെന്നു പറഞ്ഞിരിക്കുന്നു പാട്ടെഴുത്തുകാരൻ. എന്നാൽ, ആ കൂട് ഏതാണെന്നു വ്യക്തമാക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. മുമ്പു പല ഗാനരചയിതാക്കളും മനസ്സിനെ കൂടായി സങ്കല്പിച്ച് എഴുതിയിട്ടുള്ളത് നാം കേട്ടിട്ടുണ്ട്. ഈ ചിത്രത്തിലെ നായകന്റെ കൂട്ടിൽ നായിക ഈണമായി വന്നത്രേ. അതു നിലാസന്ധ്യയിൽ രാവിതൾപോലെയാണെന്നു പറഞ്ഞ് ഗാനത്തിൽ കവിത വരുത്താൻ (?) ശ്രമിച്ചിരിക്കുകയാണു രചയിതാവ്. നിലാസന്ധ്യയ്ക്കു നിലാവുള്ള സന്ധ്യ എന്നേ അർത്ഥം പറയാനാവൂ. സന്ധ്യയ്ക്കു ചന്ദ്രനുദിക്കാറുണ്ടെങ്കിലും നിലാവു തെളിഞ്ഞുകാണണമെങ്കിൽ രാത്രിയായി ഇരുട്ടു പരക്കണം. നിലാസന്ധ്യയും രാവിതളും പോലെയുള്ള പ്രതീകങ്ങൾ അനൗചിത്യത്തിന്റെ സന്തതികളാണെന്നു തൂലികയുന്തുന്ന ആൾക്ക് അറിയില്ലെന്നു വരുന്നതു കഷ്ടമാണ്.

അവൾ തന്റെ ജീവൻ നീഹാരമായി എന്നതാണ് അടുത്ത പ്രസ്താവം. നീഹാരത്തിനു മഞ്ഞ് എന്നാണ് അർത്ഥമെന്ന് അറിഞ്ഞുകൊണ്ടാണോ രചയിതാവ് ഇവിടെ പ്രയോഗിച്ചതെന്ന് നമുക്കു നിശ്ചയം പോരാ. മറ്റു വരികളുമായി അത്ര യോജിപ്പില്ലെങ്കിലും അറിയാതെ അവൾ പൂങ്കിനാവായത് നമുക്കു മനസ്സിലാക്കാൻ പ്രയാസമില്ല. പക്ഷേ, മധുമഴയോ മലർവനിയോ മായുന്നു ദൂരെ എന്നു പാടുന്നതിന്റെ പ്രസക്തി എത്ര ചിന്തിച്ചിട്ടും പിടികിട്ടാതെ പോകുന്നു. കാമുകീകാമുകഗമനമുണ്ടാവുമ്പോൾ മധുമഴയായാലും മലർവനിയായാലും അനുകൂലഘടകങ്ങളായി വർത്തിക്കേണ്ടതല്ലേ? അവയെ പാട്ടെഴുത്തുകാരൻ നിഷ്കരുണം മായ്ക്കുന്നതിന്റെ പൊരുൾ എന്താണാവോ?

പല്ലവിയുടെ ഒടുവിലത്തെ ഈരടി ശ്രദ്ധിച്ചോ? ഒരു ബന്ധവുമില്ലാത്ത രണ്ടു വരികൾ. അപ്പോൾ ആസ്വാദകരിൽ ന്യായമായും ഒരു സംശയം തോന്നാം. നീറുമെൻകൂട്ടിലെ ഈണമായി വന്നത് നായികയോ തെന്നലോ? തെന്നലാണെങ്കിൽ 'ഈ നിലാസന്ധ്യയിൽ രാവിതൾ പോലവേ' എന്ന വരിയെ ഏതുമായി കൂട്ടിയിണക്കും? കണ്ടില്ലേ പൊരുത്തക്കേടുകളുടെ ഘോഷയാത്ര. മനസ്സിനെ സ്പർശിക്കാത്ത ഈണം കൂടിയായപ്പോൾ ഗാനം അരോചകമായി. അതുകൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത് പുതിയ ഗാനങ്ങൾ ആർക്കും വേണ്ടാത്ത വകയ്ക്കു കൊള്ളാത്തവയായി മാറിയെന്ന്. എന്തുമാത്രം പണമാണു ഗാനത്തിന്റെ പേരിൽ പാഴാക്കിക്കളയുന്നത് എന്നോർക്കുമ്പോൾ സങ്കടം തോന്നുന്നു. ■


# കുടുംബവും രോഗാവസ്ഥകളും






ജസ്റ്റിൻ തോമസ്

**ആ**രോഗ്യമുള്ള മനുഷ്യർ കൂടിച്ചേരുന്ന ആരോഗ്യമുള്ള കുടുംബം പടുത്തുയർത്തുകയെന്നതാണ് നമ്മുടെയൊക്കെ ലക്ഷ്യവും കടമയും. രോഗാവസ്ഥയിലുള്ള വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങൾ, വ്യക്തിബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ട ഇടങ്ങളാണുതാനും. അതുകൊണ്ടുതന്നെ, കുടുംബാംഗങ്ങളുടെ രോഗാവസ്ഥകൾ ഉയർന്ന മൂല്യബോധത്തിൽ മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുക്കാൻ കാരണമാകുന്നതായും കണ്ടിട്ടുണ്ട്. ഇത്തരം രോഗാവസ്ഥകൾ വേദനയ്ക്കപ്പുറം നന്മയുടേതായ മറ്റു പലതും കുടുംബാംഗങ്ങൾക്കു സമ്മാനിക്കുന്നുവെന്നതു ക്രിയാത്മകമായി ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാകും.



**ശാരീരിക - മാനസിക രോഗങ്ങൾ**

ശരീരത്തെയും മനസ്സിനെയും ബാധിക്കുന്ന രോഗങ്ങൾ മനുഷ്യരാശിയുടെ ആരംഭം മുതൽ ഉണ്ടായിരുന്നു. ഇത്തരം രോഗങ്ങളെ താഴെപ്പറയും വിധം തരംതിരിക്കാം:

സാധാരണ ഉണ്ടാകുതും ചികിത്സ ആവശ്യമില്ലാത്തതുമായവ, സാധാരണ ഉണ്ടാകുന്നതും ചികിത്സ ആവശ്യമായതുമായവ, അസാധാരണമായി ഉണ്ടാകുന്നതും ചികിത്സിച്ചു മാറ്റാവുന്നതുമായവ, അസാധാരണമായി ഉണ്ടാകുന്നതും ചികിത്സ ഇല്ലാത്തതോ ചികിത്സ ഫലിക്കാത്തതോ ആയവ.

ഇതിൽ അസാധാരണമായി ഉണ്ടാകുന്നതും ചികിത്സ ഇല്ലാത്തതോ ചികിത്സ ഫലിക്കാത്തതോ ആയതുമായ രോഗങ്ങൾ ഒരു കുടുംബത്തിന്റെ അടിത്തറ ഇളക്കാനും കുടുംബാംഗങ്ങളെ തീരാദുഃഖത്തിലേക്കു തള്ളിയിടാനും കാരണമാകാം. ഇത്തരത്തിലുള്ള രോഗാവസ്ഥകൾ മൂന്നു രീതിയിൽ തരംതിരിക്കാം:

1. പെട്ടെന്നുള്ള കാരണങ്ങളാൽ സംജാതമാകുന്നവ 2. ദീർഘകാലമായവ 3. അറിയപ്പെടാതെ പെട്ടെന്നു പ്രത്യക്ഷപ്പെടുന്നവ.

ഇവയിൽ ആദ്യത്തേതും മൂന്നാമത്തേതുമായ പ്രശ്നങ്ങളോടു പൊരുത്തപ്പെടാൻ വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും വളരെ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടും. ഈ അവസ്ഥയിൽ സാധാരണ സംഭവിക്കുന്ന കുടുംബാംഗങ്ങളുടെ മാനസികാവസ്ഥ ചുവടെ ചേർക്കുന്നു:

നിരാകരിക്കൽ, എതിർപ്പ്, പഴിചാരൽ, മനസ്സിലാക്കൽ, സ്വീകരിക്കൽ.

മുകളിൽ സൂചിപ്പിച്ച അഞ്ച് അവസ്ഥകളിലൂടെയും രോഗാവസ്ഥയിലുള്ള വ്യക്തിയും കുടുംബാംഗങ്ങളും കടന്നുപോകാം. ഈ സമയത്ത് ശരിയായ സാമീപ്യവും ആശ്രയവും നല്കാൻ ചുറ്റുമുള്ളവർക്കു കഴിഞ്ഞാൽ രോഗാവസ്ഥ എത്ര സങ്കീർണമാണെങ്കിലും അതിനെ മറികടക്കാൻ രോഗിക്കും ഒപ്പം കുടുംബാംഗങ്ങൾക്കും കഴിയും.


രോഗാവസ്ഥയെ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു കുടുംബം സാമ്പത്തികമായി ഉയർന്ന നിലയിലാണെങ്കിലും അല്ലെങ്കിലും ചുറ്റുമുള്ളവരുടെ അനുകമ്പ അർഹിക്കുന്നു. കുടുംബാംഗങ്ങളുടെ രോഗാവസ്ഥയിൽ മറ്റുള്ളവരുടെ സഹായം സ്വീകരിക്കുന്നതിൽ തെറ്റില്ലായെന്നും സഹായിക്കുക എന്നതു ചുറ്റുമുള്ളവരുടെ കടമയാണെന്നും നാം തിരിച്ചറിയണം. രോഗാവസ്ഥയിലുള്ളവരെ ശുശ്രൂഷിക്കുമ്പോൾ ആൾ, അർത്ഥം എന്നീ രണ്ട് അവശ്യഘടകങ്ങൾ കൂടിയേ തീരൂ. ഈ രണ്ടു കാര്യങ്ങളും ഇല്ലാത്തതിന്റെ പേരിൽ ഒരു കുടുംബവും നരകിക്കരുത്.

**മാനസികരോഗാവസ്ഥയും പൊതുവായ കാഴ്ചപ്പാടും**

ഇന്ത്യയിലെന്നല്ല, ലോകത്തെമ്പാടും മാനസികരോഗങ്ങളെ വെറുപ്പോടെ കണ്ടിരുന്ന കാലം അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. ശരീരരോഗം പോലെതന്നെ നാം അനുകമ്പയോടെ കാണേണ്ട ഒന്നാണ് മാനസികരോഗങ്ങളും എന്ന വസ്തുത ഇന്ന് എല്ലാവരും അംഗീകരിച്ചുകഴിഞ്ഞു. എന്നിരുന്നാലും, മനുഷ്യന്റെ സ്വഭാവ,പെരുമാറ്റ വൈകല്യങ്ങളെ രോഗാവസ്ഥയായിക്കണ്ടു പ്രതികരിക്കാൻ നാം ഇനിയും വളരേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ, സങ്കീർണമായ രോഗങ്ങൾ, അതു ശാരീരികമോ മാനസികമോ ആവട്ടെ, ഒരു കുടുംബത്തെ പിടിച്ചുലയ്ക്കാം. ഇതു കുടുംബാംഗങ്ങളുടെ ആരോഗ്യത്തെയും സാരമായി ബാധിക്കാം. സമൂഹജീവികളായ നാം ഇത്തരക്കാർക്ക് അത്താണിയായി മാറണം. അതു നമ്മുടെ കടമയും മൂല്യബോധത്തിന്റെ പ്രകടനവുമാണ്. ഇത്തരം സഹായങ്ങൾ ആവശ്യപ്പെടാതെതന്നെ നാം കണ്ടറിഞ്ഞു ചെയ്താൽ അതിലും മഹത്തരമായി മറ്റൊന്നുമുണ്ടാവില്ല. ■

# അവാർഡുതിളക്കത്തിൽ മലയാളസിനിമ





ആൻസി സാജൻ

2021 ലെ സംസ്ഥാനസിനിമാ അവാർഡുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു. രേവതിയാണ് മികച്ച നടി. 'ഭൂതകാലം' എന്ന ചിത്രത്തിലെ കേന്ദ്ര കഥാപാത്രമാണ് രേവതിക്ക് അവാർഡ് നേടിക്കൊടുത്തത്. ബിജു മേനോനും ജോജു ജോർജും പങ്കിട്ടെടുത്തു മികച്ച നടനുള്ള അംഗീകാരം. 'ആർക്കറിയാം' എന്ന സിനിമയിലെ വൃദ്ധപിതാവിന്റെ വേഷം ബിജുവിനെ അവാർഡിനർഹനാക്കിയപ്പോൾ, നായാട്ട്, മധുരം തുറമുഖം, ഫ്രീഡം ഫൈറ്റ് എന്നീ നാലു ചിത്രങ്ങളിലെ അഭിനയത്തികവാണ് ജോജുവിനെ മികച്ച നടനാക്കിയത്.

വിസ്മയകരമായ ദൃശ്യാനുഭവമായ 'ആവാസവ്യൂഹ'മാണ് 2021 ലെ മികച്ച ചിത്രം. സംവിധാനം ആർ.കെ. കൃഷാന്ദ്. തിരക്കഥയ്ക്കുള്ള അവാർഡും കൃഷാന്ദിനാണ്.

'ജോജി' എന്ന ചിത്രമൊരുക്കിയ ദിലീഷ് പോത്തനാണ് മികച്ച സംവിധായകപ്രതിഭ. മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള അവാർഡ് സജാസ് റഹ്മാനും ഷിനോസ് റഹ്മാനും ചേർന്നു സംവിധാനം ചെയ്ത 'ചവിട്ട്', താര രാമാനുജന്റെ 'നിഷിദ്ധോ' എന്നിവ പങ്കുവെച്ചു.

ജോജി, മിന്നൽ മുരളി എന്നീ ചിത്രങ്ങൾ നാലും ചുരുളി, ചവിട്ട്, നായാട്ട് എന്നിവ മൂന്നും അവാർഡുകൾ വീതം നേടി.

ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രമായി വിനീത് ശ്രീനിവാസൻ സംവിധാനം ചെയ്ത 'ഹൃദയം' തിരഞ്ഞെടുക്കപ്പെട്ടു.

'കള' എന്ന ചിത്രത്തിലൂടെ സുമേഷ് മൂർ മികച്ച സ്വഭാവനടനും ജോജിയിലെ വേറിട്ട പ്രകടനത്തിലൂടെ ഉണ്ണിമായ പ്രസാദ് നടിയുമായി. ഉണ്ണിമായയുടെ ഭർത്താവും തിരക്കഥാകൃത്തുമായ ശ്യാം പുഷ്കരനു തിരക്കഥയ്ക്കുള്ള (അഡോപ്റ്റേഷൻ) അവാർഡും ലഭിച്ചു.

ഹിഷാം അബ്ദുൾ വഹാബാണ് മികച്ച സംഗീതസംവിധായകൻ (ഹൃദയം). മിന്നൽ മുരളിയിലെ രാവിൽ മയങ്ങുമീ പൂമടിയിൽ... എന്ന ഗാനം ആലപിച്ച പ്രദീപ്കുമാർ ആണ് മികച്ച ഗായകൻ. കാണെക്കാണെ എന്ന ചിത്രത്തിലെ 'പാൽനിലാവിൻ പൊയ്കയിൽ' എന്നു തുടങ്ങുന്ന പാട്ടിലൂടെ സിത്താര കൃഷ്ണകുമാർ മികച്ച ഗായികയുമായി.

സംസ്ഥാന ചലച്ചിത്ര അവാർഡിന്റെ കാര്യം മൊത്തമായൊന്നു നോക്കിയാൽ സൂപ്പർസ്റ്റാർ പരിവേഷങ്ങൾക്ക് അവാർഡിന്റെ പരിസരങ്ങളിലൊന്നും എത്താനായില്ല എന്നതു ശ്രദ്ധേയമായി. എന്നാൽ, പ്രതിഭകളെ കണ്ടെടുത്ത് അംഗീകാരം നൽകുന്നതിൽ ജൂറി വിജയിച്ചു എന്നു പറയാം. ടീം വർക്കിന്റെ വിജയകാലമാണ് സിനിമയിലിപ്പോൾ. കോടികൾ വാരിയെറിഞ്ഞ് അമ്പരപ്പിക്കുന്നതിനെക്കാൾ യാഥാർത്ഥ്യങ്ങളുടെ നേർച്ചിത്രീകരണമാണിപ്പോൾ സിനിമയിലുള്ളത്. പുത്തൻതലമുറയുടെ ഇഷ്ടവും പിന്തുണയും അത്തരം ചിത്രങ്ങൾക്കാണെന്നതു ചൂണ്ടിക്കാട്ടാതെ വയ്യ. പ്രമേയവും ബുദ്ധിപരമായ ചിത്രീകരണവൈഭവവും തികഞ്ഞ ചെറുസിനിമകൾ പോലും വ്യാപകമായ പ്രേക്ഷകശ്രദ്ധ നേടുന്നതും ഇതുകൊണ്ടാണ്.

2021 ൽ ശ്രദ്ധേയമായ ധാരാളം ചിത്രങ്ങൾ പുറത്തുവന്നു. കെട്ടിയൊരുങ്ങലും അവിശ്വസനീയമായ പെരുമാറ്റങ്ങളും പുറന്തള്ളി യഥാർത്ഥ ജീവിത പെരുമാറ്റങ്ങളിലൂടെയാണ് സിനിമയിപ്പോൾ നീങ്ങുന്നത്. കാലാനുസൃതമാണിത്.

ഭൂതകാലചിത്രങ്ങൾ വച്ചുനോക്കിയാലും ബഹുമുഖമായ കഴിവുകൾ ശ്രദ്ധിച്ചാലും രേവതി ഒന്നാം സ്ഥാനക്കാരിതന്നെ. ഇടവേളകൾ കടന്നുവന്ന് അഭിനയത്തികവോടെ അർഹതയുടെ മികച്ചനടിപ്പട്ടം നേടുകയായിരുന്നു രേവതി. കാലം ഇനിയും എന്തൊക്കെയോ കാത്തുവയ്ക്കുന്നുണ്ടാവും രേവതിക്കു സിനിമയിൽ. നിമിഷ സജയൻ, പൂർണിമ ഇന്ദ്രജിത്ത്, കനി കുസൃതി എന്നിവർ രേവതിയുമായുള്ള മത്സരത്തിൽ ഒടുവിലത്തെ റൗണ്ടുവരെ എത്തിയിരുന്നു.

മികച്ച നടനുവേണ്ടിയുള്ള ഓട്ടത്തിൽ ഫഹദ് ഫാസിലിനെയും കുഞ്ചാക്കോ ബോബനെയും മറികടന്ന് ബിജു മേനോനും ജോജു ജോർജും ഒന്നിച്ച് ഫിനിഷിങ്ലൈൻ കടക്കുകയായിരുന്നു.

വിജയ് ബാബു നിർമിച്ച 'ഹോം' പ്രേക്ഷകപ്രതീക്ഷയുടെ പുരപ്പുറങ്ങളേറിയെങ്കിലും ഒരിടത്തും പരിഗണിക്കപ്പെട്ടില്ല. ഇന്ദ്രൻസും മഞ്ജുപിള്ളയും പോലും പ്രതീക്ഷയർപ്പിച്ചിരുന്നെങ്കിലും ഒന്നും സംഭവിച്ചില്ല. ഹോം അവാർഡുപടികൾ കടക്കാത്തതിന് സോഷ്യൽ മീഡിയയിൽ പരിഭവങ്ങളും ആരോപണങ്ങളുമായി ആരാധകരെത്തിയിരുന്നു. ഇന്ദ്രൻസും പ്രതികരണവുമായി വന്നു. എന്നാൽ, മികച്ചവരായി വന്നവർ മികവുറ്റ പ്രകടനം നടത്തിയവർതന്നെ എന്നു നിസ്സംശയം പറയാം.

ഷേക്സ്പിയറിന്റെ മാക്ബത്തിനെ അവലംബിച്ച് ഒരുക്കിയ ഗംഭീരചിത്രം 'ജോജി'യിലൂടെ മികച്ച സംവിധായകനുള്ള പുരസ്കാരം നേടിയ ദിലീഷ് പോത്തനു വെല്ലുവിളിയുയർത്താൻ ആരുമുണ്ടായില്ല എന്നതു ശ്രദ്ധേയം. സംവിധായകന്റെ ചിത്രം എന്നാണ് ജൂറി ജോജിയെ വിലയിരുത്തിയത്.

ആകെ 142 സിനിമകളാണ് മത്സരത്തിനെത്തിയത്. അന്തിമനിർണ്ണയത്തിന് 31 എണ്ണവും. നവാഗതസംവിധായകർ 65 പേരാണ് മാറ്റുരയ്ക്കാനെത്തിയത്. വനിതാസംവിധായകർ ആറു പേരുണ്ടായിരുന്നു എന്നതും ശ്രദ്ധേയം.


ഉണ്ണിമായയും ഭർത്താവ് ശ്യാം പുഷ്കരനും സമ്മാനിതരായത് കൗതുകമായി. വീട്ടിൽനിന്ന് ഒരുമിച്ചുവന്ന് അവാർഡ് വാങ്ങാം രണ്ടുപേർക്കും.

അവാർഡ് വിവരം വരുമ്പോൾ ബിജു മേനോനും ദിലീഷ് പോത്തനും ശ്യാം പുഷ്കരനും ഉണ്ണിമായയും ഗോകുൽ ദാസും മികച്ച ജനപ്രിയ ചിത്രമായ 'ഹൃദയ'ത്തിന്റെ സംവിധായകൻ വിനീത് ശ്രീനിവാസനും ഒന്നിച്ച് മാധ്യമങ്ങൾക്കു മുന്നിലെത്തി.

വരുംകാല മലയാളസിനിമയുടെ വിശാലതയിലേക്കു കൈചൂണ്ടുന്ന ഒരു പ്രതീകമല്ലേ ഇത്?

നിറയട്ടെ യഥാർത്ഥ പ്രതിഭയും ഭാവനയും...

കാണാൻ കഴിയട്ടെ ഒരുപാട് നല്ല ചിത്രങ്ങൾ ...! ■



**ബിജു മേനോൻ**
മികച്ച നടൻ



**ജോജു ജോർജ്**
മികച്ച നടൻ



**രേവതി**
മികച്ച നടി



**ദിലീഷ് പോത്തൻ**
മികച്ച സംവിധായകൻ

## പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന് 10 റാങ്കുകൾ

പാലാ: ഈ വർഷത്തെ സിവിൽ സർവീസ് പരീക്ഷയിൽ 21, 57, 66 റാങ്കുകൾ ഉൾപ്പെടെ 10 പേരെ റാങ്കുപട്ടികയിലെത്തിച്ച് പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഉന്നതവിജയം നേടി. ദിലീപ് കെ. കൈനിക്കര (21), ആൽഫ്രഡ് ഒ. വി. (57), അഖിൽ വി. മേനോൻ (66), റോജാ എസ്. രാജൻ (108), അർജുൻ ഉണ്ണികൃഷ്ണൻ (145), ശ്രീകുമാർ രവീന്ദ്രകുമാർ (192), ഹൃദ്യാ എസ്. വിജയൻ (317), ജോൺ ജോർജ് ഡി കോത്ത് (428), അഞ്ജലി ഭാവന (463), റോഹിൻ രാജ് ആർ. (674)എന്നിവരാണ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ജയിച്ചത്. ഫുൾ ടൈം കോച്ചിങ്, ആഡോൺ കോഴ്സ്, വൺ ടു വൺ കോച്ചിങ്, മലയാളം കോച്ചിങ് എന്നിങ്ങനെയുള്ള പരിശീലനപരിപാടികളിലാണ് ഈ ഉദ്യോഗാർത്ഥികൾ പങ്കെടുത്തിട്ടുള്ളത്.

1998 ൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ടിന് നാളിതുവരെ 338 പേരെ സിവിൽ സർവീസിൽ എത്തിക്കാനായി. അദ്ധ്യാപനമികവും ചിട്ടയോടെയുള്ള പരിശീലനപദ്ധതികളുമാണ് തിളക്കമാർന്ന വിജയം നേടാൻ ഇൻസ്റ്റിറ്റ്യൂട്ടിനെ സഹായിച്ചതെന്ന് മാനേജർ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, പ്രിൻസിപ്പൽ ഡോ. വി. വി. ജോർജ്ജുകുട്ടി എന്നിവർ പറഞ്ഞു.

Deepanalam Weekly

RNI No : 16998/68
Vol. 55 No. 14 Date of Publication 2 June 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

50 വർഷത്തെ ചികിത്സാപാരമ്പര്യം

# ശ്രീകൃഷ്ണ ആയുർവ്വേദകേന്ദ്രം

സുവർണ്ണ ജൂബിലി നിറവിൽ

ഐങ്കൊമ്പ് – 686 653
ഫോൺ: 04822 – 246446, 9349507287

## മദ്ധ്യകേരളത്തിലെ പ്രമുഖ ആയുർവ്വേദ ആശുപത്രി

ചങ്ങനാശ്ശേരി ഒ.പി.
വള്ളിക്കാവ് ജംഗ്ഷൻ, പെരുന്ന, ഫോൺ: 04812–402716




എല്ലാവിധ രോഗങ്ങൾക്കും ഒ.പി. & ഐ.പി. വിഭാഗങ്ങൾ

### ചികിത്സാവിഭാഗങ്ങൾ

* കായരോഗവിഭാഗം (General Medicine)
* പഞ്ചകർമ്മചികിത്സ
* ആയുർവ്വേദിക് ഡയബറ്റിക് ക്ലിനിക്
* തിരുമ്മുചികിത്സ
* യോഗ–പ്രകൃതി ചികിത്സ
* സന്ധിവാത ചികിത്സ
* അമിതവണ്ണത്തിനുള്ള ചികിത്സ
* വന്ധ്യതാ ചികിത്സ
* ബാലചികിത്സ (Paediatrics)

ചീഫ് ഫിസിഷ്യൻ:
ഡോ. എൻ.കെ.മഹാദേവൻ D.A.M.
അസിസ്റ്റന്റ് ഫിസിഷ്യൻസ്:
ഡോ. കെ.എം. കൃഷ്ണപ്രിയ B.H.M.S.
ഡോ. കെ.എം.കൃഷ്ണപ്രീത B.A.M.S, P.G.D.Y.
ഡോ. ശ്രീദേവി B.A.M.S.

### അസ്ഥിതേയ്മാനത്തിന് (OSTEOPOROSIS)

പ്രത്യേകചികിത്സ ആരംഭിച്ചിരിക്കുന്നു

കാൽമുട്ടുവേദന, വീക്കം, നടുവേദന, ഡിസ്ക് തള്ളൽ, പിടലിവേദന, ഉരത്തിനു വേദന, മരപ്പ് എന്നിവയൊക്കെ അസ്ഥിതേയ്മാനത്തിന്റെ ലക്ഷണമാകാം. അതിനുള്ള പ്രത്യേക കിഴികൾ, ഉപനാഹം, ബന്ധനം, ലേപനം, ധാര, തൈലസേവ, സൂപ്പു ചേർത്ത ഔഷധങ്ങൾ, ഔഷധഘൃതം എന്നിവ ഫലപ്രദമായി ചെയ്തുവരുന്നു.

### ഞങ്ങളുടെ പ്രത്യേകതകൾ

- പ്രകൃതിരമണീയമായ ഗ്രാമീണാന്തരീക്ഷം
- ചികിത്സയ്ക്കുള്ള ഔഷധങ്ങൾ ആശുപത്രിയിൽത്തന്നെ നിർമ്മിക്കുന്നു
- 44-ൽ പരം വർഷത്തെ പരിചയമുള്ള സ്ത്രീ-പുരുഷ പഞ്ചകർമ്മ ടെക്നീഷ്യൻസ്

കാന്റീൻ സൗകര്യം

ആയുർവ്വേദത്തിന്റെ മൂല്യം കാത്തുസൂക്ഷിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org